# ഈശോയുടെ
# കളിപ്പാട്ടങ്ങൾ

ഡബ്ല്യൂ. ജെ. തറയിൽ

## ധ്യാനാത്മക ചിന്തകൾ

ധർമ്മാരാം പബ്ലിക്കേഷൻസ്
നമ്പർ: 524

# ഈശോയുടെ
# കളിപ്പാട്ടങ്ങൾ

ഡബ്ല്യൂ. ജെ. തറയിൽ

## ധ്യാനാത്മക ചിന്തകൾ

പ്രേഷിത കമ്മ്യൂണിക്കേഷൻസ്
ലിറ്റിൽ ഫ്ളവർ മിഷൻ സെന്റർ
ഭാരതിയാർ യൂണിവേഴ്സിറ്റി പി.ഒ.
കോയമ്പത്തൂർ - 641 046

&

ധർമ്മാരാം പബ്ലിക്കേഷൻസ്
ബെംഗളൂരു - 560 029

**ഈശോയുടെ കളിപ്പാട്ടങ്ങൾ**
*(ധ്യാനാത്മക ചിന്തകൾ)*

**ISHOYUDE KALIPPATTANGAL**
(Dhyanathmaka Chinthakal)

W. J. Tharayil

Fist Published: 2022
Preshitha Communications, Coimbatore

Cover: David, Smriti, Thrissur

Layout & Printing: Viani Printings, Kochi

ISBN: 978-93-92996-18-4

Price: Rs. 100/-

**Preshitha Communications**
Little Flower Mission Centre
Bharathiar University P.O.
Coimbatore, Tamilnadu 641046

&

**Dharmaram Publications**
Bengaluru, India 560 029

# ഉള്ളടക്കം


അവതാരിക (മാർ ജേക്കബ് തൂങ്കുഴി) 7

എന്താണ് ഈ പുസ്തകം? 11

ഏവർക്കും നന്ദി 17

ദാരിദ്ര്യത്തെ പ്രണയിച്ചവൻ 19

'ഈശ്വരലയനം' ദാരിദ്ര്യത്തിന്റെ അന്തസത്ത 22

ദാരിദ്ര്യത്തെക്കുറിച്ചുള്ള ഡൺസ്റ്റണച്ചന്റെ ചിന്താധാരകൾ 26

സത്യവും നീതിയും 28

കുടുംബം വിശുദ്ധിയുടെ ഉറവിടം 30

ആത്മരക്ഷയുടെ പ്രാധാന്യം 32

വചസ്സുകൾ 1–57 (വ്യാഖ്യാനവും സ്വയാവലോകനവും) 37

സമാപനം 197



## അവതാരിക

പുണ്യശ്ലോകനായ പത്താം പീയൂസ് മാർപ്പാപ്പ വി. കൊച്ചുത്രേസ്യായെ ആധുനിക ലോകത്തിന്റെ വിശുദ്ധ യെന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. ക്രൈസ്തവലോകത്തെ ഏറ്റവും കൂടുതൽ സ്വാധീനിച്ചിട്ടുള്ള ഒരു പുസ്തകമാണ് ആ വിശുദ്ധയുടെ ആത്മകഥ: 'നവമാലിക.' 1873-ൽ ജനിച്ച് 24 വർഷം ജീവിച്ച് സ്വർഗ്ഗത്തിലേക്ക് പറന്നുപോയ ഒരു ചിത്രശലഭത്തിന്റെ ആത്മകഥയാണിത്.

1920-ൽ ജനിച്ച് 2006-ൽ മരിച്ച ഒരു വിശുദ്ധ വൈദിക നാണ് ഫാ. ഡൺസ്റ്റൺ സി.എം.ഐ. പാവറട്ടി ഇടവക യിൽ പുതുമനശ്ശേരിയിൽ ഒലക്കേങ്കിൽ ആനട്ടി കുടും ബത്തിൽ പൗലോസ് മറിയം ദമ്പതിമാരുടെ ആറ് മക്ക ളിൽ നാലാമനായി ഡൺസ്റ്റണച്ചൻ ജനിച്ചു. ഇദ്ദേഹം കർമ്മലീത്താ സഭയിൽ ചേർന്ന് വിശുദ്ധജീവിതം കഴിച്ച് സ്വർഗ്ഗത്തിലേക്ക് യാത്രപുറപ്പെട്ടു. അധികാരികളുടെ നിർബന്ധപ്രകാരം അദ്ദേഹം തന്റെ ആത്മകഥ വളരെ ചെറിയതായ രീതിയിൽ രചിച്ചിട്ടുണ്ട്.

ഈ രണ്ട് വ്യക്തിത്വങ്ങളുടെയും ആത്മകഥകൾ അപഗ്രഥിച്ചാൽ വളരെ സമാനതകൾ നമുക്ക് കാണാവുന്നതാണ്. ഇവിടെ 'ഈശോയുടെ കളിപ്പാട്ടങ്ങൾ' എന്ന ചെറു ഗ്രന്ഥത്തിൽ വിത്സൻ തറയിലച്ചൻ ഈ സമാനതകൾ എടുത്തുകാട്ടുവാൻ പരിശ്രമിക്കുകയാണ്.

വി. കൊച്ചുത്രേസ്യാ സ്വന്തം ആത്മകഥ വിവരിക്കുന്നതോടൊപ്പം തന്റെ മാതാപിതാക്കളെപ്പറ്റിയും സഹോദരിമാരെപ്പറ്റിയും വളരെ ഹൃദയസ്പർശിയായി വിവരിക്കുന്നുണ്ട്. മാതൃകാപരമായ ഒരു കുടുംബജീവിതത്തിനും ക്രൈസ്തവ ചൈതന്യം നിറഞ്ഞുനിൽക്കുന്ന ക്രിസ്തീയജീവിതത്തിനും എന്നും ഈ ആത്മകഥ ഉപകരിപ്പിക്കാവുന്നതാണ്.

ഈ നൂറ്റാണ്ടിലും വി. കൊച്ചുത്രേസ്യാ ലോകത്തിനൊരു പ്രകാശഗോപുരമായി നിലകൊള്ളുന്നു. ഫാ. ഡൺസ്റ്റന്റെ ജീവിതവും ഏവർക്കും പ്രകാശം പരത്തുന്നുണ്ട്. സന്യാസജീവിതങ്ങൾക്ക് ഒരു നിഘണ്ടുവാണ് ആ പുണ്യശ്ലോകന്റെ ജീവിതവും, ജീവിതോപദേശങ്ങളും. സന്യാസജീവിതത്തിന് തനതായ ഒരു ലക്ഷ്യവും പാതയും അദ്ദേഹം വെട്ടിത്തുറന്നു. ആ ലക്ഷ്യത്തിലേക്ക്, ആ പാതയിലൂടെ സഞ്ചരിച്ച് കാണിച്ചുതരുകയും ചെയ്തു. തൃശ്ശൂർ ദേവമാതാ പ്രവിശ്യയിലും കോയമ്പത്തൂർ പ്രേഷിത പ്രവിശ്യയിലും ജീവിച്ച്, ശുശ്രൂഷ ചെയ്ത് ദൈവസന്നിധിയിലേക്ക് പറന്നുയർന്ന ഡൺസ്റ്റണച്ചന്റെ ജീവിതം വി. കൊച്ചുത്രേസ്യായുടെ ജീവിതവുമായി ഏറെ സാമ്യമുണ്ട്.

'വലിയ വലിയ കാര്യങ്ങൾ ചെയ്യുന്നതിനേക്കാൾ കൊച്ചുകൊച്ചു കാര്യങ്ങൾ സന്തോഷത്തോടും സംതൃപ്തിയോടുംകൂടി ചെയ്യുന്നതാണ് മഹത്തരം' എന്ന് ഫാ. ഡൺസ്റ്റൺ എന്നും പറഞ്ഞിരുന്നു. ലളിതജീവിതത്തെക്കുറിച്ചും ദാരിദ്ര്യവ്രതത്തെക്കുറിച്ചും ആധികാരികമായി അദ്ദേഹം പറയുകയും ജീവിക്കുകയും ചെയ്തുവെന്നുള്ളതാണ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ മഹിമ. കൂടാതെ സത്യത്തിനും നീതിക്കുംവേണ്ടി നിലകൊള്ളണമെന്ന ശക്തമായ ആഹ്വാനവും ഏവർക്കും, പ്രത്യേകിച്ച് സന്യാസികൾക്കും നൽകിയിരുന്നു. ഈ രണ്ട് വ്യക്തികളുടേയും താരതമ്യപഠനം നടത്തി, അത് ധ്യാനചിന്തകളാക്കി ദൈവമക്കൾക്ക് കൊടുക്കുവാൻ പരിശ്രമിച്ച വിത്സൻ തറയിലച്ചന്റെ ശ്രമം ശ്ലാഘനീയം തന്നെ.

തന്റെ ദൈവവിളി ആത്മാക്കളെ രക്ഷിക്കാൻവേണ്ടിയും വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനുവേണ്ടിയുമാണെന്ന വി. കൊച്ചുത്രേസ്യ തിരിച്ചറിഞ്ഞിരുന്നു. ഫാ. ഡൺസ്റ്റന്റെ ജീവിതവും ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടിയാണ് ഏറെ ചിലവഴിച്ചിട്ടുള്ളത്. അനേകം വൈദികരുടെ സന്യാസപരിശീലകനും ആത്മനിയന്താവുമായിരുന്നു ഫാ. ഡൺസ്റ്റൺ.

ഇങ്ങനെ ആത്മാക്കൾക്കുവേണ്ടി ജീവിതം വ്യയം ചെയ്ത രണ്ട് വ്യക്തിത്വങ്ങളെ തന്റെ സ്വതസിദ്ധമായ ശൈലിയിൽ പുസ്തകരചയിതാവ് വരച്ചുകാട്ടുവാൻ പരിശ്രമിച്ചിട്ടുണ്ട്. കൂടാതെ, ഈ ചിന്തകളെ ധ്യാനചിന്തകളാക്കി അറുപതോളം വ്യത്യസ്തമായ അദ്ധ്യായങ്ങളാക്കി തിരിച്ച് നമ്മുടെ മുൻപിൽ സമർപ്പിച്ചിരിക്കുകയാണ്.

ഇതിന്റെ പുറകിൽ പ്രവർത്തിച്ച ഏവർക്കും ദൈവത്തിന്റെ അനുഗ്രഹവും ആശീർവാദവും ഉണ്ടാകട്ടെ. ഇത് വായിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നവരിൽ പരിശുദ്ധാത്മാവിന്റെ നിറവും കൃപയും ഉണ്ടാകട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

പൈതൃകാശീർവാദത്തോടെ,

**മാർ ജേക്കബ് തൂങ്കുഴി**

ആർച്ച്ബിഷപ്പ് എമിരറ്റസ്

തൃശ്ശൂർ അതിരൂപത

# എന്താണ് ഈ പുസ്തകം?

ആദ്ധ്യാത്മികതക്ക് കാലഭേദങ്ങളുണ്ടോ? ജാതിഭേദങ്ങളുണ്ടോ? മനുഷ്യമനസ്സിനല്ലേ ജാതിഭേദങ്ങളും കാലഭേദങ്ങളും പ്രായഭേദങ്ങളും? ശുശുസഹജമായ ഒരു ആദ്ധ്യാത്മികതയെ സ്നേഹിക്കുന്നവർക്കും ആദ്ധ്യാത്മികതയുടെ വിഹായസ്സിൽ ചരിക്കാനാഗ്രഹിക്കുന്നവർക്കും വി. കൊച്ചുത്രേസ്യയുടെ ജീവിതം ഒരു വഴികാട്ടിയാണ്. 19-ാം നൂറ്റാണ്ടിൽ ജീവിച്ച് മരിച്ചുപോയ ഒരു കൊച്ചുപെൺകുട്ടിയുടെ ആദ്ധ്യാത്മികത, ഈ നൂറ്റാണ്ടിലും ഏവർക്കും എപ്പോഴും പ്രചോദകമാണ്. നിസ്സാരതകളെ, ഔന്നൃത്യങ്ങളാക്കിമാറ്റിയ ഈ കൊച്ചുബാലികയുടെ പ്രവൃത്തികൾ ലോകം ഇന്നും അത്ഭുതത്തോടെ വീക്ഷിച്ച്, പഠിച്ചുകൊണ്ടിരിക്കുകയാണ്. ആ പഠനത്തിൽ നമുക്കും പങ്കുചേരാം. ആദ്ധ്യാത്മികതയുടെ ബാലപാഠങ്ങൾ വളരെ ലഘൂകരിച്ച്, നമുക്കായി കോരിത്തരുന്ന ആ മനസ്സിനെ നമുക്ക് വന്ദിക്കാം. 'ആദ്ധ്യാത്മികത'യ്ക്ക് പുതിയ ഒരു ചാരുതയും ഉണർവ്വുമേകി, നമുക്കായി നിക്ഷേപിച്ച് സ്വന്തം ആത്മകഥയിൽ ആദ്ധ്യാത്മികതയുടെ 'കുറുക്കുവഴികൾ' പറഞ്ഞുതന്ന് ഈ ലോകത്തിൽനിന്നും സ്വന്തം നാട്ടിലേക്ക്, സ്വന്തം പ്രാണനാഥന്റെ അടുക്കലേക്ക് യാത്രയായ ഒരു കൊച്ചുവിശുദ്ധയെ നമുക്ക് സാകൂതം പഠിയ്ക്കാം, അനുകരിക്കാം. അനുകരണം എളുപ്പമാണല്ലോ! വി. കൊച്ചുത്രേസ്യയെ അനുകരിക്കാൻ ബുദ്ധിമുട്ടുണ്ടാവുകയില്ല. വി. കൊച്ചുത്രേസ്യയുടെ ആത്മകഥയിലൂടെ നടന്നുനീങ്ങുമ്പോൾ, അതിൽ ആ പുണ്യവതി എഴുതിവെച്ച മനസ്സിന്റെ

ഓരോ ചിന്തകളും വികാരങ്ങളും പ്രവൃത്തികളും തന്റെ ജീവിതത്തിൽ സ്വന്തമാക്കാനും പ്രാവർത്തികമാക്കാനും പരിശ്രമിച്ച അനേകം വിശുദ്ധാത്മാക്കളിൽ ഒരാളാണ് ഫാ. ഡൺസ്റ്റൺ. എന്നും ആ മുഖം പ്രസന്നമായിരുന്നു. എന്നും ആ മനുഷ്യൻ തീക്ഷ്ണമതിയായിരുന്നു. എന്നും ആ മനുഷ്യൻ വിനയാന്വിതനായിരുന്നു. അതിനേക്കാളുപരി പ്രാർത്ഥനാരൂപനായിരുന്നു. ഈശോയ്ക്കുവേണ്ടി മാത്രം ജീവിച്ച വി. കൊച്ചുത്രേസ്യായുടെ തനിപ്പകർപ്പായിരുന്നു ഫാ. ഡൺസ്റ്റൺ. ഒരു കൊച്ചു മഠത്തിന്റെ ഒരു മുറിയിൽ ജീവിച്ച് മരിച്ചുപോയ വി. കൊച്ചുത്രേസ്യയെപ്പോലെ ആശ്രമത്തിലെ ഒരു ചെറിയ മുറിയിൽ ജീവിച്ച് മരിച്ചുപോയ ഡൺസ്റ്റണച്ചൻ തീർത്തും ഒരു പുണ്യവാനായിരുന്നു. മഠത്തിന്റെ ആവൃതിക്കുള്ളിൽ സ്വന്തം ജീവിതത്തെ സ്വർഗ്ഗമാക്കിയ ആ വിശുദ്ധയുടെ മാതൃക ഇന്നും ഈ ആധുനിക സന്യാസജീവിതത്തിനും പ്രചോദനമാണ്. അംഗീകാരങ്ങളും സ്ഥാനമാനങ്ങളും തേടിത്തേടി അലഞ്ഞ്, ദുഃഖാർത്ഥരായി, നിരാശയിൽ ജീവിക്കുന്ന ഏതൊരുവനും വി. കൊച്ചുത്രേസ്യയുടെയും ഫാ. ഡൺസ്റ്റന്റെയും ജീവിതം മാതൃകയാക്കാവുന്നതാണ്. ആ നക്ഷത്രപ്രഭയിൽ അനേകായിരങ്ങൾ പ്രകാശം കാണും, ആശ്രയം കണ്ടെത്തും, ജീവിതസാഫല്യം നേടും. ഈ രണ്ടു ജീവിതങ്ങളും ഒരു നാണയത്തിന്റെ രണ്ട് വശങ്ങളായി കാണാവുന്നതാണ്.

'ദൈവത്തിനു യാഗമർപ്പിക്കുവാനായി കുഞ്ഞാടിനെ വെളിയിൽ തേടേണ്ട കാര്യമില്ലെന്നു വി. അഗസ്റ്റിൻ നമ്മെ ഓർമ്മിപ്പിക്കുന്നു. അവനവനുള്ളിൽ തന്നെയുണ്ട് ക്രൂശി

ക്കപ്പെടേണ്ട ബലിവസ്തു. അതവനു പുറത്തുള്ള ഒന്നല്ല, അവനിൽത്തന്നെയുള്ളതാണ്, അവൻ തന്നെയാണ്.'

തന്റെ ഓരോ പ്രവൃത്തികളും ഓരോ നിമിഷങ്ങളും ദൈവത്തിന് ബലിയർപ്പിച്ചും അതുപോലെത്തന്നെ ഓരോ നിമിഷവും സുബോധത്തോടും സത്ബുദ്ധിയോടും ജാഗ്രതയോടുംകൂടി ജീവിച്ച പുണ്യശ്ലോകനായിരുന്നു ഡൺസ്റ്റണച്ചൻ. 'മനുഷ്യനെ ദൈവത്തിങ്കലേക്കും ദൈവത്തെ മനുഷ്യനിലേക്കും ബന്ധിപ്പിക്കുന്ന ദൈവത്തിനും മനുഷ്യനുമിടയിലുള്ള മദ്ധ്യസ്ഥനാണ്' താനെന്ന് ഓരോ പുരോഹിതനും ദിവ്യനിയോഗത്താൽ തിരിച്ചറിയണമെന്ന് വി. ഫുൾട്ടൻ ജെ. ഷീൻ നമ്മെ ഓർമ്മിപ്പിക്കുന്നു.

ഒരു വിശുദ്ധനാകണമെന്നുള്ള ആഗ്രഹം ഡൺസ്റ്റണച്ചനിൽ മുളയെടുക്കുവാനുള്ള കാരണം വി. കൊച്ചുത്രേസ്യാപുണ്യവതിയുടെ ആത്മകഥ തന്നെയായിരുന്നു. എന്നും സ്വന്തം ഭവനത്തിൽ ജ്ഞാനവായന പുസ്തകങ്ങൾ വായിക്കുന്ന ഒരു പതിവ് ഡൺസ്റ്റണച്ചന്റെ പിതാവുണ്ടാക്കിയിരുന്നു. കൊച്ചുത്രേസ്യാപുണ്യവതിയുടെ 'നവമാലിക' ആത്മകഥ പുസ്തകം വീട്ടിൽ വായിച്ചിരുന്നു. ഈ പുണ്യവതിയുടെ ജീവചരിത്രം ഡൺസ്റ്റണച്ചന്റെ ജീവിതത്തിന്റെ അടിസ്ഥാനമായി. ഡൺസ്റ്റണച്ചന്റെ ജീവിതത്തെ അപഗ്രഥിച്ചുകഴിഞ്ഞാൽ പുണ്യവാന്മാരുടേയും പുണ്യവതികളുടേയും ജീവിതം വളരെ ആഴമായി സ്പർശിച്ചിരുന്നു എന്ന് കാണാം. ഈ വിശുദ്ധരെക്കുറിച്ച് അദ്ദേഹം ഘോരഘോരം പ്രസംഗിക്കുകയോ പ്രബന്ധങ്ങളവതരിപ്പിക്കുകയോ ചെയ്തിട്ടില്ല. എങ്കിലും അദ്ദേ

ഹത്തിന്റെ ജീവിതത്തിൽ ഇത്തരം വിശുദ്ധരുടെ ജീവിത തന്തുക്കളുടെ നിറവ് ഉണ്ടായിരുന്നു.

ഒരു നല്ല സന്യാസിയാകാൻ വലിയ വലിയ കാര്യങ്ങ ളൊന്നും ചെയ്യണമെന്നില്ല. ചെറിയ കാര്യങ്ങൾ വലിയ മനസ്സോടും ആത്മസംതൃപ്തിയോടുംകൂടി നിർവ്വഹിക്ക ണമെന്ന് ഈശോ നമ്മിൽനിന്നാഗ്രഹിക്കുന്നുവെന്ന് ഡൺസ്റ്റണച്ചൻ പറയുമായിരുന്നു.

സ്വന്തം കുടുംബത്തിലെ കൊച്ചുകൊച്ചു സംഭവങ്ങൾ അദ്ദേഹത്തെ വിശുദ്ധിയിലേക്ക് നയിച്ചിരുന്നു. അഞ്ചാം വയസ്സു മുതൽ പെങ്ങളെ അനുകരിക്കാൻ തുടങ്ങി. ചോറുണ്ണുമ്പോൾ അന്നുവരെ ഉപ്പ് ഉപയോഗിച്ചിരുന്ന ഡൺസ്റ്റണച്ചൻ പെങ്ങൾ ചെയ്യുന്നതുപോലെ ഉപ്പ് ഉപേ ക്ഷിച്ചുതുടങ്ങി. നിത്യവും പള്ളിയിൽ പോകുവാനുള്ള പ്രേരണയും സ്വന്തം പെങ്ങളായിരുന്നു.

ഡൺസ്റ്റണച്ചൻ തന്നെ പലയിടത്തും തുറന്ന് ഒരു കാര്യം പറഞ്ഞിട്ടുണ്ട്: “കുടുംബസാഹചര്യങ്ങളും സ്വന്തം കുഞ്ഞേത്തിചേച്ചിയുടെ മാർഗ്ഗദർശനവും ആന്തരികപ്രേര ണകളും വിശുദ്ധിയിലേക്ക് ചാലുതിരിഞ്ഞ് ഒഴുകുന്നതി നിടയാക്കി. വ്യക്തിത്വത്തിന്റെ സകല ചോദനകളും വിശു ദ്ധനാകണമെന്ന ഏകാഗ്രതയിൽ സമ്മേളിതമായി.” ഒരു ദിനം ചേച്ചിയോട് ഡൺസ്റ്റണച്ചൻ ചോദിച്ചു: ‘പുണ്യവാ നാകാൻ ആഗ്രഹിക്കാമോ?’ അതിൽ തെറ്റില്ലെന്നും നല്ല താണെന്നും, കൊച്ചുത്രേസ്യപുണ്യവതി അങ്ങനെ ആഗ്ര ഹിച്ചിരുന്നെന്നും മറുപടി ലഭിച്ചു. അന്നുമുതൽ ഡൺസ്റ്റ ണച്ചന്റെ ജീവിതത്തിന് ഒരാവേശമായി.

കൊച്ചുത്രേസ്യ പുണ്യവതി ആത്മകഥയിൽ എഴുതിയിരിക്കുന്ന ചില കാര്യങ്ങളുണ്ട്: 'അമ്മയായിരുന്നു എന്റെ ആദർശം. അമ്മയെപ്പോലെ ആകണമെന്നായിരുന്നു എന്റെ ആഗ്രഹം. അമ്മയുടെ മാതൃകതന്നെയാണ് രണ്ടു വയസ്സുമുതൽ എന്റെ ഹൃദയത്തെ കന്യകമാരുടെ മണവാളന്റെ പക്കലേക്ക് ആകർഷിച്ചതും.' എന്റെ സ്വഭാവവിശേഷം ഇതായിരുന്നതിനാൽ പുണ്യമില്ലാത്ത മാതാപിതാക്കന്മാരായിരുന്നു എന്നെ വളർത്തിയിരുന്നതെങ്കിൽ ഞാൻ വലിയ ദുഷ്ടയായി തീരുമായിരുന്നു. കുർബാനയിലെ വാഴ്ത്തപ്പെട്ട അപ്പം സ്വീകരിക്കുവാൻ പ്രായമാകാത്തതിനാൽ എന്നും കുർബാന കഴിഞ്ഞുവരുമ്പോൾ സ്വന്തം ചേച്ചിയോട് സങ്കടം പറയുമ്പോൾ 'സെലിൻ ചേച്ചി' ഒരു കഷണം അപ്പമെടുത്ത് മുറിച്ച് അതിന്മേൽ ഒരു 'നന്മ നിറഞ്ഞ മറിയമേ' എന്നുള്ള ജപം ചൊല്ലിയിട്ട് ത്രേസ്യക്ക് കൊടുക്കുമായിരുന്നു. കൊച്ചുത്രേസ്യാപുണ്യവതി അതുവാങ്ങി കുരിശടയാളം വരച്ചശേഷം വളരെ ഭക്തിയോടുകൂടെ ഭക്ഷിക്കുമായിരുന്നു.

ഇത്ര ചെറിയ ഓസ്തിയിൽ എങ്ങനെ നല്ല ദൈവത്തിന് അധിവസിക്കാൻ സാധിക്കുമെന്ന് കൊച്ചുത്രേസ്യ ചേച്ചിയോട് ചോദിക്കുമായിരുന്നു. കൊച്ചുത്രേസ്യ പുണ്യവതി തന്നെ അതിനുത്തരം കണ്ടെത്തി. അതിൽ അത്ര വിസ്മയിക്കാനൊന്നുമില്ലല്ലോ; കാരണം, നല്ല ദൈവം സർവ്വശക്തനാണല്ലോ! സർവ്വശക്തൻ എന്നു പറയുന്നതിന്റെ സാരമെന്താണ്? തനിയ്ക്കിഷ്ടമുള്ളതൊക്കെയും ചെയ്യാൻ കഴിവുണ്ട് എന്നതുതന്നെ. ഇങ്ങനെയുള്ള പഠനങ്ങളിലൂടെയും പരിശീലനത്തിലൂടെയും ജീവിതപ്രതിസന്ധികളിലൂ

ടെയുമാണ് വി. കൊച്ചുത്രേസ്യാ വളർന്നുവന്നത്. ചുരുക്കത്തിൽ വി. കൊച്ചുത്രേസ്യാപുണ്യവതിയുടേയും ഡൺസ്റ്റണച്ചന്റെയും സന്യാസ, വിശുദ്ധ ജീവിതത്തിന് എന്നും അടിസ്ഥാനമായി നിലകൊണ്ടത് തങ്ങളുടെ മാതാപിതാക്കന്മാരും കുടുംബാംഗങ്ങളുമാണ്.

ഇവിടെ 'ഈശോയുടെ കളിപ്പാട്ടങ്ങൾ' എന്ന പുസ്തകത്തിൽ വി. കൊച്ചുത്രേസ്യാപുണ്യവതിയുടേയും ഡൺസ്റ്റണച്ചന്റേയും ചിന്തകളുടേയും പ്രവൃത്തികളുടേയും 'ഒരുമയെ' വരച്ചുകാട്ടുവാൻ പരിശ്രമിക്കുകയാണ്. കാലഘട്ടങ്ങൾക്കും ജീവിതസാഹചര്യങ്ങൾക്കും പ്രദേശങ്ങൾക്കും വ്യത്യസ്തതയുണ്ടെങ്കിലും ചില സമാനതകൾ ആദ്ധ്യാത്മികജീവിതത്തിൽ കണ്ടെത്തുവാൻ സാധിക്കും. നമ്മുടെ ഓരോരുത്തരുടേയും വിചിന്തനത്തിനും പഠനത്തിനും പ്രാർത്ഥനയ്ക്കുമായി ഈ ചെറുഗ്രന്ഥം ഇവിടെ നിങ്ങളുടെ മുൻപിൽ സമർപ്പിക്കുന്നു. ഈശോയുടെ വി. കൊച്ചുത്രേസ്യയുടേയും പുണ്യശ്ലോകനായ ഡൺസ്റ്റണച്ചന്റേയും അനുഗ്രഹവും ആശീർവാദവും യാചിച്ചുകൊണ്ട്,

**ഡബ്ല്യൂ. ജെ. തറയിൽ**

# ഏവർക്കും നന്ദി...

അവതാരിക എഴുതിത്തന്ന
ആർച്ച്ബിഷപ്പ് എമിരറ്റസ് മാർ ജേക്കബ് തൂങ്കുഴി
(തൃശ്ശൂർ അതിരൂപത)

പ്രോത്സാഹനം നൽകിയ
റവ. ഫാ. സാജു ചക്കാലക്കൽ സി.എം.ഐ.
റവ. ഫാ. പോളി പയ്യപ്പിള്ളി സി.എം.ഐ.

മുഖചിത്രം വരച്ച
ശ്രീ ആൽവിൻ ജെയ്സൺ
ശ്രീ ഡേവിസ് സ്മൃതി

മറ്റു ചിത്രങ്ങൾ വരച്ച
ശ്രീ വിൻജോ വിൻസന്റ്
ശ്രീ സാബു ജോസഫ്

ടൈപ്പ് ചെയ്തുതന്ന
ശ്രീ ജോയ് ആന്റണി

മലയാളഭാഷ പരിപോഷണം ചെയ്ത
ഡോ. അമ്പിളി ടീച്ചർ (ക്രൈസ്റ്റ്, ഇരിങ്ങാലക്കുട)
ജിന്റു ടീച്ചർ (എസ്. എച്ച്. ചാലക്കുടി)

എന്നിവർക്കെല്ലാം നന്ദിയർപ്പിക്കുന്നു...

## ദാരിദ്ര്യത്തെ പ്രണയിച്ചവൻ...

ദാരിദ്ര്യത്തിന് സ്വന്തമായി ഒരു നിർവ്വചനം ജീവിതത്തിൽ എഴുതിച്ചേർത്ത ഒരു സന്യാസിയായിരുന്നു ഡൺസ്റ്റണച്ചൻ. ദാരിദ്ര്യമെന്നത് ചില വ്രതങ്ങളുടെ അനുഷ്ഠാനത്തേക്കാളുപരി സ്വന്തം ആത്മാവിന്റെ ഒരു അവസ്ഥകൂടിയാണെന്ന് ആ സന്യാസി ജീവിച്ചുകാണിച്ചു. ഒന്നുമില്ലായ്മയിൽ ഒരു വലിയ ആത്മസംതൃപ്തിയും ആത്മീയസന്തോഷവും അനുഭവിക്കാൻ സാധിക്കുമെന്ന് അദ്ദേഹത്തിന്റെ ജീവിതം പഠിപ്പിച്ചു. സ്വന്തം ശരീരത്തിനുവേണ്ടുന്ന ഭക്ഷണത്തിലും താമസസൗകര്യങ്ങളിലും വസ്ത്രങ്ങളുടെ കാര്യത്തിലും ആ വൈദികൻ ഒരിക്കലും കൂടുതൽ ശ്രദ്ധിച്ചിരുന്നില്ല. അത്യാവശ്യമുള്ള വസ്ത്രം, അത്യാവശ്യമായ ഭക്ഷണം, അത്യാവശ്യമായ വിശ്രമസ്ഥലം ഇങ്ങനെ ജീവിതത്തെ സ്വന്തം കൈപ്പിടിയിലൊതുക്കി  വലിയ ആത്മസംതൃപ്തിയിൽ അദ്ദേഹം ജീവിച്ചു. എപ്പോഴും അദ്ദേഹം ദാരിദ്ര്യത്തെ സ്നേഹിച്ചിരുന്നുവെന്ന് അദ്ദേഹത്തിന്റെ ജീവിതത്തിൽനിന്നും മനസ്സിലാക്കാവുന്നതാണ്. ലളിതജീവിതത്തിനായി അദ്ദേഹം കൊതിച്ചിരുന്നു. വളരെയേറെ പ്രാവശ്യം ഇതിനായി അധികാരികളെ സമീപിച്ചിരുന്നു. ഒന്നുരണ്ടുപ്രാവശ്യം അദ്ദേഹത്തിന്റെ ഈ അഭിപ്രായം അധികാരികൾ നടത്തിക്കൊടുത്തിരുന്നു.

എല്ലാമുണ്ടായിട്ടും ഒന്നുമില്ലാത്തവനേപ്പോലെ ജീവിച്ച ആ മനുഷ്യൻ ആധുനികലോകത്തിനും ഒരു മാതൃകയാണ്; ചിന്തനീയമാണ്. മനുഷ്യന്റെ നൈമിഷികതയും ജീവിതത്തിന്റെ അന്തസ്സത്തയും മനസ്സിലാക്കി, അതിന്റെ ചിന്തകളിൽ ജീവിച്ച സന്യാസിവര്യനാണ് ഫാ. ഡൺസ്റ്റൺ.

ഈ ദാരിദ്ര്യമനോഭാവം സ്വന്തം ചിന്തകളിലും പെരുമാറ്റ ത്തിലും നിഴലിച്ചുനിന്നിരുന്നു. ദാരിദ്ര്യമെന്ന് പറയുന്നത് ബാഹ്യാവസ്ഥയേക്കാൾ ആന്തരീകമായ അവസ്ഥ കൂടി യാണെന്ന് അദ്ദേഹത്തിന്റെ ജീവിതത്തിൽനിന്നും മനസ്സി ലാക്കാവുന്നതാണ്. ഏകാഗ്രതയിൽ ജീവിക്കുകയെന്ന് പറ യുന്നതുതന്നെ ഈ ദാരിദ്ര്യത്തിന്റെ അവസ്ഥതന്നെയാ ണ്. മറ്റു തലങ്ങളിലേക്ക് തന്റെ ശ്രദ്ധ കൈവിടാതെ, മറ്റൊ രുവിധത്തിൽ പറഞ്ഞാൽ മറ്റ് കാര്യങ്ങളിൽ ശ്രദ്ധാലുവാ കാതെ, ഒരിക്കലും അന്യന്റെ കാര്യങ്ങൾ അറിയുവാനോ അന്വേഷിക്കുവാനോ അലഞ്ഞുതിരിയുവാനോ തുനി യാതെ ഏകാഗ്രമായി ജീവിക്കുന്നതും 'ദാരിദ്ര്യം' എന്ന വിശാലതയിൽ ഉൾക്കൊള്ളുന്നതാണെന്ന് അദ്ദേഹം നമ്മെ പഠിപ്പിച്ചു. ഏകാഗ്രതയുള്ള വ്യക്തിത്വങ്ങൾക്കു മാത്രമേ ദൈവത്തെ കാണുവാനും കേൾക്കുവാനും പ്രവർത്തി ക്കാനും സാധ്യമാവുകയുള്ളൂ. വി. കൊച്ചുത്രേസ്യാപു ണ്യവതി തന്റെ ആത്മകഥയിൽ എഴുതിയിരിക്കുന്നതും ഈ തത്വം തന്നെയാണ്. 'യേശുവിനോടുള്ള സ്നേഹം നിമിത്തം ഇഹത്തിൽ ഏറ്റവും ദരിദ്രനും വിസ്മൃതനു മായി കഴിയുവാൻ ആഗ്രഹിച്ചവന് സ്വർഗ്ഗത്തിൽ ഒന്നാം സ്ഥാനം ലഭിക്കും. അവനായിരിക്കും ഏറ്റവും കുലീനനും സർവ്വോപരി സമ്പന്നനും.'

ഡൺസ്റ്റണച്ചന്റെ ജീവിതത്തിൽ ഉടനീളം ഈ ദാരിദ്ര്യ ത്തിന്റെ അരൂപി നിറഞ്ഞുനിന്നിരുന്നു. ഗാന്ധിജിയ്ക്ക് ഈ ഉൾക്കരുത്ത് ലഭിച്ചത് പാവപ്പെട്ട മനുഷ്യരിൽനിന്നായിരു ന്നുവെങ്കിൽ, ഡൺസ്റ്റണച്ചനെ സ്വാധീനിച്ചത് യേശുവിന്റെ ജീവിതവും പ്രവർത്തനങ്ങളുമായിരുന്നുവെന്ന് നിസ്സം ശയം പറയാം. ഒന്നുമില്ലായ്മയുടെ സംതൃപ്തിയും സന്തോഷവും ഹിമാലയത്തിന്റെ അടിത്തട്ടുകളിൽ തപ

സ്സിരിക്കുന്ന മുനിമാർ ഈ ആർഷഭാരതത്തിന്റെ സംസ്കാരങ്ങൾ ഉൾക്കൊണ്ട് ഈ ദാരിദ്ര്യത്തെ അനുഷ്ടിച്ചുകൊണ്ടിരിക്കുന്നവരാണ്. ആത്മാവ് ദൈവത്തിൽ അലിഞ്ഞു ചേരുമ്പോൾ ശരീരത്തിന്റെ അവസ്ഥകളെല്ലാം ഒന്നുമല്ലാതായിത്തീരുന്നു. അവിടെയാണ് 'ഉപേക്ഷ' ആരംഭിക്കുന്നത്. ജീവിതത്തിൽ ഓരോന്നായി ഉപേക്ഷിച്ചുതുടങ്ങുന്നു. അവിടെ യഥാർത്ഥ ദാരിദ്ര്യം ആരംഭിക്കുന്നു. എന്നുപറഞ്ഞാൽ ദാരിദ്ര്യമെന്നു പറയുന്നത്, ദൈവാനുഭവത്തിന്റെ അല്ലെങ്കിൽ ഈശ്വര ലയനത്തിന്റെ വേറിട്ട ഒരവസ്ഥയാണ്. ഡൺസ്റ്റണച്ചനും വി. കൊച്ചുത്രേസ്യയുമെല്ലാം ഈ അവസ്ഥ അനുഭവിച്ചവരും വിജയിച്ചവരുമാണ്. ദൈവത്തിലേക്ക് പൂർണ്ണമായ ശ്രദ്ധവരുന്നവർക്ക് 'ദാരിദ്ര്യവ്രതം' എന്നൊക്കെപ്പറയുന്നതും ഒരു അവസ്ഥാവിശേഷം മാത്രമാണ്. ലോകത്തെ ഉപേക്ഷിച്ച് ദൈവത്തെ പ്രാപിക്കുന്നതിന്റെ ഒരു പ്രത്യക്ഷ തെളിവാണ് 'ദാരിദ്ര്യാവസ്ഥ.' അവിടെ പണത്തിനോ പ്രശസ്തിക്കോ സുഖസൗകര്യങ്ങൾക്കോ ഒരു വിലയുമില്ലാതാകുന്നു. എന്തിനേറെ പറയുന്നു, ജീവിതത്തിന്റെ അത്യാവശ്യങ്ങളായ ഭക്ഷണം, താമസം, വസ്ത്രം എന്നിവയൊന്നും ഒന്നുമല്ലാതാകുന്നു. ഫാ. ഡൺസ്റ്റൺ ചെരിപ്പിടുന്നില്ല, രണ്ട് ഉടുപ്പേയുള്ളൂ, ഒരു പായയിലാണ് കിടപ്പ്, പുസ്തകങ്ങൾ ഒരിക്കലും കൊണ്ടുനടക്കില്ലായെന്നൊക്കെ പറയുന്നതിന്റെ അന്തരാർത്ഥങ്ങൾ ഇതൊക്കെയാണ്. ദൈവത്തിനോട് ലയിച്ച്, ദൈവത്തിൽ ജീവിച്ചുവെന്ന് സാരം. ദാരിദ്ര്യമെന്നത് പുറമേനിന്നും നമ്മെ അടിച്ചേൽപ്പിക്കേണ്ടതോ, ഉപദേശിച്ചു തരേണ്ടതോ ആയ ഒരു യാഥാർത്ഥ്യമല്ലെന്നും അത് ജീവിതത്തിന്റെ ഒരു അവസ്ഥയാണെന്നും സന്യാസിയായ ഫാ. ഡൺസ്റ്റണിന്നും നമുക്ക് എളുപ്പത്തിൽ പഠിയ്ക്കാവുന്നതാണ്.

## 'ഈശ്വരലയനം' ദാരിദ്ര്യത്തിന്റെ അന്തസത്ത

ദാരിദ്ര്യവ്രതത്തിന് കാലം ചെല്ലുംതോറും ദാരിദ്ര്യമനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്; ഇത് സന്യാസത്തിൽ മാത്രമല്ല, അനുദിന കുടുംബജീവിതത്തിലും. ഈ സന്യാസ–കുടുംബ ദാരിദ്ര്യ സംസ്കാരത്തെക്കുറിച്ച് ഈ കാലഘട്ടത്തിൽ വിവരിച്ചുകൊടുക്കുക എളുപ്പമല്ല. ഈ തലമുറയ്ക്ക് ഈ വസ്തുത മനസ്സിലാക്കാൻ കൂടുതൽ പഠനങ്ങളും മനനങ്ങളും ആവശ്യമുണ്ട്. ഞാൻ ഈ ലോകത്തുനിന്നും എല്ലാം ഉപേക്ഷിച്ചുപോകേണ്ടവനാണെന്ന ചിന്ത - അതു മാത്രമാണ് അടിസ്ഥാനമായി നിലകൊള്ളുന്നത്. ആയതിനാൽ ഈ ജീവിതകാലം മുഴുവൻ ദാരിദ്ര്യവ്രതത്തിന്റെ അന്തഃസ്സത്ത ഉൾക്കൊണ്ടുകൊണ്ട് ജീവിക്കുന്നതായിരിക്കും ശരി. ഫാ. ഡൺസ്റ്റന്റെ ചിന്തകൾ നമ്മുടെ ജീവിതചിന്തകൾക്ക് കുറച്ച് എളുപ്പമുണ്ടാക്കും. ഡൺസ്റ്റണച്ചനെ ഈ ദാരിദ്ര്യവ്രതത്തിനായി ഒരുക്കിയത് സ്വന്തം കുടുംബത്തിലെ ചില അവസ്ഥകളായിരുന്നു. അദ്ദേഹം എഴുതുന്നതിങ്ങനെയാണ്: 'ഞങ്ങളുടെ പറമ്പിൽ പാർക്കുന്നവരെക്കാൾ ഞങ്ങൾ ദരിദ്രരാണെന്നു ഞാൻ വിചാരിച്ചിരുന്നു. കാരണം അവർക്കുള്ളത് അവരുടെ സ്വന്തമാണ്. എന്നാൽ ഞങ്ങൾക്കുള്ളത് ഞങ്ങളുടെ കടക്കാരുടേതാണ്.' ആ അവസ്ഥയിൽ വളരെ കുഞ്ഞായിരുന്നപ്പോൾത്തന്നെ തനിക്ക് ലഭിയ്ക്കാമായിരുന്ന ആനുകൂല്യങ്ങൾപോലും അദ്ദേഹം മനപൂർവ്വം ഉപേക്ഷിച്ചിരുന്നു. അദ്ദേഹം തന്നെ പറയുന്നു: 'ഭക്ഷണത്തിലും ഉടുപ്പിലും ആവശ്യം മാത്രമായാണ് മുന്നിൽ കണ്ടിരുന്നത്.

ഇങ്ങനെ ഡൺസ്റ്റണച്ചന്റെ കുട്ടിക്കാലാനുഭവങ്ങൾ യഥാർത്ഥമായ ദാരിദ്ര്യാരൂപിയെ സർവ്വാത്മനാ പുൽകുന്നതിനും സർവ്വസംഗപരിത്യാഗത്തിനും ഇടവരുത്തി. ഈ അനുഭവങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ ദാരിദ്ര്യവ്രതാനുഷ്ഠാന ജീവിതം വളരെ എളുപ്പമുള്ളതാക്കിതീർത്തു.

സന്യാസത്തിൽ അദ്ദേഹം പ്രവേശിച്ചപ്പോൾ അദ്ദേഹത്തിന്റെ ദർശനങ്ങൾക്ക് ചില മാറ്റങ്ങൾ സംഭവിച്ചു. ചില ചോദ്യങ്ങൾ തന്നോടുതന്നെ ചോദിച്ചുതുടങ്ങി - വീട്ടിൽവെച്ച് അനുഭവിക്കേണ്ടിവന്നതിലും കഠിനമായ ദാരിദ്ര്യം അനുഭവിക്കാനല്ലേ സന്യാസത്തിൽ പ്രവേശിച്ചത്? ആവശ്യങ്ങൾ ഇല്ലാത്തവൻ, ദരിദ്രനെങ്കിലും സമ്പന്നരെക്കാൾ സമ്പന്നനാണ്. സമ്പന്നർക്ക് അവരുടെ സമ്പത്തിനു കഴിവുള്ളതിൽക്കൂടുതൽ ആഗ്രഹങ്ങൾ ഉണ്ടായാൽ അവർ ദരിദ്രരായിത്തീരുന്നു.

ഡൺസ്റ്റണച്ചന്റെ അഭിപ്രായത്തിൽ 'നമ്മുടെ വീട്ടിൽ ലഭിക്കുന്നതിനേക്കാൾ സുഖസൗകര്യങ്ങൾ സന്യാസജീവിതത്തിൽ ഒരിക്കലും ഉണ്ടാകരുത്.'

സ്വന്തം കുടുംബാംഗങ്ങളെയോ വസ്തുക്കളേയോ ഉപേക്ഷിക്കുന്നവനു നൂറിരട്ടി ലഭിക്കുമെന്ന (മത്താ. 19: 29) കർത്താവിന്റെ വാഗ്ദാനത്തെ അനുസ്മരിച്ചുകൊണ്ട് ഡൺസ്റ്റണച്ചൻ അർത്ഥികളോട് ചോദിക്കാറുണ്ട്: 'അങ്ങനെയെങ്കിൽ സ്വന്തം മനസ്സ് ഉപേക്ഷിക്കുന്നവന് എന്ത് പ്രതിഫലമാണ് ലഭിക്കുക?'

ഡൺസ്റ്റണച്ചന്റെ സംസാരത്തിലും പ്രവൃത്തിയിലും ഉടുപ്പിലും നടപ്പിലും ഭക്ഷണത്തിലും ഭാഷണത്തിലും ഉപയോഗ സാധനങ്ങളിലും ലാളിത്യം നിറഞ്ഞുനിന്നു. അവ

യെല്ലാം താൻ ആന്തരികതയിൽ സ്നേഹിച്ച ദാരിദ്ര്യത്തിന്റെ അടയാളങ്ങളായിരുന്നു.

ഉപയോഗിക്കുന്നതെന്തും പൂർണ്ണമായും ഉപയോഗിച്ചു നിർത്തിയിട്ടേ ഉപേക്ഷിച്ചിരുന്നുള്ളൂ. അതുകൊണ്ടുതന്നെ തുന്നലുകൾകൊണ്ട് അലംകൃതമായ വസ്ത്രങ്ങൾ ധരിച്ചു. ചെരിപ്പ് സാധാരണ ധരിക്കാറില്ല. മിക്കവാറും നിഷ്പാദുകനായി സഞ്ചരിച്ചു. മുഖക്ഷൗരത്തിന് ഉപയോഗിക്കുന്ന ബ്ലേഡ് വളരെ നാളുകളുടെ ഉപയോഗം മൂലം മൂർച്ച പോകുമ്പോൾ ചുവരിൽ ഉരച്ചു മൂർച്ച കൂട്ടി ഉപയോഗിക്കുമായിരുന്നു. ഉപയോഗമില്ലെന്നു കരുതി മറ്റുള്ളവർ കളയുന്ന വസ്തുക്കളിൽ മൂല്യം കാണുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അവയെല്ലാം ശേഖരിച്ച് ഉപയോഗയോഗ്യമാക്കി മാറ്റുന്നതിൽ ശ്രദ്ധ പുലർത്തി.

സന്യാസകൂട്ടായ്മയിൽ നാം അനുഷ്ഠിക്കുന്ന ദാരിദ്ര്യത്തെക്കുറിച്ച് അദ്ദേഹത്തിന്റെ കാഴ്ചപ്പാട് മറ്റുള്ളവരിൽനിന്നും തികച്ചും വ്യത്യസ്തമാണ്. വ്യക്തികൾ ദാരിദ്ര്യമെന്ന പുണ്യം എത്ര പൂർണ്ണതയിൽ അഭ്യസിച്ചാലും സമൂഹമെന്നനിലയിൽ നാം ധനവാന്മാരായി കാണപ്പെടുന്നുണ്ടെങ്കിൽ അവിടെ സാക്ഷ്യമൂല്യത്തിനു ശോഷണം സംഭവിക്കുന്നു. സന്യാസ ഭവനങ്ങളും അനുബന്ധിയായ സംവിധാനങ്ങളും ആർഭാടപൂർണ്ണമാകുമ്പോൾ ജനത്തിനു നൽകുന്ന സന്ദേശം വളരെ വിപരീതവും സന്യാസസമർപ്പണത്തിന്റെ എതിർസാക്ഷ്യമായിത്തീരുന്നുവെന്നും അദ്ദേഹം പലപ്പോഴും പറയുമായിരുന്നു. ഒരു വാചകം അദ്ദേഹം എന്നും സന്യാസികളോട് പറയുമായിരുന്നു: 'ഇതെല്ലാം നമ്മെ ദൈവസന്നിധിയിലേക്ക് എത്തിക്കുന്ന

താണോ എന്ന് ചിന്തിക്കണം.'

പോളി പയ്യപ്പിള്ളിയച്ചൻ തന്റെ 'സുതാര്യം സുന്ദരം' എന്ന പുസ്തകത്തിൽ ഡൺസ്റ്റണച്ചനെക്കുറിച്ച് എഴുതിയിരിക്കുന്നതിങ്ങനെയാണ്: 'ദാരിദ്ര്യാരൂപിയെ അതിന്റെ സമൂലതയിൽ അദ്ദേഹം പരിശീലിപ്പിച്ചു. ഈ ലോകസുഖമോഹങ്ങൾക്കും സ്ഥാനമാന പ്രലോഭനങ്ങൾക്കും അതീതനായി നിലകൊണ്ടു. യാതൊന്നും സ്ഥിരമായും സ്വന്തമായും സൂക്ഷിക്കുവാൻ ആഗ്രഹിച്ചില്ല. ഒന്നും സ്വന്തമെന്നു കരുതിയില്ല. മുറിയിൽ ബൈബിളോ ഇഷ്ടപ്പെട്ട ഭക്തസാധനമോ ഒരു കുരിശുരൂപമോ സൂക്ഷിക്കണമെന്ന് തോന്നിയില്ല. കുരിശുരൂപത്തോടല്ല, കുരിശിനോടായിരുന്നല്ലോ ഹൃദയബന്ധം. കിട്ടുന്ന സാധനങ്ങളൊന്നും തനിക്കായി സൂക്ഷിച്ചുവെയ്ക്കാതെ മറ്റുള്ളവർക്ക് കൈയിലുള്ളതെല്ലാം കൊടുത്തു. മരിക്കുമ്പോൾ സാധനങ്ങളായി ശേഷിച്ചത് ഒരു തകരപ്പെട്ടിയും ഏതാനും പഴയ വസ്ത്രങ്ങളും മാത്രം.

സ്ഥാനങ്ങളോടും സാധനങ്ങളോടും മാത്രമല്ല, വ്യക്തിബന്ധങ്ങളിലും ദാരിദ്ര്യത്തിന്റെ അരൂപി അദ്ദേഹം പുലർത്തി. യാതൊന്നിനെക്കുറിച്ചും പരാതിയോ പരിഭവമോ ഇല്ലായിരുന്നു. ഒരു വസ്തുവിനോടോ ഒരു വ്യക്തിയോടോ പ്രത്യേക മമത പുലർത്താതെ തികച്ചു നിസ്സംഗമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം.

## ദാരിദ്ര്യത്തെക്കുറിച്ചുള്ള ഫാ. ഡൺസ്റ്റണിന്റെ ചിന്താധാരകൾ

*"ഭക്ഷണത്തിലും ഉടുപ്പിലും ഞാനെപ്പോഴും ആവശ്യത്തെയാണ് നോക്കിയിരുന്നത്."*

*********************

*"ഞാൻ എല്ലാം ഉപേക്ഷിച്ചുപോകേണ്ടവനാണെന്ന ചിന്ത, സന്യാസത്തെക്കുറിച്ച് എനിക്കു വിചാരം വന്നതുമുതൽ എന്നെ നയിച്ചിരുന്നു."*

*********************

*"വീട്ടിൽവെച്ച് അനുഭവിക്കേണ്ടിവന്നതിലും കഠിനമായ ദാരിദ്ര്യം അനുഭവിക്കാനല്ലേ സന്യാസത്തിൽ പ്രവേശിച്ചത്?"*

*********************

*"നമ്മുടെ വീട്ടിൽ ലഭിച്ചിരുന്നതിനേക്കാൾ സുഖസൗകര്യങ്ങൾ സന്യാസജീവിതത്തിൽ ഒരിക്കലും ഉണ്ടാകരുത്."*

*********************

*"ആവശ്യങ്ങൾ ഇല്ലാത്തവൻ ദരിദ്രനെങ്കിലും സമ്പന്നരെക്കാൾ സമ്പന്നനാണ്."*

*********************

*"എല്ലാം ഉപേക്ഷിക്കുന്നവന് നൂറിരട്ടി ലഭിക്കുമെങ്കിൽ - സ്വന്തം മനസ്സ് ഉപേക്ഷിക്കുന്നവന് എന്തു പ്രതിഫലമാണ് ലഭിക്കുക?"*

*********************

*'ആകാശത്തിലെ പറവകളെ നോക്കുവിൻ'*
*എന്ന ദൈവവചനം ചെറുപ്പം മുതൽ*
*ഡൺസ്റ്റണച്ചനെ ഹഠാദാകർഷിച്ചു.*
*'ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ'*
*എന്ന ദിവ്യസൂക്തം അക്ഷരാർത്ഥത്തിൽ*
*ജീവിതത്തിൽ പകർത്തി.*

*********************

*ഉപയോഗമില്ലെന്നു കരുതി മറ്റുള്ളവർ കളയുന്ന*
*വസ്തുക്കളിൽ മൂല്യമുണ്ട്. അവയെല്ലാം ശേഖരിച്ച്*
*ഉപയോഗയോഗ്യമാക്കി മാറ്റുന്നതിൽ ശ്രദ്ധപുലർത്തി.*

*********************

*സന്യാസസമൂഹം ദാരിദ്ര്യമെന്ന പുണ്യത്തിന്*
*സംഘാതമായ സാക്ഷ്യം നൽകണമെന്ന്*
*ഡൺസ്റ്റണച്ചൻ ആഗ്രഹിച്ചിരുന്നു.*
*ദാരിദ്ര്യമെന്ന പുണ്യം*
*എത്ര പൂർണ്ണതയിൽ അഭ്യസിച്ചാലും*
*സമൂഹമെന്നനിലയിൽ നാം*
*ധനവാന്മാരായി കാണപ്പെടുന്നുണ്ടെങ്കിൽ*
*അവിടെ സാക്ഷ്യമൂല്യത്തിനു*
*ശോഷണം സംഭവിച്ചിരിക്കുന്നു.*
*അത് ജനങ്ങൾക്കു നൽകുന്ന സന്ദേശം*
*വളരെ വിപരീതവും സന്യാസസമർപ്പണത്തിന്റെ*
*എതിർസാക്ഷ്യവുമായിത്തീരുന്നുവെന്ന്*
*സമൂഹങ്ങൾ ഓർക്കേണ്ടതാണ്.*

*********************

## സത്യവും നീതിയും

സത്യത്തെ ദൈവമായും സത്യാന്വേഷണത്തെ ദൈവാന്വേഷണമായും ഡൺസ്റ്റണച്ചൻ കണ്ടിരുന്നു. നീതിയും സത്യവും ഡൺസ്റ്റണച്ചന്റെ ജീവചങ്കായിരുന്നു. ഈ ലോകത്തിനും തനിക്കും എന്തു സംഭവിച്ചാലും ഈ രണ്ട് കാര്യങ്ങളിലും അദ്ദേഹം വിട്ടുവീഴ്ചക്ക് തയ്യാറായില്ല. സത്യത്തോടുള്ള സ്നേഹമാണ് ഡൺസ്റ്റണച്ചനെ എപ്പോഴും ദൈവത്തോടുകൂടെയാകുവാൻ പ്രേരിപ്പിച്ചത്. ഡൺസ്റ്റണച്ചന്റെ അഭിപ്രായത്തിൽ സകല പുണ്യങ്ങളുടേയും അടിസ്ഥാനം എളിമയാണ്. ഈ എളിമയുടെയും അടിസ്ഥാനം അല്ലെങ്കിൽ ഈ എളിമ തന്നെ സത്യസ്നേഹമാണ്.

പാപത്തെക്കുറിച്ച് അദ്ദേഹം പറയുന്നതിങ്ങനെയാണ്: 'സകലപാപവും അസത്യമാണ്. അറിവിനു വിപരീതമായി പ്രകടിപ്പിക്കുന്നതാണല്ലോ നുണ. സത്യത്തെ സ്നേഹിക്കുന്നവർ അജ്ഞതയിൽനിന്നും അബദ്ധങ്ങളിൽനിന്നും വിമോചിതരാകുവാൻ പരിശ്രമിക്കുന്നു. പുണ്യജീവിതം മുഴുവൻ ഒരു സത്യസ്നേഹപ്രകടനമാണ്.'

സത്യാന്വേഷണത്തിൽ ഡൺസ്റ്റണച്ചന് എന്നും താങ്ങായി നിന്നത് വി. തോമസ് മൂറിന്റെ ജീവിതമാണ്. ജീവിതത്തിൽ സത്യസന്ധത അതിന്റെ പൂർണ്ണതയിൽ ജീവിക്കുവാനുള്ള സമർപ്പണാത്മകമായ പരിശ്രമത്തിൽ ഡൺസ്റ്റണച്ചന് വഴികാട്ടിയായി നിലനിന്നിരുന്നത് വി. തോമസ് മൂറാണ്. ഒരു പ്രലോഭനങ്ങൾക്കും വശീകൃത

രായോ ഭീഷണിക്ക് വഴങ്ങിയോ അദ്ദേഹം ജീവിതം നയിക്കില്ലയെന്നത് വി. തോമസ് മൂറിൽനിന്നും പഠിച്ചതാണ്.

ഡൺസ്റ്റണച്ചന്റെ ഒരു ആപ്തവാക്യം ഇങ്ങനെയാണ്: 'സത്യമായതു വിശ്വസിക്കുക, വിശ്വസിക്കുന്നതു പറയുക, പറയുന്നത് പ്രവർത്തിക്കുക. സത്യത്തിന്റെ അംഗീകാരത്തിൽനിന്നേ നീതി പുലരുകയുള്ളൂ.' സഭയിൽ സത്യസന്ധതയുടെ കുറവുണ്ടെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ ഇങ്ങനെയാണ്: 'വാക്കൊന്ന്, പ്രവൃത്തി വേറെ! അനുസരണത്തിന്റെയും വിനയത്തിന്റെയും ജീവിതരീതി തെരഞ്ഞെടുത്തിട്ട് പ്രതാപമുള്ള ജോലി കിട്ടാതാവുമ്പോൾ അസംതൃപ്തരായി കാണപ്പെടുക. ദരിദ്രനാകാമെന്ന് വാക്കു കൊടുത്തവർ മനുഷ്യരുടെ മുമ്പിൽ പണക്കാരായി പ്രത്യക്ഷപ്പെടുക. അനുസരിക്കാമെന്ന് സമ്മതിച്ചവൻ അധികാരമോഹവുമായി നടക്കുക. ജനങ്ങളെപ്രതി ഏറ്റെടുത്ത സംരംഭങ്ങൾ സൗകര്യപൂർവ്വം മാറ്റിവച്ചു മറ്റു കാര്യങ്ങൾ തേടിപ്പോവുക' - ഇതെല്ലാം സത്യസന്ധതയുടെ കുറവാണെന്ന് ഡൺസ്റ്റണച്ചൻ പറയുന്നു. അദ്ദേഹത്തിന്റെ ഏറ്റവും വലിയ പ്രത്യേകതതന്നെ സത്യത്തിനുവേണ്ടി മുഖം നോക്കാതെ വാദിക്കുമ്പോഴും വിനീതഭാവവും ശാന്തശീലവും ഒരിക്കലും കൈവെടിഞ്ഞിട്ടില്ല എന്നതാണ്. അദ്ദേഹത്തിന് ആരോടും പ്രതികാരമനോഭാവമുണ്ടായിരുന്നില്ല. സത്യത്തിനോടുള്ള കൂറും നീതി പുലരുന്നതിനുള്ള പരിശ്രമവുമാണ് അദ്ദേഹത്തിന്റെ മുഖമുദ്ര.

# കുടുംബം – വിശുദ്ധിയുടെ ഉറവിടം

വിശുദ്ധ കൊച്ചുത്രേസ്യാപുണ്യവതിയിലും ഡൺസ്റ്റണച്ചനിലും ഒരു വിശുദ്ധജീവിതത്തിന്റെ വിത്ത് പാകിയത് സ്വന്തം കുടുംബവും കുടുംബാംഗങ്ങളും കുടുംബങ്ങളിലുണ്ടായിരുന്ന പ്രാർത്ഥനാനുഭവവുമാണ്. വിശുദ്ധരെ അവരായിരിക്കുന്ന ആത്മീയസ്ഥിതി കൈവരിക്കുവാൻ ഇടയാക്കിയതിൽ സ്വകുടുംബത്തിലെ ദൈവികമായ അന്തരീക്ഷം ഏറെ സഹായിച്ചിട്ടുണ്ട്. കൊച്ചുത്രേസ്യ പുണ്യവതിയെ ഏറ്റവും കൂടുതൽ സഹായിച്ചത് സ്വന്തം പിതാവും സഹോദരികളുമാണെങ്കിൽ ഡൺസ്റ്റണച്ചനെ സ്വാധീനിച്ചത് സ്വന്തം മാതാപിതാക്കന്മാരും തന്റെ ചേച്ചി കുഞ്ഞേത്തിയും ആയിരുന്നു.

ഡൺസ്റ്റണച്ചന്റെ ജീവചരിത്രം ഇങ്ങനെ സാക്ഷ്യപ്പെടുത്തുന്നു: എനിക്ക് ഓർമ്മവച്ച നാളുകളിൽ കുടുംബത്തിൽ ഒരു അദ്ധ്യാത്മിക അന്തരീക്ഷം ഉണ്ടായിരുന്നു. മാസാദ്യവെള്ളിയാഴ്ചകളിൽ കുടുംബപ്രതിഷ്ഠ വളരെ ശുഷ്കാന്തിയോടുകൂടി നവീകരിക്കപ്പെട്ടിരുന്നു. പ്രതിഷ്ഠാജപം സ്വന്തം അപ്പൻ തന്നെയാണ് ചൊല്ലാറുണ്ടായിരുന്നത്. ആ ചൊല്ലുന്ന സമയത്ത് അപ്പനെ കാണുന്നതും കേൾക്കുന്നതും വളരെ ഭക്തി സംവർദ്ധകമായ ഒന്നാണ്. ദീർഘമായ യാത്രയ്ക്ക് പോകുന്നതിനുമുമ്പ് പ്രതിഷ്ഠ എല്ലാവരുംകൂടി ചൊല്ലാറുണ്ട്. യാത്ര കഴിഞ്ഞുവരുമ്പോഴും നന്ദി പറയുന്നതിനും അപ്പൻ സമയം കണ്ടെത്താറുണ്ട്.

മറ്റ് കുടുംബങ്ങളിൽനിന്നും വരുന്നവരോട് ഈശോയുടെ തിരുഹൃദയത്തിൽനിന്നു ലഭിക്കാവുന്ന അനുഗ്രഹങ്ങളെക്കുറിച്ച് ഉപദേശരൂപത്തിൽ പറഞ്ഞ് ധരിപ്പിക്കാറുണ്ട്. അപ്പൻ അനേകം സംഗതികൾക്കുവേണ്ടി പ്രാർത്ഥിക്കാറുണ്ട്. എന്നാൽ സ്വന്തം വിഷമതകൾ മാറിക്കിട്ടാൻ ഒരിക്കലും പ്രാർത്ഥിച്ചിട്ടില്ല. വി. കുർബ്ബാന സ്വീകരിക്കുന്നതിനുമുൻപും പിൻപുമുള്ള ജപങ്ങൾ പുസ്തകത്തിൽനിന്നും പഠിച്ചതു കൃത്യമായി ചൊല്ലിയിരുന്നു. അത് അപ്പൻ പഠിപ്പിച്ച ഒരു ശീലമായിരുന്നു.

അമ്മ ചില ഭക്തകൃത്യങ്ങൾ ചൊല്ലുന്നതിന് എന്നെ പ്രേരിപ്പിച്ചിട്ടുണ്ട്, നിർബന്ധിച്ചിട്ടുണ്ട്. വി. കുർബാന കാണൽ, ശനിയാഴ്ചകളിലും പ്രത്യേക തിരുനാളുകളിലും വി. കുർബാന സ്വീകരണം, ഉറങ്ങാൻ കിടക്കുമ്പോഴും ഉറക്കമുണരുമ്പോഴും മൂന്നു 'നന്മ നിറഞ്ഞ മറിയം' ചൊല്ലുക എന്നിങ്ങനെയുള്ള ഭക്തകൃത്യങ്ങൾ അമ്മയാണ് പഠിപ്പിച്ചുതന്നത്.

വീട്ടിൽ സന്ധ്യക്കു ത്രികാല ജപം ചൊല്ലിക്കഴിഞ്ഞാലുടൻ കുടുംബാംഗങ്ങൾ എല്ലാവരും തനിച്ചു കുറെ സമയം പ്രാർത്ഥിക്കുന്ന ഒരു പതിവ് വീട്ടിലുണ്ടായിരുന്നു. തനിയെ ചൊല്ലേണ്ട പ്രാർത്ഥനകളെക്കുറിച്ച് നിർദ്ദേശം നൽകിയിരുന്നത് അമ്മ ആയിരുന്നു.

ഈ പ്രാർത്ഥനകളുടെ സമയത്താണ് ഭക്തിജീവിതത്തിലേക്ക് ഒരുക്കിയിരുന്ന ചില നിശ്ചയങ്ങളും, എന്റെ തെറ്റുകളെക്കുറിച്ചു മനസ്താപവും, പുണ്യം ചെയ്യുന്നതിനുള്ള അനുഗ്രഹവും, സ്വശക്തിയിൽ അവിശ്വാസവും, ദൈവത്തിലുള്ള വിശ്വാസവും തന്റെ ജീവിതത്തിൽ സ്വരുക്കൂട്ടിയത്.

ഈ മാതാപിതാക്കന്മാരുടെ പരിശീലനത്താൽ വി. കുർബാന ഉൾക്കൊള്ളുമ്പോൾ ഡൺസ്റ്റണച്ചൻ തന്നെ വിശുദ്ധനാക്കണമെന്നും അമ്മ മരിക്കുന്നതിനുമുമ്പു എന്നെ മരിപ്പിക്കണമെന്നും ഞാൻ കുർബാനക്കു കൂടുന്നതും കുർബാന ചൊല്ലുന്നതും കാണുവാനുള്ള ഭാഗ്യം അമ്മക്ക് കൊടുക്കണമെന്നും എല്ലായ്പോഴും പ്രാർത്ഥിച്ചിരുന്നു.

ഈ മാതാപിതാക്കന്മാരുടെ മാതൃകയാലും പരിശീലനത്താലും വിശുദ്ധനാകണമെന്ന ഒരേയൊരു ലക്ഷ്യം ഡൺസ്റ്റണച്ചന്റെ ജീവിതത്തിൽ വന്നുചേർന്നു.

മരണാവസരത്തിലും ഫാ. ഡൺസ്റ്റൺ പ്രാർത്ഥിച്ചിരുന്നത് ഇങ്ങനെയാണ്: "കർത്താവേ പൊറുക്കണമേ, കർത്താവേ ക്ഷമിക്കണമേ" വേദനയുടെ നിമിഷങ്ങളിൽ "ഈശോ രക്ഷിക്കണെ, മാതാവേ സഹായിക്കണെ" എന്ന് പതിവായി അദ്ദേഹം ഉരുവിട്ടുകൊണ്ടിരുന്നു.

## ആത്മരക്ഷയുടെ പ്രാധാന്യം

മനുഷ്യനെ അപഗ്രഥിക്കുമ്പോൾ ശാസ്ത്രം എപ്പോഴും ആത്മാവിന് (Soul) പ്രാധാന്യം കൊടുക്കാറുണ്ട്. ആത്മാവും ശരീരവും തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ടെന്ന് ഏവർക്കും അറിയാം. ഇങ്ങനെ ചിന്തിക്കുമ്പോൾ മനസ്സിന്റെ സന്തോഷവും സന്താപവും നമ്മുടെ ശരീരത്തെയും ബാധിക്കുമെന്ന് നമുക്ക് എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. വിശുദ്ധഗ്രന്ഥത്തിൽ ഉൽപത്തി പുസ്തകത്തിൽ പറയുന്നതിങ്ങനെയാണ്. "ദൈവമായ കർത്താവ് ഭൂമിയിലെ പൂഴികൊണ്ട് മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിക്കുകയും ചെയ്തു. അങ്ങനെ മനുഷ്യൻ ജീവനുള്ളവനായിത്തീർന്നു" (ഉൽപത്തി 2:7-8). വെറും പൂഴിയായ മനുഷ്യന് ജീവൻ നൽകുന്നത് അവന്റെ ആത്മാവുകൊണ്ടാണ്. ഇതിൽനിന്നും മറ്റൊരു സത്യവും പുറത്തുവരുന്നുണ്ട്. ദൈവത്തിന്റെ ശ്വാസമാണ് ഈ ആത്മാവ്. ആയതിനാൽ ദൈവത്താൽ ഓരോ മനുഷ്യനും ജീവനുള്ളതായിത്തീരുന്നു; ആത്മാവുള്ളതായിത്തീരുന്നു. ഈ ആത്മാവിന്റെ രക്ഷയെക്കുറിച്ചാണ് വിശുദ്ധന്മാർ തങ്ങളുടെ ജീവിതത്തിൽ പ്രാധാന്യം കൊടുക്കുന്നതും പ്രതിപാദിക്കുന്നതും.

വി. യോഹന്നാൻ ക്രൂസ് ആത്മാവിനെക്കുറിച്ച് വളരെ ശക്തമായി ധ്യാനിച്ച്, അത് ജീവിതത്തിൽ പകർത്തി, മറ്റുള്ളവർക്കായി തന്റെ തൂലികയിലൂടെ പകർന്നുകൊടുത്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ചില ചിന്തകൾ ശ്രദ്ധേയമാണ്

(കർമ്മല മലയേറ്റം ഇരുണ്ട രാത്രി).

1) ധ്യാനം എന്ന വെളിച്ചംമൂലം ദൈവം ആത്മാവിന് അവരുടെ അവസ്ഥ വെളിപ്പെടുത്തുന്നു.

2) ഈ ധ്യാനത്തിൽനിന്നും സിദ്ധിക്കുന്ന ബോധനത്താൽ, ദൈവവും സൃഷ്ടികളും തന്നെ കൈവെടിഞ്ഞു എന്ന ധാരണ ഒരുവനിലുളവാകുന്നു.

3) അന്തഃശക്തികളുടെ പ്രവർത്തനത്തിൽനിന്നും സിദ്ധിച്ചിരുന്ന സംതൃപ്തിയുടെ അഭാവം പ്രാർത്ഥനയിൽ അമ്മാതിരി പ്രവർത്തനങ്ങളെ ഉപേക്ഷിക്കാൻ ആത്മാവിനെ പ്രേരിപ്പിക്കുന്നു.

4) ദൈവത്താൽ പരിത്യക്തനായി എന്ന വിചാരം, അന്തഃശക്തികൾകൊണ്ടു പ്രവർത്തിക്കാനുള്ള അപ്രാപ്തി. ആ വിചാരത്തെ വളരെയധികം രൂക്ഷമാക്കും - ആത്മാവിനെ നരകയാതന ഏൽപ്പിച്ചുകൊണ്ടിരിക്കും.

5) ധ്യാനം ബുദ്ധിയെ പ്രകാശിപ്പിക്കുന്നതിനുപുറമേ മനസ്സിൽ സ്നേഹം സംവേദിക്കുന്നു; തന്മൂലം പുണ്യപൂർണ്ണതയ്ക്കായുള്ള ആത്മാവിന്റെ ആവേശം അത്യന്തം രൂക്ഷമാവുകയും, ദൈവത്തെ പ്രസാദിപ്പിക്കുന്നതിനും അവിടുത്തെ ആനുകൂല്യങ്ങൾ നേടുന്നതിനുമുള്ള പോംവഴികൾ അത്യുത്സാഹത്തോടെ അന്വേഷിക്കുവാൻ അവർക്ക് പ്രേരകമാവുകയും ചെയ്യും.

വി. അമ്മത്രേസ്യ തന്റെ ആത്മാക്കളുടെ രക്ഷയ്ക്കായി പ്രാർത്ഥനയിൽ അഭിവൃദ്ധിപ്പെടുവാൻ ഉത്ബോധിപ്പിക്കു

കയും അതിനായി ചില മാർഗ്ഗനിർദ്ദേശങ്ങൾ തരുകയും ചെയ്യുന്നുണ്ട്. പ്രാർത്ഥനയെ മൂന്ന് വ്യത്യസ്തഭാവങ്ങളായി ചിത്രീകരിക്കുന്നുണ്ട്. ഒന്നാമതായി, നമ്മുടെ ആവശ്യമുള്ള കാര്യങ്ങൾ ദൈവത്തെ അറിയിക്കുക. രണ്ടാമതായി, അധരങ്ങൾ ഉച്ചരിക്കാതെ, ഹൃദയംകൊണ്ടുമാത്രം ദൈവത്തോട് സംസാരിക്കുക. മൂന്നാമതായി, നിർമ്മലവും സ്നേഹനിർഭരവുമായ വിധം ആകാംക്ഷകളുടെ ചിറകുകളിൽ ദൈവത്തിങ്കലേക്ക് പറന്നുയരുക.

ഈ വിധത്തിൽ ഓരോ മനുഷ്യനും തന്റെ ആത്മാവുകളെ ദൈവത്തിങ്കലേയ്ക്കുയർത്തി, ദൈവത്തിന് ഇഷ്ടപ്പെട്ടവരായി സമാധാനത്തിലും സന്തോഷത്തിലും ജീവിക്കുവാൻ ആഹ്വാനം ചെയ്യുന്നു. പ്രാർത്ഥനയെക്കുറിച്ച് ആ വിശുദ്ധ പറയുന്നതിങ്ങനെയാണ്: "പ്രാർത്ഥന ആത്മാവിന്റെ ഭക്ഷണമാണ്; നമ്മെ സ്നേഹിക്കുന്നുവെന്ന് നമുക്ക് അറിയാവുന്ന ദൈവവുമായിട്ടുള്ള സ്നേഹം സംസർഗ്ഗമാണ്; കൂടെക്കൂടെയുള്ളതും ഒറ്റയ്ക്കുള്ളതുമായ സംഭാഷണമാണ്." അമ്മത്രേസ്യായുടെ ജീവിതത്തിലും ഏറ്റവും പ്രാധാന്യം കൊടുത്തിരുന്നത് ഈ ആത്മാക്കൾക്കായിരുന്നു; അവരുടെ രക്ഷയ്ക്കായുള്ള പ്രവർത്തനങ്ങൾക്കും പ്രാർത്ഥനകൾക്കുമായിരുന്നു.

ഇങ്ങനെ വിശുദ്ധാത്മാക്കൾ തങ്ങളുടെ ജീവിതത്തിൽ ഏറ്റവും പ്രാധാന്യം കൊടുത്തിരുന്നത് ഈ ആത്മാവുകൾക്കാണ്, അവരുടെ രക്ഷയെക്കുറിച്ചാണ്. ഇവിടെ കൊച്ചുത്രേസ്യാപുണ്യവതിയുടെ ജീവചരിത്രത്തിലും ഡൺസ്റ്റണച്ചന്റെ ജീവിതത്തിലും നമുക്ക് ഈ ആത്മാ

ക്കളെക്കുറിച്ചുള്ള ശ്രദ്ധ കാണാവുന്നതാണ്. നിങ്ങൾ ലോകം മുഴുവനും പോയി സുവിശേഷം പ്രസംഗിച്ച് പരിശുദ്ധാത്മാവിനെ നൽകി, ജ്ഞാനസ്നാനം നൽകുവാൻ പറഞ്ഞ യേശുവിന്റെ വാക്കുകളും (മത്താ. 28:19) ഈ മനുഷ്യരുടെ ആത്മാക്കളുടെ രക്ഷയെക്കുറിച്ചാണ് ഉത്ബോധിപ്പിക്കുന്നത്.

ഈ ചെറുഗ്രന്ഥത്തിൽ ആത്മാക്കൾക്ക് കൊടുത്ത പ്രാധാന്യത്തെ - പ്രത്യേകിച്ച് വി. കൊച്ചുത്രേസ്യായും ഡൺസ്റ്റണച്ചനും നൽകിയ പ്രാധാന്യത്തെ എടുത്തു വിചിന്തനം ചെയ്യുകയാണ്. ലോകം ഇന്ന് കൂടുതൽ സംസാരിക്കുന്നതും ചിന്തിക്കുന്നതും മനുഷ്യന്റെ ശരീരത്തിന്റെ വളർച്ചയും തളർച്ചയും അതിന്റെ വിജയവും പരാജയവുമൊക്കെയാണ്. എന്നാൽ കൊടുക്കേണ്ട പ്രാധാന്യം സ്വന്തം ആത്മാക്കളുടെ രക്ഷയെക്കുറിച്ചാണെന്ന് നവമാലികയിലൂടെയും ഡൺസ്റ്റണച്ചന്റെ ചിന്തകളിലൂടെയും നാം മനസ്സിലാക്കുന്നു.



# വചസ്സ്

## 1

"ഭക്ഷണത്തിലും ഉടുപ്പിലും
ഞാനെപ്പോഴും ആവശ്യത്തെയാണ്
നോക്കിയിരുന്നത്."

ഫാ. ഡൺസ്റ്റൺ

# വ്യാഖ്യാനം

ആഡംബരങ്ങൾക്കും അലങ്കാരങ്ങൾക്കും പുറകെ പോകാതെ ആവശ്യങ്ങളെ മാത്രം ഡൺസ്റ്റണച്ചൻ കൂടുതൽ ഇഷ്ടപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ ജീവിതംതന്നെ അതിനുദാഹരണമാണ്. ഇന്നലെകൾ ബാക്കിവച്ച, ഇന്നുകളിലെ വേണ്ടാത്ത ഭക്ഷണപദാർത്ഥങ്ങൾ ഡൺസ്റ്റണച്ചന് ഇഷ്ടഭോജനമായിരുന്നു. അത് ആശയടക്കമാണോ, പരിത്യാഗമാണോയെന്നറിയില്ല. രുചി കുറഞ്ഞതും രുചിയില്ലാത്തതുമായ ഭക്ഷണപദാർത്ഥങ്ങളെ രുചിയോടെ ഭക്ഷിച്ചിരുന്ന ഒരു സന്യാസി. മനസ്സിൽ ഒരു നേരത്തെ ഭക്ഷണത്തിനായി വലയുന്നവരും കുരിശിൽ കിടന്ന് എനിക്ക് ദാഹിക്കുന്നുവെന്നു പറഞ്ഞ യേശുക്രിസ്തുവും അദ്ദേഹത്തിന്റെ ഭക്ഷണങ്ങൾക്ക് രുചി പകർന്നു. ഹോട്ടലുകളുടെ സമീപവും വീടുകളുടെ സമീപവും നാല്ക്കവലകളിലും സ്ഥാപിച്ച കുപ്പകളിൽനിന്നും മലീമസമായ ഭക്ഷണം ആർത്തിയോടെ വയറ്റിലാക്കുന്ന മനുഷ്യമൃഗങ്ങളെ കണ്ട്, അലിവു തോന്നിയിട്ടുള്ള ഡൺസ്റ്റണച്ചന് തന്റെ ജീവിതത്തെ അവരുമായി മനസ്സിൽ ഒത്തുചേരാൻ ലഭിക്കുന്ന അവസരങ്ങളായി ഈ ഭോജനങ്ങളെ അദ്ദേഹം കണ്ടിരുന്നു. ദാരിദ്ര്യത്തിന് ഒരുത്തരം കിട്ടാതെ ജീവിതയാത്രയിൽ അലഞ്ഞിരുന്ന ഈ സന്യാസിയ്ക്ക് അമിതവും അനാവശ്യവുമായ ഭക്ഷണം വേണ്ടായിരുന്നു. അതുപോലെത്തന്നെ അത്യാവശ്യമായി നഗ്നത മറയ്ക്കുവാൻ ആഗ്രഹിച്ചിട്ട് സാധിക്കാതെ ഗ്രാമങ്ങളിലും പട്ടണങ്ങളിലും ഭിക്ഷ യാചിച്ചു നടക്കുന്ന മനുഷ്യരിൽനിന്നും വസ്ത്ര

ത്തോടുള്ള അതിശക്തമായ വിരക്തി അദ്ദേഹം പഠിച്ചു. മേൽപറഞ്ഞ വചസ്സുകളുടെ ഉള്ളർത്ഥങ്ങളിലേക്ക് നമുക്കു കടന്നുചെല്ലാം.

## സ്വയാവലോകനം

- എന്റെ ജീവിതത്തിൽ ഭക്ഷണത്തിനും ഉടുപ്പിനും എന്ത് പ്രാധാന്യമാണുള്ളത്?
- നമ്മുടെ ജീവിതത്തിൽ ആവശ്യവും അത്യാവശ്യവും അനാവശ്യവും മനസ്സിലാക്കുവാൻ സാധിക്കുന്നുണ്ടോ?
- ജീവിതത്തിൽ നമ്മെ ബഹുമാനിക്കുന്നവർ എന്തു മാത്രം ഉണ്ട്, അവരുടെ മാനദണ്ഡം എന്ത്?

# വചസ്സ്

## 2

"ഞാൻ എല്ലാം ഉപേക്ഷിച്ചു
പോകേണ്ടവനാണെന്ന ചിന്ത,
സന്യാസത്തെക്കുറിച്ച് എനിക്കു
വിചാരം വന്നതുമുതൽ
എന്നെ നയിച്ചിരുന്നു."

ഫാ. ഡൺസ്റ്റൺ

# വ്യാഖ്യാനം

വീട്ടിൽനിന്ന് സന്യാസത്തിനായി ഇറങ്ങുമ്പോൾ, വീടിനോടും വീട്ടുകാരോടും എന്നെന്നേയ്ക്കുമായി യാത്ര പറഞ്ഞ ഡൺസ്റ്റണച്ചൻ അന്നുമുതൽ ഉപേക്ഷയുടെ തത്വശാസ്ത്രം ജീവിതത്തിൽ സ്വീകരിച്ചു. നിധി കണ്ടെത്തിയാൽ എല്ലാം വിറ്റ് ആ സ്ഥലം കൈക്കലാക്കുമെന്ന് പറയുന്ന സുവിശേഷം മുൻനിർത്തിയാണ് ഡൺസ്റ്റണച്ചൻ എല്ലാം ഉപേക്ഷിച്ച് സന്യാസം പുൽകിയത്. 'ചിലതൊക്കെ ഉപേക്ഷിച്ചാലേ ചിലതൊക്കെ നേടാൻ കഴിയുകയുള്ളൂ' എന്ന വാക്യത്തിന്റെ പൂർത്തീകരണമാണ്. ഇന്ന് അങ്ങനെയുള്ള ഉപേക്ഷയുടെ പരിണിതഫലം നാം അനുഭവിച്ചുകൊണ്ടിരിക്കുന്നു. ജീവിച്ചിരിക്കുമ്പോഴും അതിനുശേഷവും ധാരാളം അനുഗ്രഹങ്ങൾ ആ വിശുദ്ധനായ വ്യക്തിയിലൂടെ സമൂഹത്തിനും വ്യക്തകൾക്കും ലഭിച്ചുകൊണ്ടിരിക്കുന്നു. ഒരു ഉപേക്ഷ കൊണ്ട് ലോകം മുഴുവനും കീഴടക്കിയ യോദ്ധാവാണ് ഡൺസ്റ്റണച്ചൻ. ജീവിതമെന്ന ചെറുനിമിഷങ്ങളെ തന്റെ ശൂന്യവൽക്കരണംകൊണ്ട് അദ്ദേഹം കീഴടക്കിയപ്പോൾ, ലോകം മുഴുവനും നേടാൻ ദൈവം അദ്ദേഹത്തെ നിയോഗിക്കുകയായിരുന്നു. ഏതൊരു വിശുദ്ധന്റേയും ജീവിതം ഇത്തരത്തിലുള്ള കെട്ടിപ്പടുക്കലുകളാണ്. ഇവിടെ സ്വയം ശൂന്യവൽക്കരണത്തിന്റെ, ഉപേക്ഷയുടെ തത്വശാസ്ത്രം ലോകത്തിന്റെ മുമ്പിൽ പ്രകാശിതമാകുവാൻ ഈ സന്യാസപുരോഹിതനിലൂടെ സാധ്യമായെന്നുള്ള സത്യം എടുത്തുപറയേണ്ടിയിരിക്കുന്നു.

## സ്വയാവലോകനം

- എന്റെ ജീവിതത്തിൽ മരണത്തെക്കുറിച്ച് യഥാർത്ഥത്തിൽ ചിന്തിക്കാറുണ്ടോ?
- ലോകത്തെ ഉപേക്ഷിക്കുവാൻ നാം ആരംഭിച്ചുകഴിഞ്ഞോ?
- സന്യാസജീവിതത്തിൽ ഈ ഉപേക്ഷയുടെ പരിശീലനം നാം നടത്തുന്നുണ്ടോ?

# വചസ്സ്

## 3

"വീട്ടിൽവെച്ച് അനുഭവിക്കേണ്ടിവന്നതിലും
കഠിനമായ ദാരിദ്ര്യം അനുഭവിക്കാനല്ലേ
സന്യാസത്തിൽ പ്രവേശിച്ചത്.
നമ്മുടെ വീട്ടിൽ ലഭിച്ചിരുന്നതിനേക്കാൾ
സുഖസൗകര്യങ്ങൾ സന്യാസജീവിതത്തിൽ
ഒരിക്കലും ഉണ്ടാകരുത്"

ഫാ. ഡൺസ്റ്റൺ

# വ്യാഖ്യാനം

സന്യാസവ്രതമനുഷ്ഠിക്കുന്നവന്റെ മനസ്സാക്ഷിയിൽനിന്നും ഉതിർകൊണ്ട സ്വരമാണിത്. ആത്മാവിന്റെ സ്വരം ദാരിദ്ര്യവ്രതത്തെക്കുറിച്ച് ജീവിതത്തിൽ വിശകലനം ചെയ്തുചെയ്ത് തന്നോടുതന്നെ ചോദിക്കുന്ന ചോദ്യമാണിത്. വീട്ടിൽ ഡൺസ്റ്റണച്ചൻ സമ്പന്നനായിരുന്നില്ലയെന്നത് അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ആ ദാരിദ്ര്യത്തേക്കാൾ കൂടുതൽ ദരിദ്രനാവാനാണ് അദ്ദേഹം സന്യാസത്തിന്റെ ആശ്രമഭിത്തികൾക്കിടയിൽ വന്നത്. അത് അവിടെ കാണാതായപ്പോൾ അദ്ദേഹം തന്നോടുതന്നെ ചോദിച്ച ചോദ്യമാണിത്. ഈ ചോദ്യത്തിന്റെ അലയൊലികൾ മറ്റുള്ള സന്യാസവ്രതങ്ങളനുഷ്ഠിക്കുന്നവരുടെ മനസ്സുകളിലും വന്നുലയ്ക്കുന്നുണ്ട് എന്ന സത്യവും ഇവിടെ നിലനിൽക്കുന്നു. ഈ ചോദ്യം ഏതൊരു സന്യാസിയോടും, ഈ ലോകത്തിനോടും, സർവ്വത്യാഗപരിത്യാഗികളോടും ചോദിക്കുന്ന ചോദ്യമാണ്. ഈ സംശയം ഏവരുടേയും മനസ്സുകളിൽ ഒളി മറയാതെ തിങ്ങിനിൽക്കുന്നു. അദ്ദേഹം സഭയിൽ അങ്ങനെയാണ് ജീവിച്ചിരുന്നതെന്ന് ഏവർക്കും അറിയാം. ഇന്നും സന്യാസസഭകളിൽ പ്രസക്തമായിരിക്കുന്ന ഈ ചോദ്യം അലയടിച്ചങ്ങനെ നിലകൊള്ളുന്നു.

# സ്വയാവലോകനം

- ഈ ഡൺസ്റ്റണച്ചന്റെ ചോദ്യത്തിന് മറുപടി എന്താണ്?
- ദാരിദ്ര്യവ്രതത്തിന് ഇത്രയും തീക്ഷ്ണത കൊടുക്കാമോ?
- ഇന്നത്തെ ലോകത്തിൽ ആരെങ്കിലും ഇതുപോലെ ചിന്തിക്കാറുണ്ടോ?
- സന്യാസസമൂഹങ്ങളിലെ സമ്പത്തിനെക്കുറിച്ചുള്ള അഭിപ്രായമെന്ത്?

# വചസ്സ്

**4**

“ആവശ്യങ്ങൾ ഇല്ലാത്തവൻ ദരിദ്രനെങ്കിലും സമ്പന്നരെക്കാൾ സമ്പന്നനാണ്.”

ഫാ. ഡൺസ്റ്റൺ

# വ്യാഖ്യാനം

ശ്രീബുദ്ധൻ പറയുന്ന ഒരു വാക്യമുണ്ട്: 'ആശയാണ് എല്ലാ ദുഃഖങ്ങൾക്കും കാരണം.' ഇവിടെ ഡൺസ്റ്റണച്ചൻ, ദൈവം നൽകുന്നവയിൽ ഏറെ സംതൃപ്തനായിരുന്നു. 'ഒന്നും ഉപേക്ഷിക്കുകയോ, ഒന്നും അപേക്ഷിക്കുകയോ' ചെയ്യില്ലായെന്ന് പ്രതിജ്ഞയെടുത്തിട്ടുള്ള വിശുദ്ധാത്മാക്കളും സഭയിലുണ്ട്. ആവശ്യങ്ങൾ ഇല്ലാത്തവൻ വളരെ സമ്പന്നനാണ് എന്നത് ഡൺസ്റ്റണച്ചന്റെ ജീവിതദർശനമായിരുന്നു. അവൻ എന്നും സംതൃപ്തനാണ്. ഈ ലോകത്തിലെ ഏറ്റവും വലിയ സന്തോഷവാനാരെന്നു ചോദിച്ചാൽ ഒരുപക്ഷെ തെരുവോരത്തിൽ കഴിയുന്ന ഭിക്ഷക്കാരനായിരിക്കാം. സമ്പന്നതയുടെ മാനദണ്ഡങ്ങൾ ഡൺസ്റ്റണച്ചൻ പൊളിച്ചെഴുതി. സമ്പന്നത, വെറും ബാഹ്യമല്ലാ; അത് ഓരോ മനുഷ്യന്റെയും മനസ്സും ആത്മാവും ഉൾപ്പെടുന്നതാണ്. ഒരുപക്ഷേ ഒരു ദൈവികമനുഷ്യൻ സമ്പത്തായി കരുതുന്നതും, ഒരു ബാഹ്യമനുഷ്യൻ സമ്പത്തിനെ കാണുന്നതും തമ്മിൽ വലിയ അന്തരമുണ്ടാകും. ആയതിനാൽ ഒരു വിധിക്ക് നാം ഒരുമ്പെടുന്നത് ശരിയല്ല. പക്ഷെ ഒന്നു പറയാം സമ്പത്ത് എന്നു പറയുന്നത് കുറെ വസ്തുവകകളിലും പണത്തിലും ആഢംബരത്തിലും അടങ്ങിയിരിക്കുന്ന ഒന്നല്ല; അതിന് മറ്റൊരു ആദ്ധ്യാത്മികതലവും കൂടിയുണ്ടെന്ന് ഡൺസ്റ്റണച്ചൻ തന്റെ ജീവിതത്തിലൂടെ മറ്റുള്ളവർക്ക് കാണിച്ചുകൊടുത്തു. തന്റെ ജീവിതത്തിൽ ഒന്നും ഒരിക്കലും ആവശ്യപ്പെടാത്ത ഒരു ജീവിതമായിരുന്നു ഫാ. ഡൺസ്റ്റന്റേത്. ദൈവം തന്നതിൽ എന്നും സന്തോഷം കണ്ടെത്തിയ ഒരു മനുഷ്യൻ.

## സ്വയാവലോകനം

- എന്റെ ആവശ്യങ്ങൾക്കൊരു അതിരുണ്ടോ?
- എന്റെ ആവശ്യങ്ങൾ സാധിക്കാൻ ഞാൻ എന്ത് ചെയ്യുന്നു?
- ആവശ്യങ്ങൾ നേടിക്കഴിഞ്ഞ് ഞാൻ സംതൃപ്തനാണോ?

# വചസ്സ്

## 5

"എല്ലാം ഉപേക്ഷിക്കുന്നവന്
നൂറിരട്ടി ലഭിക്കുമെങ്കിൽ
സ്വന്തം മനസ്സ് ഉപേക്ഷിക്കുന്നവന്
എന്ത് പ്രതിഫലമാണ് ലഭിക്കുക?"

ഫാ. ഡൺസ്റ്റൺ

# വ്യാഖ്യാനം

ഇവിടെ ഡൺസ്റ്റണച്ചൻ ഒരു മനുഷ്യമനസ്സിന്റെ വില പറയുകയാണ്. കോടാനുകോടി സ്വത്തുക്കളാണോ അതോ ഒരു മനുഷ്യമനസ്സാണോ നമുക്ക് വില പിടിപ്പുള്ളത്. ഒരു മനുഷ്യമനസ്സിന്റെ വിലയാണ് ഇവിടെ ഡൺസ്റ്റണച്ചൻ വിളിച്ചുപറയുന്നത്. ദൈവവിളിയുടെ പ്രാധാന്യമെന്നു പറയുന്നത് ഈ വിലയാണ്. നമ്മുടെ സ്വന്തമായ മനസ്സ് മുഴുവനായും യേശുവിന് നല്കുകയെന്നു പറയുന്നതാണ് ദൈവവിളി. ആ കൊടുക്കലിന് ദൈവം പ്രതിഫലം ധാരാളമായി നൽകുന്നുണ്ട്. നിങ്ങൾ എന്തു ചോദിച്ചാലും നിങ്ങൾക്കു തരുമെന്ന് യേശു പറയുന്നുണ്ട്. ഡൺസ്റ്റണച്ചന്റെ ദൈവവിളിയുടെ മാഹാത്മ്യം യോഗാർത്ഥികളെ മനസ്സിലാക്കിക്കൊടുക്കുവാനാണ് ഈ ചോദ്യം അദ്ദേഹം മുന്നോട്ടുവച്ചത്. ഒരു നാൾ നമ്മുടെ അമ്മ പരിശുദ്ധ കന്യാമറിയം 'ഇതാ കർത്താവിന്റെ ദാസി, നിന്റെ ഇഷ്ടംപോലെ ഭവിക്കട്ടെ' എന്നു പറഞ്ഞപ്പോൾ ഇതുതന്നെയാണ് അവിടെ സംഭവിച്ചത്. 'പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നകന്നുപോകട്ടെ. എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നിറവേറട്ടെ' എന്ന് യേശുക്രിസ്തു പറഞ്ഞപ്പോൾ ഈ പ്രക്രിയ തന്നെയാണ് സംഭവിച്ചത് - 'മനസ്സ് ദാനം.' ഉടയവനായ ദൈവം നമ്മുടെ മനസ്സ് ദാനമായി ചോദിക്കുമ്പോൾ, പൂർണ്ണമായും കൊടുക്കുവാൻ തയ്യാറാവേണ്ടവരല്ലേ?

## സ്വയാവലോകനം

- സ്വന്തം ജീവന്റെ വില നാം മനസ്സിലാക്കിയിട്ടുണ്ടോ?
- സ്വർഗ്ഗത്തിൽ നമുക്ക് നൂറിരട്ടി ലഭിക്കുമെന്ന് ഉറപ്പുണ്ടോ?
- ദൈവവിളിയുടെ മാഹാത്മ്യം നാം മനസ്സിലാക്കിയോ?

# വചസ്സ്

## 6

'ആകാശത്തിലെ പറവകളെ നോക്കുവിൻ'
എന്ന ദൈവവചനം ചെറുപ്പംമുതൽ
ഡൺസ്റ്റണച്ചനെ ഹഠാദാകർഷിച്ചു.
'ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ'
എന്ന ദിവ്യസൂക്തം അക്ഷരാർത്ഥത്തിൽ
ജീവിതത്തിൽ പകർത്തി.

ഫാ. ഡൺസ്റ്റൺ

## വ്യാഖ്യാനം

ഡൺസ്റ്റണച്ചൻ ആത്മാവിൽ മാത്രമല്ല, ജീവിതത്തിൽ മുഴുവനും ദരിദ്രനായിരുന്നു. ആ ദാരിദ്ര്യത്തിൽ ആത്മ സംതൃപ്തി കണ്ടെത്തിയിരുന്നു. ആകാശത്തിലെ പറവ കളെ നോക്കി അവയുടെ സ്വാതന്ത്ര്യവും, അവരുടെ ഭാവി കാലത്തെക്കുറിച്ചുള്ള ആകുലതയില്ലായ്മയും ജീവിതസം തൃപ്തിയും മനസ്സിലാക്കി, ധ്യാനിച്ച്, ആയതിൽ സംതൃപ്തി കണ്ടെത്തിയവനായിരുന്നു. ഇന്ന് ഈ പക്ഷി കളെ കാണുവാനോ, ധ്യാനിക്കുവാനോ സമയമില്ലാത്ത ഒരവസ്ഥയായതുകൊണ്ടാണ് ആയതിലുള്ള യേശുവിന്റെ വചനാനുഭവം മനസ്സിലാക്കാൻ സാധിയ്ക്കാത്തത്. പ്രത്യ ക്ഷത്തിൽ ഡൺസ്റ്റണച്ചനെ പഠിച്ചാൽ 'ആത്മാവിൽ ദരി ദ്രർ ഭാഗ്യവാന്മാർ' എന്ന ദിവ്യസൂക്തം ജീവിതത്തിൽ ജീവി ച്ചവനാണെന്ന് മനസ്സിലാക്കാവുന്നതാണ്. ആത്മാവിൽ ആ സന്തോഷം എന്നും അദ്ദേഹം അനുഭവിച്ചിരുന്നുവെന്ന് മാത്രമല്ല, അത് മറ്റുള്ളവരിലേയ്ക്ക് പകുത്തുകൊടുത്തി രുന്നു. ആ ആത്മാവിന്റെ ദാരിദ്ര്യം ജീവിച്ച ഡൺസ്റ്റണച്ച നിൽനിന്നും അനേകായിരങ്ങൾ സന്തോഷം കണ്ടെത്തി യിരുന്നു.

## സ്വയാവലോകനം

- നമ്മുടെ ദാരിദ്ര്യം ബാഹ്യമാണോ, അതോ ആന്തരിക മാണോ?
- ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാരെന്ന് നാം മനസ്സിലാ ക്കുന്നതെങ്ങനെ?
- ആകാശത്തിലെ പറവകളിൽനിന്നും നാം എന്ത് പഠി ക്കുന്നു?

# വചസ്സ്

7

'ഉപയോഗമില്ലെന്നു കരുതി മറ്റുള്ളവർ കളയുന്ന വസ്തുക്കളിൽ മൂല്യമുണ്ട്. അവയെല്ലാം ശേഖരിച്ച് ഉപയോഗ്യമാക്കി മാറ്റുന്നതിൽ ശ്രദ്ധ പുലർത്തി.'

ഫാ. ഡൺസ്റ്റൺ

# വ്യാഖ്യാനം

പറമ്പിലും റോഡുകളിലും കിടക്കുന്ന ഉപയോഗശൂന്യമെന്ന് നാം കരുതുന്ന വസ്തുക്കൾ എടുത്തുകൊണ്ടുവന്ന് ഉപയോഗപ്രദമാക്കുവാൻ ഈ സന്യാസവര്യൻ പരിശ്രമിച്ചിരുന്നു. ഇതുപോലെത്തന്നെ ഒന്നും ഉപയോഗശൂന്യമാക്കുവാൻ അദ്ദേഹം അനുവദിച്ചിരുന്നില്ല. ചെരുപ്പിന്റെ വള്ളി പൊട്ടിയാൽത്തന്നെ അത് തുന്നി പിടിപ്പിച്ച് വീണ്ടും ഉപയോഗിച്ചിരുന്നു. ളോഹ കീറിയാൽ അത് തുന്നി വീണ്ടും വീണ്ടും ഉപയോഗിച്ചിരുന്നു. മെഴുകുതിരി കത്തിത്തീർന്ന്, അതിന്റെ മെഴുക് ബാക്കി വന്നത് ശേഖരിച്ചുവെച്ച് വീണ്ടും മെഴുകുതിരി ഉണ്ടാക്കുവാൻ അദ്ദേഹം പരിശ്രമിച്ചു. ഈ ഭൂമിയിൽ ഉപയോഗശൂന്യമായത് ഒന്നുമില്ലായെന്ന് അദ്ദേഹത്തിന്റെ ഈവിധ പ്രവൃത്തികളിലൂടെ അദ്ദേഹം തെളിയിച്ചു. 'ദാരിദ്ര്യവ്രതത്തിന്റെ' മറ്റൊരു തലവും അദ്ദേഹം കണ്ടെത്തുകയായിരുന്നു. ഇന്നത്തെ തലമുറയുമായി താരതമ്യം വെക്കുവാനോ വാദപ്രതിവാദം ചെയ്യുവാനോ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. ഇന്നത്തെ തലമുറ ഈവിധ പ്രവൃത്തികളെ പുച്ഛിച്ചു തള്ളുമായിരിക്കാം. ദൈവതിരുമുമ്പിൽ ഡൺസ്റ്റണച്ചന്റെ ചിന്തകൾക്ക് മൂല്യമുണ്ട് എന്നു കാണാവുന്നതാണ്. ഒരുപക്ഷേ മനുഷ്യമക്കളിൽ ഉപയോഗശൂന്യമല്ലാ എന്നു ചിന്തിക്കുന്ന തെരുവുമക്കളെക്കുറിച്ചും അച്ചൻ ചിന്തിച്ചിട്ടുണ്ടാകാം. ഉപയുക്തമാക്കാവുന്നതാണ് ഏതൊരു മനുഷ്യനേയുമെന്ന് അദ്ദേഹം പഠിപ്പിക്കുന്നു. തന്റെ വൈദികപരിശീലനത്തിന്റെ അടിസ്ഥാനംതന്നെയായിരിക്കാം ഇത്തരം ചിന്തകൾ.

## സ്വയാവലോകനം

- ഈ പ്രപഞ്ചത്തിൽ മൂല്യമുള്ളവയും മൂല്യമില്ലാത്തവയും എന്തൊക്കെയാണ്?
- ജീവിതത്തിൽ ഉപയോഗശൂന്യമല്ലാത്ത വസ്തുക്കളിൽ മൂല്യം കണ്ടെത്തുവാൻ എനിക്ക് കഴിയുന്നുണ്ടോ?
- മനുഷ്യരിൽത്തന്നെ മൂല്യം കണ്ടെത്തുവാൻ എനിക്ക് സാധിക്കുന്നുണ്ടോ?

# വചസ്സ്

## 8

'സന്യാസസമൂഹം
ദാരിദ്ര്യമെന്ന പുണ്യത്തിന്
സംഘാതമായ സാക്ഷ്യം നൽകണമെന്ന്
ഡൺസ്റ്റണച്ചൻ ആഗ്രഹിച്ചിരുന്നു.
ദാരിദ്ര്യമെന്ന പുണ്യം എത്ര പൂർണ്ണതയിൽ
അഭ്യസിച്ചാലും സമൂഹമെന്ന നിലയിൽ നാം
ധനവാന്മാരായി കാണപ്പെടുന്നുണ്ടെങ്കിൽ
അവിടെ സാക്ഷ്യമൂല്യത്തിനു
ശോഷണം സംഭവിച്ചിരിക്കുന്നു.
അതു ജനങ്ങൾക്കു നൽകുന്ന സന്ദേശം
വളരെ വിപരീതവും
സന്യാസ സമർപ്പണത്തിന്റെ
എതിർസാക്ഷ്യവുമായിത്തീരുന്നുവെന്ന്
സമൂഹങ്ങൾ ഓർക്കേണ്ടതാണ്.'

ഫാ. ഡൺസ്റ്റൺ

## വ്യാഖ്യാനം

ഈ വാചകങ്ങൾ സ്വർണ്ണലിപികളിൽ കൊത്തിവയ്ക്കേണ്ടവയാണ്. സത്യവും നീതിയും കൈമുതലാക്കിയവന്റെ സിംഹഗർജ്ജനമാണിത്. യേശുവിനെ കുരിശിൽ തറയ്ക്കുവാൻ ഉണ്ടായ കാരണങ്ങൾ ഈ വചസ്സുകൾ വച്ചുനോക്കുമ്പോൾ ഒന്നുമല്ലാതാവുന്നു. സന്യാസ സമൂഹത്തിൽ ജീവിച്ച്, ആ സന്യാസ സമൂഹത്തിനോട് പ്രത്യക്ഷമായി സംസാരിക്കുന്ന ഈ സത്യം, ഒന്നുകിൽ ചെവി കൊടുക്കാതിരിക്കാം, അതുമല്ലെങ്കിൽ തള്ളിക്കളഞ്ഞ്, അതിനെ പുച്ഛിക്കാം. 'ഈ പുളിയ്ക്കുന്ന മുന്തിരി ആർക്കു വേണമെന്ന്' പറഞ്ഞ കുറുക്കന്റെ വാചകം നമുക്കും ഉരുവിടാം. ജനങ്ങൾക്കു നൽകുന്ന സന്ദേശം വളരെ വിപരീതവും സന്യാസസമർപ്പണത്തിന് എതിർസാക്ഷ്യവുമായിത്തീരുന്നുവെന്ന് വെട്ടിത്തുറന്നു പറയുവാൻ ഈ ദിവ്യാത്മാവിനല്ലാതെ വേറെ ആർക്കു സാധിക്കും. ജീവിച്ചു കാണിക്കുന്നവനാണ് സംസാരിക്കാനുള്ള ചങ്കൂറ്റമുണ്ടാവുകയുള്ളൂ. അതാണ് ആ വിശുദ്ധനായ മനുഷ്യന്റെ വിശുദ്ധിയും ജീവിതവും. ഈ നൂറ്റാണ്ടിന്റെ മണിമുത്താണദ്ദേഹം. സി.എം.ഐ. സഭയുടെ മാത്രമല്ല, ആഗോളസഭയുടെ മനഃസ്സാക്ഷിയുടെ സ്വരമാണദ്ദേഹം.

## സ്വയാവലോകനം

- ഈ കാലഘട്ടത്തിൽ ഈ വാക്യം എന്റേതാക്കുവാൻ സാധിക്കുമോ?
- ഈ പറഞ്ഞ കാര്യം സത്യമാണോ, മിഥ്യയാണോ?
- എന്റെ ജീവിതത്തിൽ എന്തെങ്കിലും മാറ്റത്തിന് സാധ്യതയുണ്ടോ?



# വചസ്സ്

9

"ഇഷ്ടമുള്ള സാധനങ്ങൾ
കിട്ടാതിരിക്കുന്നതുമാത്രമല്ല, ദാരിദ്ര്യം -
പ്രത്യുത അത്യാവശ്യമുള്ളവയുടെ
അഭാവംപോലും അതിനു സന്ദർഭമുണ്ടാക്കും
എന്നെനിക്കു മനസ്സിലായി."

## വ്യാഖ്യാനം

ദാരിദ്ര്യത്തെ എന്തിനെക്കാളും അധികം സ്നേഹിക്കുന്ന വിശുദ്ധരുണ്ട്. വി. ഫ്രാൻസിസ് അസ്സീസിയുടെ ജീവിതം ഇതിനൊരു ഉദാഹരണമാണ്. മേൽപറഞ്ഞ ചിന്തയിൽ വിശുദ്ധ കൊച്ചുത്രേസ്യ ദാരിദ്ര്യത്തെ വളരെ സ്വതന്ത്രമനസ്സോടെ വിശകലനം ചെയ്യുന്ന കാഴ്ചയാണ് കാണുന്നത്. മനുഷ്യന് അത്യാവശ്യമുള്ള വസ്തുക്കൾ പോലും ലഭിക്കാതിരിക്കുന്നതിനെ കൊച്ചുത്രേസ്യ പുണ്യവതി ദാരിദ്ര്യവ്രതത്തിൽപ്പെടുത്തുന്നു. നാം ഇഷ്ടപ്പെടുന്നതും ആഗ്രഹിക്കുന്നതുമായ കാര്യങ്ങളുടെ ഇല്ലായ്മയേക്കാൾ കൂടുതലായി, ഉണ്ടാകേണ്ടതും അത്യാവശ്യമായവയുടേയും ഇല്ലായ്മകളെ 'ദാരിദ്ര്യം' എന്ന വ്രതത്തിൽ വി. കൊച്ചുത്രേസ്യ കൂട്ടിവെച്ചു.

ബുദ്ധിമാന്മാരിൽനിന്നും വിവേകശാലികളിൽനിന്നുമെല്ലാം മറച്ചുവെച്ചുകൊണ്ട് യേശു ഈ സത്യം കൊച്ചുത്രേസ്യക്ക് വെളിപ്പെടുത്തിക്കൊടുത്തു. "ഒരു സഹോദരി തന്റേതാണെന്നു കരുതി നമ്മുടേത് എടുത്തുകൊണ്ടുപോയതാണ്. എനിക്കാണെങ്കിൽ അതത്യാവശ്യമായിരുന്നു. എന്നിട്ടും അതിന്റെ അഭാവത്തിൽ സമചിത്തത വെടിയാതെ ഞാൻ, സന്തുഷ്ടഭാവം അവലംബിക്കുകയാണ് ചെയ്തത്." ഇത്രയും പറഞ്ഞുകഴിഞ്ഞാണ് ദാരിദ്ര്യത്തെക്കുറിച്ച് വി. കൊച്ചുത്രേസ്യ പറയുന്നത്. ഡൺസ്റ്റണച്ചന്റെ ജീവിതത്തിലും വി. കൊച്ചുത്രേസ്യായുടെ ഈ വാക്കുകൾ അന്വർത്ഥമാണെന്ന് നമുക്ക് മനസ്സിലാക്കാം.

## സ്വയാവലോകനം

- എന്റെ ദാരിദ്ര്യവ്രതത്തിന്റെ അളവുകോലുകൾ എന്താണ്?
- ഒലിച്ചിറങ്ങുന്ന വെള്ളപാച്ചിലിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്ന ഒരുവനാണോ ഞാൻ?
- ദാരിദ്ര്യവ്രതത്തിൽ എനിക്ക് അഭിമാനം കൊള്ളുവാൻ സാധിക്കുന്നുണ്ടോ?

# വചസ്സ്

## 10

“യേശുവിനോടുള്ള സ്നേഹം നിമിത്തം
ഇഹത്തിൽ ഏറ്റവും ദരിദ്രനും
വിസ്മൃതനുമായി കഴിയുവാൻ
ആഗ്രഹിക്കുന്നവന്
സ്വർഗ്ഗത്തിൽ ഒന്നാംസ്ഥാനം ലഭിക്കും.
അവനായിരിക്കും ഏറ്റവും കുലീനനും
സർവ്വോപരി സമ്പന്നനും.”

## വ്യാഖ്യാനം

ശരീരത്തിന്റേയും മനസ്സിന്റേയും ഇഷ്ടാനിഷ്ടങ്ങൾക്ക് വഴിപ്പെടാതെ, അതിനെ കടിഞ്ഞാണിട്ട് വളർത്തേണ്ടത് നമ്മുടെ ആദ്ധ്യാത്മിക ജീവിതത്തിന്റെയും ഭൗതിക ജീവിതത്തിന്റെയും നന്മയ്ക്ക് അത്യന്താപേക്ഷിതമാണ്. വളരെ ചെറുതായാൽപോലും ആത്മനിഗ്രഹവും ആശാനിഗ്രഹവും വലിയ വിലയുള്ളതാണെന്ന യാഥാർത്ഥ്യം ഈ ആധുനിക ലോകം മനസ്സിലാക്കുന്നുണ്ടോ? ഒരു ചെറിയ ആശാനിഗ്രഹംകൊണ്ട്, ഒരു ചെറിയ ആത്മനിഗ്രഹം കൊണ്ട് ഈ ചെറുജീവിതത്തിൽ വലിയ അത്ഭുതങ്ങൾ ചെയ്യുവാൻ സാധിക്കുമെന്ന് വി. കൊച്ചുത്രേസ്യ നമ്മെ പഠിപ്പിക്കുന്നു. ചങ്ങലയുടെ ഉറപ്പ് ഓരോ കണ്ണികളിലുമാണ് സ്ഥിതിചെയ്യുന്നത്. ചെറിയ ചെറിയ നന്മപ്രവൃത്തികളിലൂടെ, ആശാനിഗ്രഹങ്ങളിലൂടെ, സ്നേഹലാളിത്യത്തിലൂടെ മനുഷ്യർ വലിയവരായിത്തീരുന്നു. ഈ കൊച്ചു ആദ്ധ്യാത്മിക വഴികളിലൂടെ നമ്മൾത്തന്നെയും ദൈവത്തിന്റെ മുൻപിലും മനുഷ്യരുടെ മനസ്സുകളിലും മഹത്വപ്പെടുന്നു. കൊച്ചുത്രേസ്യാപുണ്യവതിയുടെ ഈ ആദ്ധ്യാത്മിക കുറുക്കുവഴി ഏവർക്കും മാതൃകാപരവും ഉപകാരപ്രദവുമാണ്.

'ഒരു നല്ല സന്യാസിയാകുവാൻ വലിയ കാര്യങ്ങളൊന്നും ചെയ്യണമെന്നില്ല. ചെറിയ കാര്യങ്ങൾ വലിയ മനസ്സോടും ആത്മസംതൃപ്തിയോടുംകൂടി നിർവ്വഹിക്കണമെന്ന് ഈശോ നമ്മിൽനിന്നാഗ്രഹിക്കുന്ന വിശ്വാസത്തോടുകൂടി ഓരോ കൃത്യവും പൂർത്തിയാക്കണം.'

ഡൺസ്റ്റണച്ചന്റെ ജീവിതചിന്ത ഇതായിരുന്നു. ഡൺസ്റ്റനച്ചൻ സഭയിൽ വലിയ വലിയ ഔദ്യോഗികസ്ഥാനങ്ങളൊന്നും അലങ്കരിച്ചിട്ടില്ല. എന്നാൽ അദ്ദേഹത്തെ ഏല്പിച്ചുകൊടുത്തിരുന്ന ചുമതലകൾ വളരെ വിശ്വസ്തതയോടുകൂടി, അതിനേക്കാളുപരി ദൈവത്തിന്റെ ഇഷ്ടപ്രകാരം വലിയ മനസ്സോടും സംതൃപ്തിയോടുംകൂടി ചെയ്തിരുന്ന കാര്യം ഏവർക്കുമറിയാം. ഇവിടെയാണ് വി. കൊച്ചുത്രേസ്യാപുണ്യവതിയുമായുള്ള വലിയ സാമ്യം.

## സ്വയാവലോകനം

- എന്റെ ജീവിതത്തിൽ പ്രാർത്ഥനയ്ക്കും തപശ്ചര്യകൾക്കും അവയർഹിക്കുന്ന സ്ഥാനം കൊടുക്കാറുണ്ടോ?
- മനസ്സിന്റെ ഇഷ്ടങ്ങൾക്ക് എന്റെ മനസ്സിനെ കയറൂരിവിടാറുണ്ടോ?
- എന്റെ ജീവിതത്തിന്റെ കടിഞ്ഞാൺ എന്റെ കയ്യിൽത്തന്നെയുണ്ടല്ലോ?
- എന്നെ ഏൽപ്പിച്ചിരിക്കുന്ന ചുമതലകൾ ഉത്തരവാദിത്വത്തോടും സന്തോഷത്തോടും സംതൃപ്തിയോടുംകൂടെയാണോ ചെയ്യുന്നത്?

# വചസ്സ്

## 11

"യേശു തന്നെ എന്റെ പാവപ്പെട്ട
കുഞ്ഞുഹൃദയത്തിന്റെ അടിത്തട്ടിൽ
മറഞ്ഞിരുന്ന് ഓരോ നിമിഷവും ഞാൻ
ചെയ്യണമെന്നു താൻ തിരുമനസ്സാകുന്നത്
എന്നിൽ പ്രവർത്തിക്കുകയും,
ഞാൻ ചിന്തിക്കണമെന്ന് അവിടുന്ന്
തിരുമനസ്സാകുന്നതെല്ലാം എന്നെക്കൊണ്ട്
ചിന്തിപ്പിക്കുകയും ചെയ്യുകയാണെന്ന്,
തികച്ചും സരളമായ രീതിയിൽ
ഞാൻ കരുതുന്നു."

# വ്യാഖ്യാനം

'ദൈവസാന്നിധ്യസ്മരണ'യെന്ന ഒരു വാചകം ഇവിടെ അന്വർത്ഥമാകുന്നു. ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യ മനസ്സിൽ എന്നും കുടികൊള്ളുന്ന ഒരു സത്യമാണ് ദൈവം. ആ സത്യത്തെ അറിയുകയും, മനസ്സിലാക്കു കയും ചെയ്യുന്നവനു മാത്രമേ മേൽപറഞ്ഞ വചന ങ്ങളിലൂടെ ജീവിക്കുവാൻ സാധിക്കുകയുള്ളു. നമ്മിലുള്ള ദൈവാത്മാവിന്റെ സാന്നിദ്ധ്യം മനസ്സിലാക്കുകയും അതിന്റെ പ്രഫുല്ലത അനുഭവിക്കുകയും ചെയ്യുന്ന ഏതൊ രുവന്റേയും ചിന്തകളിലും പ്രവൃത്തികളിലും ആ ദൈവാ നുഭവനം ഉണ്ടായിരിക്കും. മനുഷ്യന്റെ ഏതൊരു ചിന്തയും പ്രവൃത്തിയും അവനിൽ കുടികൊള്ളുന്ന ദൈവത്തിന്റെ അനുവാദത്തോടെ ചെയ്യണമെന്ന് സാരം.

ഡൺസ്റ്റണച്ചന്റെ ജീവിതത്തിൽ ഈ ദൈവസാന്നി ദ്ധ്യസ്മരണ നമുക്ക് ഏറെ വ്യക്തമായി കാണാം. സക്രാ രിയുടെ മുൻപിലായിരുന്നു ജീവിതത്തിന്റെ ഏറെ സമ യവും. 'കർത്താവേ, പൊറുക്കണമെ, കർത്താവേ ക്ഷമി ക്കണമേ' എന്ന് നിരന്തരം സുകൃതജപമായി ചൊല്ലുമാ യിരുന്നു. വേദനകളിൽ 'ഈശോ രക്ഷിക്കണമേ' 'മാതാവേ സഹായിക്കണമെ' എന്നുള്ള പ്രാർത്ഥനകളും അദ്ദേഹം ഉരുവിട്ടുകൊണ്ടിരുന്നു. അദ്ദേഹം എപ്പോഴും കീഴ്പോട്ടു നോക്കിയിരിക്കുന്നതിന്റെ കാരണമന്വേഷിച്ച പ്പോൾ പറഞ്ഞതിങ്ങനെയാണ്: 'ഞാൻ കീഴ്പ്പോട്ടു നോക്കി, നിലത്ത് മനസ്സുകൊണ്ട് പരിശുദ്ധത്രിത്വത്തിന്റെ ചിത്രം വരച്ചു. അതിനെക്കുറിച്ച് ധ്യാനിച്ചുകൊണ്ടിരിക്കു

കയാണ്. ഓരോ നിമിഷവും തന്റെ ഹൃദയത്തിലുള്ള യേശുവുമായി ഒത്തുചേർന്ന് ജീവിച്ചിരുന്ന ഒരു പുണ്യ പുരുഷനായിരുന്നു ഫാ. ഡൺസ്റ്റൺ.

## സ്വയാവലോകനം

- ഈ ദൈവസാന്നിദ്ധ്യം എനിക്ക് അനുഭവപ്പെടാറുണ്ടോ?
- നമ്മുടെ ചിന്തയേയും പ്രവൃത്തിയേയും നയിക്കുന്നത് ആരാണ്?
- ദൈവവും (ഞാനും മനുഷ്യനും) തമ്മിലുള്ള ബന്ധം എവിടെ? എത്രമാത്രം?
- എന്റെ ഹൃദയാന്തരാളത്തിൽ മറഞ്ഞിരിക്കുന്ന യേശുവിനെ എനിക്ക് ദർശിക്കുവാൻ സാധ്യമോ?

# വചസ്സ്

12

"യേശു എന്റെ കൊച്ചുതോണിയിൽ
ഉണരാൻ ഉദ്ദേശമില്ലാത്ത ഭാവത്തിൽ
ഉറങ്ങിക്കിടന്നിരുന്നു.
ഹാ! തങ്ങളുടെ ഉള്ളിൽ
സൈ്വര്യമായി കിടന്നുറങ്ങുവാൻ
അവിടുത്തെ അനുവദിക്കുന്ന ആത്മാക്കൾ
വിരളമാണെന്നു ഞാൻ
നിരീക്ഷിച്ചിട്ടുണ്ട്."

# വ്യാഖ്യാനം

ദൈവം കിടന്നുറങ്ങുന്നത് സമാധാനവും ശാന്തതയുമുള്ള കുടുംബങ്ങളിലാണ്, ഹൃദയങ്ങളിലാണ്. അവിടെ ഉണരാൻ ഉദ്ദേശമില്ലാതെ, സ്വസ്ഥമായി അവൻ കിടന്നുറങ്ങുന്നു. എന്നാൽ കാറ്റും കോളുമായി ആടിയുലയുന്ന വഞ്ചിയിൽ യേശുവിന് ഉറക്കം ലഭിക്കില്ല.

ആത്മശാന്തതയാണ് ആപേക്ഷികമായിട്ടുണ്ടാകേണ്ടത്. എവിടെ ശാന്തതയുണ്ടോ സ്വസ്ഥതയുണ്ടോ അവിടെ യേശു വിശ്രമിക്കുന്നുണ്ടാകും. അവന്റെ വീട് അതാണ്. ആദ്ധ്യാത്മികതയുടെ സവിശേഷതകളാണ് ഈ സമാധാനവും സന്തോഷവും ശാന്തതയുമെല്ലാം. ജീവിതത്തിന്റെ തന്നെ അടിസ്ഥാനങ്ങൾ ഇതൊക്കെത്തന്നെയല്ലേ? എല്ലാം ഉപേക്ഷിച്ച്, ശൂന്യവൽക്കരിച്ച്, ദൈവത്തെത്തേടി പോകുന്നവർക്ക് ദൈവത്തിന് കൊടുക്കാനുള്ള സമ്മാനമാണ് ഈ സ്വസ്ഥതയും സമാധാനവും.

വി. കുർബാന സ്വീകരിക്കുന്നതിനുമുൻപും പിൻപുമുള്ള ജപങ്ങൾ പുസ്തകത്തിൽനിന്നും പഠിച്ചതു ഡൺസ്റ്റണച്ചൻ കൃത്യമായി ചൊല്ലിയിരുന്നു. അമ്മ ചില ഭക്തകൃത്യങ്ങൾ ചൊല്ലുന്നതിന് ഡൺസ്റ്റണച്ചനെ പഠിപ്പിച്ചിരുന്നു. വി. കുർബാന കാണൽ, ശനിയാഴ്ചയിലും പ്രത്യേകതിരുനാളുകളിലും വി. കുർബാന സ്വീകരണം, ഉറങ്ങാൻ കിടക്കുമ്പോഴും ഉറക്കമുണരുമ്പോഴും മൂന്നു 'നന്മ നിറഞ്ഞ മറിയം' ചൊല്ലുക എന്നിങ്ങനെയുള്ള ഭക്തകൃത്യങ്ങൾ ചെയ്തിരുന്നു. അങ്ങനെ യേശു ഡൺസ്റ്റണച്ചന്റെ ഹൃദയത്തിൽ സ്വസ്ഥമായി എന്നും കിടന്നുറങ്ങി

യിരുന്നു. യേശുവിന് അച്ചന്റെ ഹൃദയം ഏറെ സ്വസ്ഥത നൽകിയിരുന്നു. സമാധാനവും സന്തോഷവും ആ ഹൃദയത്തിനൽനിന്നും ലഭിച്ചിരുന്നു. യേശുവിന് മാത്രമല്ല, കൂടെ ജീവിച്ചിരുന്നവർക്കും സേവനം ചെയ്തിരുന്നവർക്കും ഇത് ലഭ്യമായിരുന്നു.

## സ്വയാവലോകനം

- എന്റെ ജീവിതം ശാന്തമാണോ?
- യേശുവിന് എന്റെ ഹൃദയത്തിൽ കിടന്നുറങ്ങുവാൻ സ്ഥലം കൊടുക്കാമോ?
- എന്റെ ഹൃദയമന്വേഷിച്ച് യേശു വരുന്നുണ്ടോ?
- എവിടെയാണ് സമാധാനവും സന്തോഷവും?

# വചസ്സ്

## 13

"ഞാൻ സാക്ഷാൽ റാണി
ആണെന്ന് എനിക്ക് ബോധ്യമായി.
തന്നിമിത്തം ആസ്ഥാനമഹിമ
തടവുകാരുടെ മോചനത്തിനും
നന്ദിഹീനർക്കുവേണ്ടി രാജാവിന്റെ
ആനുകൂല്യങ്ങൾ പ്രാപിക്കുന്നതിനുമായി
ഞാൻ പ്രയോജനപ്പെടുത്തി.
ചുരുക്കത്തിൽ ശുദ്ധീകരണസ്ഥലത്തെ
സകല ആത്മാക്കളേയും മോചിപ്പിക്കുവാനും
പാപികളെ മാനസാന്തരപ്പെടുത്തുവാനും
ഞാൻ ആഗ്രഹിച്ചു."

## വ്യാഖ്യാനം

ആദ്ധ്യാത്മികതയിൽ ഉണ്ടാകുന്ന ഒരുതരം അഹങ്കാരമാണ് വി. കൊച്ചത്രേസ്യ ഇവിടെ പറയുന്നത്. ഒരുവൻ അവന്റെ ആത്മാവിലും ശരീരത്തിലും മനസ്സിലും പരിശുദ്ധനാകുമ്പോൾ അവനിൽ ഉണ്ടാകുന്ന ഒരു അവസ്ഥാവിശേഷമാണ് ഈ അഹങ്കാരം. ചിലർ അതിനെത്തുടർന്ന്, പിശാചിന്റെ പ്രലോഭനങ്ങളിൽ അകപ്പെട്ട് നശിച്ചുപോകുന്നതു കാണാം. പക്ഷെ വിശുദ്ധാത്മാക്കൾ അത്തരം പൈശാചികതയെ ചെറുത്ത് തോല്പിച്ച് ജീവിതത്തിൽ ഔന്നത്യം നേടുന്നവരാണ്.

ഇവിടെ കൊച്ചുത്രേസ്യാപുണ്യവതി ഈ ആദ്ധ്യാത്മിക ഔന്നത്യം മറ്റുള്ളവർക്കുവേണ്ടിയാണ് ഉപയോഗിക്കുന്നത് - തടവുകാർ, നന്ദിഹീനർ, ശുദ്ധീകരണസ്ഥലത്തെ സകല ആത്മാക്കൾ തുടങ്ങി സമൂഹത്തിൽ പിൻതള്ളപ്പെട്ടവർക്കായി തന്റെ ജീവിതത്തിൽ താൻ ചെയ്യുന്ന സത്പ്രവൃത്തികളും തപശ്ചര്യകളും പ്രാർത്ഥനകളും മറ്റുള്ളവർക്കുവേണ്ടി സമർപ്പിക്കുകയാണ് വിശുദ്ധ ചെയ്തിരുന്നത്. രാജാവായ ക്രിസ്തുവിനോട് റാണിയായ കൊച്ചുത്രേസ്യ എല്ലാം ചോദിച്ചുവാങ്ങിക്കൊടുത്തിരുന്നു. ദൈവവുമായുള്ള ബന്ധത്തിൽ ആയിരക്കണക്കിന് ആത്മാക്കൾ രക്ഷപ്പെട്ടു. ഈ കുറുക്കുവഴി കൊച്ചുത്രേസ്യയാണ് ജീവിതത്തിൽ പ്രായോഗികമാക്കിയത്. ദൈവത്തിൽ പൂർണ്ണമായും ആശ്രയിച്ചു ജീവിച്ച ഡൺസ്റ്റനച്ചന്റെ ജീവിതത്തിലും ദൈവം എന്ത് ചോദിച്ചാലും തരുമെന്ന ബോധ്യം വ്യക്തമായിരുന്നു. ഒരു എളിയ ദാസന്റെ മനഃസ്ഥിതി അദ്ദേഹം വെച്ചുപുലർത്തിയിരുന്നു.

## സ്വയാവലോകനം

- എന്റെ ചെറിയ ചെറിയ പ്രവൃത്തികൾ വ്യർത്ഥമാകുന്നുണ്ടോ?
- യേശുവിനോട് വി. കൊച്ചുത്രേസ്യായെപ്പോലെ ശിശുസഹജമായി സംസാരിക്കുവാനും പെരുമാറുവാനും ശാഠ്യം പിടിക്കുവാനും സാധിക്കുന്നുണ്ടോ?

# വചസ്സ്

## 14

"എന്റെ തോണിയുടെ പായകൾ
പൂർണ്ണമായി വിരിച്ചുകെട്ടി,
അവയ്ക്കുമീതെ അതിശീഘ്രത്തിൽ,
ആ വൈദികൻ എന്നെ
പായിച്ചു."

## വ്യാഖ്യാനം

തോണിയിൽത്തന്നെ ഉള്ള വസ്തുക്കളാണ് പങ്കായം, പായ, മുളകൾ, ചരട് എന്നിവ. തോണിയാത്രയിലെന്ന പോലെത്തന്നെ ജീവിതയാത്രയിലും നമുക്കിത് സ്വീകരിക്കാം. എന്നാൽ അത് ഉപയോഗിച്ച് ജീവിതത്തെ അതിന്റെ ലക്ഷ്യത്തിൽ അതിവേഗം എത്തിക്കണമെന്ന തീഷ്ണതയില്ലായെങ്കിൽ ഈ ഉപകരണങ്ങൾക്കൊന്നിനും ഒരർത്ഥവുമില്ല എന്നും നാം തിരിച്ചറിയണം. അതുതന്നെയുമല്ല ഈ തിരിച്ചറിവ് പുണ്യവതിക്ക് ഉണ്ടായിരുന്നു. ആ തീക്ഷണത പരനിൽ ചാർത്തിക്കൊടുക്കേണ്ട ചുമതല ഇവിടെ വി. കൊച്ചുത്രേസ്യ തന്റെ ആത്മഗുരുവിനാണ് നൽകുന്നത്. ആത്മീയതക്ക് ഒരുണർവ്വ് ഉണ്ടാകണമെങ്കിൽ മറ്റൊരു ഗുരുവിന്റെ സഹായം വേണമെന്ന് സാരം. തളർന്നു നിസ്സഹായമായി, തണുത്ത ഒരു ജീവിതത്തിന് ഉണർവ്വുണ്ടാകണമെങ്കിൽ, ചൂട് ലഭിക്കണമെങ്കിൽ ഞാൻ എന്റെ മനസ്സിനേയും ശരീരത്തേയും ആത്മാവിനേയും എന്റെ ശ്രമംകൊണ്ട് ഉണർത്തേണ്ടിയിരിക്കുന്നു. ആദ്ധ്യാത്മിക ശുഷ്കാന്തി വളർത്തേണ്ട ചുമതല നാം ഓരോരുത്തരുടേയും ചുമതലയും, കർത്തവ്യവുമാണ്. ദൈവം തരുന്ന ദാനങ്ങളിലൂടെ, നിവേശനങ്ങളിലൂടെ, തീഷ്ണതയേറിയ ആത്മീയ ജീവിതത്തിൽ ഒരു ക്രിസ്ത്യാനിയും, ഓരോ മനുഷ്യനും മുന്നേറേണ്ടിയിരിക്കുന്നു. ഡൺസ്റ്റണച്ചൻ തന്റെ വാക്കുകൾകൊണ്ടും പ്രവർത്തികൾകൊണ്ടും തന്റെ ശിഷ്യന്മാരുടെ ജീവിതത്തിൽ തീക്ഷ്ണതയോടെ യേശുവിനുവേണ്ടി വേലചെയ്യുവാൻ

പുണ്യത്തിന്റെ പായകൾ വെച്ചുകെട്ടി കൊടുത്തിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിൽ ഏറെ ഭാഗവും ഈ ജോലി യിൽത്തന്നെ വ്യാപൃതനായിരുന്നു.

## സ്വയാവലോകനം

- എന്റെ ആത്മീയസ്ഥിതി എന്താണ്?
- എന്റെ ആത്മീയയാത്രയിൽ എന്നിലുള്ള ദൈവദത്ത മായ കഴിവുകളെ എനിക്ക് ഉപയോഗിക്കുവാൻ സാധ്യ മാവുന്നുണ്ടോ?
- എന്റെ ആത്മീയമായ ഉണർവ്വിനുവേണ്ടി ഞാൻ എന്തു ചെയ്യുന്നു?

# വചസ്സ്

15

“വൈകുന്നേരം നല്ല ഒരു
ചെറിയ ലിനൻ തുണ്ടുമെടുത്ത്
ആരും കാണാതെ അടുത്തുചെന്ന്
ആ പുണ്യവതിയുടെ
അവസാനത്തെ കണ്ണീർക്കണം
തിരുശേഷിപ്പായി ഒപ്പിയെടുക്കാൻ
തുനിഞ്ഞു
- വ്രതങ്ങൾ സൂക്ഷിക്കുന്ന
ചെറിയ ഉറയിൽ അതും ഉൾപ്പെടുത്തി.
അന്നുമുതൽ ഞാൻ
സദാ ധരിച്ചുവന്നു.”

## വ്യാഖ്യാനം

മഠത്തിലെ ഒരു വിശുദ്ധയായ കന്യാസ്ത്രീ മരിച്ചപ്പോൾ, ആ അമ്മയുടെ കണ്ണിമയിൽ ഒരു കണ്ണീർതുള്ളി രത്നം പോലെ തിളങ്ങുന്നുണ്ടായിരുന്നു. വി. കൊച്ചുത്രേസ്യാ ആ കണ്ണുനീർതുള്ളി ഒപ്പിയെടുക്കാൻ പരിശ്രമിക്കുന്ന ഭാഗമാണ് ഇവിടെ പ്രതിപാദിക്കുന്നത്. വിശുദ്ധാത്മാക്കളുടെ കണ്ണീർതുള്ളിക്കുപോലും വില കല്പിച്ച വി. കൊച്ചുത്രേസ്യ, വിശുദ്ധാത്മാക്കൾക്കേ വിശുദ്ധരുടേയും വിശുദ്ധമായവയെയുടെയും മഹത്വം മനസ്സിലാക്കുവാൻ സാധിക്കൂ. സ്വന്തം മഠത്തിൽ അമ്മയെപ്പോലെ കരുതിയിരുന്ന ഒരു പ്രായം ചെന്ന കന്യാസ്ത്രീയുടെ വിയോഗത്തിൽ അതീവ ദുഃഖിതയായ ഒരു മഠാംഗത്തിന്റെ വേദനയും കരുതലുമാണ് ഇവിടെ കാണുക. സ്വന്തം ഹൃദയത്തോടടുത്ത് ഒരു ചെറുതുണിയിൽ, സ്നേഹിച്ചിരുന്ന മഠാംഗത്തിന്റെ കണ്ണീർക്കണം സൂക്ഷിക്കുന്ന ഒരു അംഗത്തിന്റെ ഹൃദയവിശാലതയും ഹൃദയനൈർമല്യവും ഇവിടെ വ്യക്തമായി തെളിഞ്ഞുവരുന്നു.

## സ്വയാവലോകനം

- നമ്മുടെ കുടുംബങ്ങളിലും ആശ്രമങ്ങളിലും മഠങ്ങളിലും ഇത്തരം സ്നേഹമുള്ള അംഗങ്ങൾ ഉണ്ടോ?
- നമ്മുടെ പ്രായമായ സഹോദരങ്ങളെ നാം എങ്ങനെയാണ് നോക്കിക്കാണുന്നതും, ബഹുമാനിക്കുന്നതും?
- സ്നേഹത്തിന്റെ ബന്ധങ്ങൾ എങ്ങനെയൊക്കെയാണ് നാം നിലനിർത്തുന്നത്?

# വചസ്സ്

16

“കർമ്മലമഠത്തിൽ
പ്രവേശിച്ചതിനുശേഷമെന്നതുപോലെ
ഒരു കാലത്തും എനിക്കു
പൂക്കൾ കിട്ടിയിട്ടില്ല.
അവിടുന്നെനിക്ക് ധാന്യപ്പൂക്കൾ,
വൻതരം ഡെയ്സിപ്പൂക്കൾ, പൊപ്പിപ്പൂക്കൾ
തുടങ്ങി എനിക്കേറ്റവും
ആകർഷകമായിരുന്ന എല്ലാ പൂക്കളും
കെട്ടുകെട്ടായി ധാരാളം അയച്ചുതന്നു.
നല്ല ദൈവം, വലിയ കാര്യങ്ങളിലെന്ന
പോലെ ഏറ്റവും നിസ്സാരകാര്യങ്ങളിലും
തന്റെ സ്നേഹത്തെപ്രതി സമസ്തവും
ഉപേക്ഷിക്കുന്നവർക്ക് ഇഹത്തിൽത്തന്നെയും
നൂറിരട്ടി തരുമെന്ന് ആ പൂക്കൾ
അനുസ്മരിപ്പിച്ചു.”

## വ്യാഖ്യാനം

വി. കൊച്ചുത്രേസ്യാ പൂക്കളെ സ്നേഹിച്ചിരുന്ന വിശുദ്ധയായിരുന്നുവെന്ന് ലോകം മുഴുവൻ അറിവുള്ളതാണ്. കൊച്ചുത്രേസ്യാപുണ്യവതിയുടെ കൈയിൽ എപ്പോഴും ഒരു കുരിശും കുറെ പൂക്കളും കാണാവുന്നതാണ്. തന്റെ സഹനങ്ങളെപ്പോലും ദൈവത്തിന് പൂക്കളായി സമർപ്പിച്ചിരുന്നു. അതിന്റെ ഒരു കാരണം കൊച്ചു ചെറുപ്പത്തിലേമുതൽ കൊച്ചുത്രേസ്യാപുണ്യവതി പൂക്കളെ സ്നേഹിച്ചിരുന്നു. താൻ മഠത്തിൽ ചേർന്നപ്പോൾ ഈ പൂക്കളെയെല്ലാം ജീവിതത്തിൽ വിട്ടുപിരിയേണ്ടിവരുമെന്ന് കൊച്ചുത്രേസ്യാപുണ്യവതി തെറ്റിദ്ധരിച്ചു. കൂടുതൽ വ്യത്യസ്തതയുള്ള പൂക്കൾ മഠത്തിൽ കാണാനും വളർത്താനും ആസ്വദിക്കാനും സാധിച്ചു. ഒരു വ്യക്തിയുടെ ജീവിതത്തിലെ ചില ഉപേക്ഷകൾ ഇവിടെ ദൈവം നൂറിരിട്ടിയായി തിരിച്ചുകൊടുക്കുന്നത് നമുക്ക് കാണാൻ സാധിക്കും. ഡൺസ്റ്റണച്ചൻ പൂക്കളേയും പ്രകൃതിയേയും സ്നേഹിച്ചിരുന്ന ഒരു പുണ്യവാനായിരുന്നു.

## സ്വയാവലോകനം

- പ്രകൃതിയിൽ ദൈവത്തെ ദർശിക്കുവാൻ എനിക്ക് കഴിയുന്നുണ്ടോ?
- എന്റെ മനോഭാവത്തിൽ ദൈവം തന്നെ അനുഗമിക്കുന്നവർക്ക് നൂറിരട്ടിയായി തിരിച്ചുകൊടുക്കുമോ?
- എന്റെ ജീവിതം ഇവിടെത്തന്നെ പൂർത്തിയാകുന്നതാണോ?
- പുനരുത്ഥാനവും സ്വർഗ്ഗവും എന്നൊക്കെ പറയുന്നതു വാസ്തവത്തിൽ നിവർത്തിക്കുന്നുണ്ടോ?

# വചസ്സ്

17

"പ്രകൃതിസൗന്ദര്യങ്ങൾ
ആസ്വദിക്കുകയിൽ അത്യന്തം
അഗാധമായ ചില ചിന്തകൾ
എന്റെ മനസ്സിൽ ഉദിച്ചുയർന്നു.
ദൈവത്തിന്റെ പ്രാഭവവും സ്വർഗ്ഗത്തിലെ
വിസ്മയനീയ വിഭവങ്ങളുമെല്ലാം
എനിക്കനുഭൂതമാകുന്നതുപോലെ തോന്നി.
അജ്ഞാതമായി അനുഷ്ഠിക്കുന്ന
ചെറിയ ത്യാഗങ്ങളും പരാധീനതകളും
ഉൾക്കൊള്ളുന്ന സന്യാസജീവിതത്തെ
അതിന്റെ തനിനിറത്തിൽ ഞാൻ ദർശിച്ചു.
നല്ല ദൈവത്തിന്റെ ശക്തിപ്രഭാവം
കണ്ട് അത്ഭുതപരവശയായ ശേഷം
അവിടുന്ന് സൃഷ്ടികൾക്കു
നൽകിയിരിക്കുന്ന സിദ്ധിവിശേഷങ്ങൾ
കൂടുതലായി ഗ്രഹിച്ചു."

# വ്യാഖ്യാനം

പ്രകൃതി ദൈവത്തിന്റെ മുഖമാണ്. അവിടം ദർശിച്ചാൽ ദൈവത്തിന്റെ മുഖം വ്യക്തമായി കാണാം. ഒരുപക്ഷേ ദൈവത്തെ അന്വേഷിക്കുന്നവർക്ക് ഈ പ്രകൃതിയാണ് ഉത്തരം. അത്ഭുതങ്ങളാണ് ഈ പ്രപഞ്ചത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ആ അത്ഭുതങ്ങളെ സാകൂതം ദർശിക്കുവാൻ സാധിച്ചാൽ ദൈവത്തിന്റെ അനന്തപ്രഭയെ ദർശിക്കുവാൻ സാധിക്കും. പ്രകൃതിയുടെ ഓരോ അംഗവും ദൈവത്തെ വിളിച്ചോതുന്നുണ്ട്. ആ സ്വരം ശ്രവിക്കണമെങ്കിൽ നമ്മുടെ മനസ്സിൽ മൗനവും ശാന്തതയും അത്യാവശ്യമാണ്. ആ ദൈവീകസത്യത്തെ മനസ്സിലാക്കുന്നവൻ പ്രകൃതിയുടെ ഏറ്റവും വിശേഷപ്പെട്ട സൃഷ്ടിയായ മനുഷ്യനിലേക്ക് തിരിച്ചെത്തും. ആ മഹാത്ഭുതത്തെ മനസ്സിലാക്കും.

പ്രകൃതിയേയും പ്രകൃതിയിൽ പ്രത്യേകിച്ച് പൂച്ചെടികളേയും സ്നേഹിച്ചിരുന്ന ഒരു സന്യാസപുരോഹിതനായിരുന്നു ഡൺസ്റ്റണച്ചൻ. മിക്കവാറും തോട്ടപ്പണിയിൽ വ്യാപൃതനായിരുന്നപ്പോൾ അദ്ദേഹത്തിന്റെ മുഖം പ്രസന്നമായിരുന്നു. പൂക്കളുടെ സൗന്ദര്യം മുഖത്ത് വളരെ ഭംഗിയായി പ്രകാശിച്ചിരുന്നു. വീട്ടിൽനിന്ന് പള്ളിയും കഴിഞ്ഞ് വിദ്യാലയത്തിലെത്തുമ്പോഴേക്കും മിക്കവാറും സമയം ഏറെ കഴിഞ്ഞിരിക്കും. അതിന്റെ പ്രധാനകാരണം വഴിയിലുള്ള പൂക്കളോടും കായ്കളോടും സംസാരിച്ച് സമയം ഏറെ ചിലവഴിച്ചിരുന്നുവെന്നതാണ്. പ്രകൃതിയിൽനിന്നും ദൈവത്തിങ്കലേക്ക് അതിവേഗതയിൽ അദ്ദേഹം സഞ്ചരി

ക്കുമായിരുന്നു. ദൈവത്തിന്റെ മുഖം പ്രകൃതിയിൽ അദ്ദേഹം ദർശിച്ചിരുന്നു. എന്നും സ്തുതി പാടി, ദൈവത്തിന് നന്ദി പറഞ്ഞ് ജീവിച്ചിരുന്ന ഒരു പ്രകൃതിസ്നേഹിയായിരുന്നു ഡൺസ്റ്റണച്ചൻ.

## സ്വയാവലോകനം

- പ്രകൃതിയിൽനിന്നും ദൈവത്തിലേക്ക് ഉയരുവാൻ എനിക്ക് സാധിക്കുന്നുണ്ടോ?
- പ്രകൃതി നമ്മോട് സംസാരിക്കുന്നുണ്ടോ?
- പ്രകൃതി ദൈവത്തിന്റെ ഒരു മുഖമാണെന്ന് ഞാൻ മനസ്സിലാക്കിയോ?

# വചസ്സ്

## 18

"എന്റെ കുഞ്ഞേ,
നമ്മുടെ കർത്താവ് സദാ നിന്റെ
സുപ്പീരിയറും നോവിസു ഗുരുവും
ആയിരിക്കട്ടെ."



# വ്യാഖ്യാനം

കർത്താവിൽ ആശ്രയം വെച്ചുകൊണ്ടുള്ള ഒരു ജീവിതം കെട്ടിപ്പടുക്കുവാൻ പരിശ്രമിച്ച വിശുദ്ധജീവിതത്തിന്റെ ഏറ്റവും വലിയ പരിശീലകനും മാതൃകയുമായി യേശുക്രിസ്തുവിനെത്തന്നെയാണ് കണ്ടത് (സ്വീകരിച്ചത്). എന്നെ നയിക്കുന്ന വൈദികനാണ് ഏറ്റവും വലിയവനെന്നും, ഞാൻ ഇഷ്ടപ്പെടുന്ന പ്രഥമ പുരോഹിതനാണ് എന്റെ മാതൃകയെന്നും ഒരിക്കലും ധരിച്ചുപോകരുത്. എനിയ്ക്ക് ജന്മം നൽകിയവനും, എന്നെ സ്നേഹിക്കുന്നവനും നയിക്കുന്നവനുമായ യേശുവാണ് ഏറ്റവും വലിയവൻ - ഗുരുവും മാതൃകയും പ്രചോദകനും ആശ്വാസവും ആശ്രയവും കർത്താവു തന്നെ. ഒരിക്കലും തെറ്റു സംഭവിക്കാത്ത, ഒരിക്കലും വേർപിരിയാത്ത, ഒരിക്കലും ഉപേക്ഷിക്കാത്ത സത്തയും സത്യവും ഈ കർത്താവാണ്. അവനിൽ ആശ്രയം വെയ്ക്കുന്നവനാണ് ബുദ്ധിമാൻ. 'ആരൊക്കെ നിന്നെ ഉപേക്ഷിച്ചാലും ഞാൻ നിന്നെ ഉപേക്ഷിക്കില്ല' എന്ന ദൈവവചസ്സുകൾ എന്നും നമ്മുടെ മനസ്സുകളിൽ നിറഞ്ഞുനിൽക്കട്ടെ.

ആദ്ധ്യാത്മിക നിയന്താവായിരുന്നു ഡൺസ്റ്റണച്ചൻ. ഒരിക്കലും അദ്ദേഹം ആ ശുശ്രൂഷയിൽ അഭിമാനം കൊണ്ടിരുന്നില്ല. എളിമ നിറഞ്ഞ ആ ഹൃദയത്തിനുവേണ്ടിയെന്നും പ്രാർത്ഥിച്ചിരുന്നു. വൈദികവിദ്യാർത്ഥികളെ ദൈവസന്നിധിയിലേക്ക് ബലിവസ്തുവായും ബലിയർപ്പകനുമായും ഉയർത്തുന്ന മഹത്തായ കർത്തവ്യം അദ്ദേഹം അദ്ദേഹത്തിന്റെ സന്യാസപൗരോഹിത്യത്തിൽ ഏറെക്കാലം നിർവ്വ

ഹിച്ചു. അനേകം തീക്ഷ്ണതയുള്ള സന്യാസവൈദികരെ അദ്ദേഹം വാർത്തെടുത്തു. അവർക്കുവേണ്ടിയായിരിക്കും അദ്ദേഹം ഏറെനേരം പ്രാർത്ഥിച്ചിരുന്നത്. ദൈവവിളിയുടെ പരിശുദ്ധി മനസ്സിലാക്കി, ഓരോരുത്തരേയും നയിക്കുവാനുള്ള വരം ദൈവം ഡൺസ്റ്റണച്ചന് കൊടുത്തിരുന്നു. ദൈവവിളിയെക്കുറിച്ച് സംശയിച്ചിരുന്നവരും ഉറപ്പില്ലാത്തവരുമായ അനേകരുടെ ഭാവി ദൈവപിതാവിനോടു ചോദിച്ച് സത്യസന്ധമായി അദ്ദേഹം അവർക്ക് ചെയ്തു കൊടുത്തിരുന്നു. ദൈവവിളിയുടെ മദ്ധ്യസ്ഥനായി ഡൺസ്റ്റണച്ചനെ കണക്കാക്കാം.

## സ്വയാവലോകനം

- എന്റെ ജീവിതത്തിന്റെ ഗുരു ആരാണ്? ദൈവമാണോ? മനുഷ്യരാണോ?
- എന്റെ ജീവിതത്തിന്റെ അനുകരണം ആരുടെയാണ്? ആരുടെ വാക്കുകളും ചിന്തകളും ഉപദേശങ്ങളുമാണ് ഞാൻ അനുകരിക്കുന്നത്?
- എന്റെ ദൈവവിളിയിൽ ഞാൻ സന്തുഷ്ടനാണോ?

# വചസ്സ്

## 19

“ഞാൻ പരിത്യജിക്കേണ്ടിയിരുന്ന
അനേകം സംഗതികൾ
പിന്നെയുമുണ്ടായിരുന്നുവെന്നു
സമ്മതിക്കേണ്ടിയിരിക്കുന്നു.
എന്റെ മനസ്സ് ശങ്കാകുലതയിൽനിന്നും
അമിതമായ
തൊട്ടാവാടി സ്വഭാവത്തിൽനിന്നും
മോചനം പ്രാപിച്ച്
വികസിച്ചുവന്നു.”

# വ്യാഖ്യാനം

സ്വന്തം ജീവിതത്തെക്കുറിച്ച് വി. കൊച്ചുത്രേസ്യായ്ക്ക് വ്യക്തമായ ധാരണകൾ ഉണ്ടായിരുന്നു. തന്റെ കഴിവിന്റെ നിറവുകളും കുറവുകളും ആ വിശുദ്ധ വേണ്ട വിധത്തിൽ മനസ്സിലാക്കിയിരുന്നു. കുറവുകളായി കണ്ടതിൽ പ്രധാനപ്പെട്ടത് ശങ്കാകുലതയും തൊട്ടാവാടിസ്വഭാവവുമായിരുന്നു. ജീവിതത്തിൽ ഓരോ വ്യക്തികൾക്കും അവരവരുടേതായ കുറവുകളും കഴിവുകളുമുണ്ട്. അവയെ മനസ്സിലാക്കി സ്വയം ക്രമീകരിക്കുകയെന്നതാണ് ഓരോ മനുഷ്യന്റേയും വിജയം. വി. കൊച്ചുത്രേസ്യ തന്റെ കുറവുകളെ അതിജീവിച്ചത് നിരന്തരമായ പ്രാർത്ഥനയിലൂടെയാണ്. പ്രാർത്ഥനയിലൂടെ തന്റെ ജീവിതത്തിന് അവൾ വലിയ മാറ്റം വരുത്തി.

മറ്റുള്ളവരുടെ ദൃഷ്ടിയിൽ ഒരു നിശ്ചയദാർഢ്യമുള്ളവനായി ഞാൻ കാണപ്പെട്ടിരുന്നില്ലെന്ന് ഡൺസ്റ്റണച്ചൻ തന്റെ ചെറുപ്പകാലത്തെക്കുറിച്ച് പറഞ്ഞിരുന്നു. ആഗ്രഹങ്ങൾക്കനുസരിച്ചുള്ള പ്രവൃത്തി ഉണ്ടായിരുന്നില്ലെന്ന് അദ്ദേഹം പലപ്പോഴും ഏറ്റുപറഞ്ഞിരുന്നു. കൃത്യനിഷ്ടയില്ലായ്മയും അലസതയുമാണ് ജീവിതവിജയത്തിന് വലിയ വിഘാതമായി ഇട്ടൂപ്പുണ്ണിയ്ക്ക് (ഡൺസ്റ്റണച്ചന്റെ യഥാർത്ഥപേര്) ചെറുപ്പത്തിലേ തോന്നിയിട്ടുള്ളത്. എന്നാൽ തന്നെത്തന്നെ ജയിക്കുന്നതിന് ആവശ്യമായ അനുകൂല മനോഭാവങ്ങളും ദൈവാശ്രയബോധവും അവിടുത്തെ പരിപാലനയിലുള്ള വിശ്വാസവും അനുസരണശീലവും പ്രത്യാശയും ബുദ്ധിശക്തിയും ചിന്താശീലവും

അദ്ദേഹത്തെ മറ്റൊരു മനുഷ്യനാക്കിത്തീർത്തു. ദൈവം തന്റെ മക്കളെ ദൈവപദ്ധതിക്കായി ഒരുക്കിയെന്ന് സാരം. ദൈവത്തിന്റെ കയ്യിലെ ഉപകരണം മാത്രമാണ് മനുഷ്യൻ.

## സ്വയാവലോകനം

- എന്റെ ജീവിതത്തിൽ പ്രധാനമായ ബുദ്ധിമുട്ടുകളും കഴിവുകേടുകളും എന്തൊക്കെയാണ്? ആത്മപരിശോധന ചെയ്ത്, ദൈവത്തിനോട് പ്രാർത്ഥിച്ച് ജീവിതവിജയം നേടാൻ പരിശ്രമിക്കാം.
- സ്വയം തിരിച്ചറിവാണ് ഏറ്റവും വലിയ അറിവ്. ആ തിരിച്ചറിവിൽനിന്നും സ്വയം തിരുത്തലുകൾ ഉണ്ടാകട്ടെ.

# വചസ്സ്

## 20

"സ്വർഗ്ഗീയനന്മകളും എന്റെ സ്വന്തമല്ല.
അവയെല്ലാം നല്ല ദൈവം എനിക്കു
കടമായി തന്നിട്ടുള്ളതാണ്.
അവിടുന്ന് തിരിച്ചെടുക്കുകയാണെങ്കിൽ
കരയാൻ എനിക്കവകാശമില്ല.
അതുപോലെത്തന്നെ നല്ല ദൈവത്തിൽനിന്നു
നേരിട്ടു ലഭിക്കുന്ന നന്മകളാണ്
ബുദ്ധിയുടേയും മനസ്സിന്റെയും
വ്യാപാരങ്ങളും ഉൽകൃഷ്ടമായ
ആശയങ്ങളും. അവയെല്ലാം
സ്വന്തമെന്നപോലെ ആർക്കും
പ്രതിപത്തി തോന്നാവുന്ന
അമൂല്യ സമ്പത്താകയാൽ തൊട്ടുപോകാൻ
അവകാശമില്ലാത്തതാണെന്നു
നാം വിചാരിച്ചേക്കാം."

## വ്യാഖ്യാനം

സ്വർഗ്ഗീയനന്മകൾ ദൈവം തന്റെ മക്കൾക്കു നൽകുന്ന ദാനമാണ്. അത് ആരുടേയും സ്വന്തമാണെന്ന് കരുതരുത്. അത് ദൈവത്തിന്റെ കാരുണ്യംകൊണ്ട് നമുക്ക് ലഭിക്കുന്ന സമ്മാനമാണ്. ആ സ്വർഗ്ഗീയനന്മകൾ ഒരിക്കൽ ദൈവം തിരിച്ചെടുത്താൽ നിരാശരാകാതെ, ആകുലചിത്തരാകാതെ, ജോബിനെപ്പോലെ ഇപ്രകാരം പറയാൻ സാധിക്കണം: 'ദൈവം തന്നു, ദൈവം എടുത്തു; ദൈവത്തിന് സ്തുതി!' ഇതിൽനിന്നും വിട്ടുമാറി ഒന്നും ചിന്തിക്കുന്നത് ഉചിതമല്ല. ഡൺസ്റ്റണച്ചൻ കൂടെക്കൂടെ പറയുമായിരുന്നു: "ദൈവം മനുഷ്യർക്ക് നൽകുന്ന മറ്റൊരു സമ്പത്താണ് ബുദ്ധിയുടേയും മനസ്സിന്റേയും വ്യാപാരങ്ങളും ഉൽകൃഷ്ടമായ ആശയങ്ങളും. എല്ലാം ദൈവം ഓരോരുത്തർക്കും അവിടുത്തെ സ്നേഹത്താലും കൃപയാലും നൽകുന്ന അനുഗ്രഹങ്ങളാണ്. ഒരിക്കലും ഈ കൃപകൾ സ്വന്തമെന്ന് ചിന്തിക്കുവാനോ അഹങ്കരിക്കുവാനോ സ്വാർത്ഥതയാക്കി മാറ്റുവാനോ പാടുള്ളതല്ല; അവ മറ്റുള്ളവർക്കായി കൊടുക്കണം."

## സ്വയാവലോകനം

- എന്റെ സ്വർഗ്ഗീയ നന്മകൾ ഞാൻ സ്വന്തമാക്കി വെയ്ക്കാറുണ്ടോ? അവയെല്ലാം കടമായി ദൈവം തന്നതാണെന്ന് ചിന്തിക്കാറുണ്ടോ?
- എന്റെ ബുദ്ധിയും മനസ്സുമെല്ലാം ദൈവദാനങ്ങളാണ്. അവ മറ്റുള്ളവർക്കായി ഉപയോഗിക്കുന്നതിൽ വിമുഖത കാണിക്കാറുണ്ടോ?
- എന്റെ ബുദ്ധിയുടേയും മനസ്സിന്റേയും കുറവുകൾ ദൈവദാനമാക്കി മാറ്റാറുണ്ടോ?

# വചസ്സ്

## 21

"തിരുശേഷിപ്പു വഹിച്ചുകൊണ്ടുപോയ
കഴുതയ്ക്കുപറ്റിയ അബദ്ധമായിരിക്കും
എനിക്കും സംഭവിക്കുക.
പുണ്യവാന്മാരുടെ നേർക്കു
ജനങ്ങൾ പ്രകടിപ്പിച്ച ബഹുമാനമെല്ലാം
തനിക്കാണെന്നത്രേ
അതിന്റെ ഭാവം."

## വ്യാഖ്യാനം

ക്രിസ്തുവാണ് എന്നെ വിളിച്ചതെന്നും ആ വിളി കേട്ട് വന്നവരാണ് നമ്മളെന്നും യഥാർത്ഥമായി വിശ്വസിക്കുന്ന ധാരാളം പേരുണ്ട്. ആ വിളിച്ചവന്റെ മഹിമയാണ് എന്റെ മഹിമയെന്നും, ആ മഹിമ എന്റെ സ്വന്തമല്ലെന്നും തിരിച്ചറിഞ്ഞവരാണ് വി. കൊച്ചുത്രേസ്യയും ഡൺസ്റ്റണച്ചനും. തന്നെക്കുറിച്ചും താൻ ആയിരിക്കുന്ന അവസ്ഥയെക്കുറിച്ചും അവഗാഢമായ അറിവും ഇവർക്കുണ്ടായിരുന്നു. യേശുവിനെ വഹിച്ച കഴുത, സ്വന്തം അവസ്ഥ മനസ്സിലാക്കാതെ, ജനങ്ങളുടെ പുകഴ്ചയും ബഹുമാനങ്ങളും തനിയ്ക്കുള്ളതാണെന്ന് തെറ്റിദ്ധരിച്ചു. തൂണിന്മേൽ സ്ഥാപിച്ച പ്രതിമയുടെ മഹിമ തൂണിനാണോ? അതോ പ്രതിമയ്ക്കാണോ എന്നു സംശയിക്കുന്നപോലെയാണ് ഈ കഴുതയുടെ കഥയും. ഇവിടെ വി. കൊച്ചുത്രേസ്യ താൻ യേശുവിനെ വഹിച്ച കഴുതയോടാണ് തന്റെ ജീവിതത്തെ ഉപമിക്കുന്നത്. ഈ അവബോധം ദൈവീകമാണ്; ഈ അവബോധം ദൈവത്തിന്റെ ദാനവുമാണ്.

## സ്വയാവലോകനം

- എന്റെ ജീവിതത്തിൽ ഈ കഴുതയുടെ മനോഭാവമാണോ, അതോ യേശുവിന്റെ തുറന്ന മനോഭാവമാണോ കണ്ടുവരുന്നത്?
- എന്നെ ചെളിയിൽനിന്ന്, ചാരത്തിൽനിന്ന് കോരിയെടുത്ത് ദൈവതിരുമുമ്പാകെ കൊണ്ടുവന്ന ദൈവത്തെ ഓർക്കാറുണ്ടോ?

# വചസ്സ്

## 22

"ചിത്രകാരന്റെ
സ്ഥൂലചിത്രത്തിന് ചിന്തിക്കുവാനും
സംസാരിക്കുവാനും കഴിവുണ്ടായാൽ
അതിനെ നിരന്തരം തൂലികകൊണ്ട്
തുടയ്ക്കുകയും പുതുക്കുകയുമൊക്കെ
ചെയ്യുന്നതിനേക്കുറിച്ച്
അതു പരാതിപ്പെടുകയോ
അസൂയപ്പെടുകയോ
ഒരിക്കലുമുണ്ടാകില്ലെന്നു തീർച്ചയാണ്.
കാരണം അതിനു സിദ്ധിക്കുന്ന
ഭംഗിയെല്ലാം തൂലികയിൽനിന്നല്ല;
പ്രത്യുത അതുപയോഗിക്കുന്ന
കലാകാരനിൽനിന്നാണ് വരുന്നതെന്ന്
അതിനറിയാം."

## വ്യാഖ്യാനം

മനുഷ്യൻ ദൈവമെന്ന വലിയ കലാകാരന്റെ സൃഷ്ടിയാണ്. തന്നിലുള്ള എല്ലാ ഭംഗിയും ശോഭയും അതിന്റെ സ്രഷ്ടാവിൽ അഥവാ കലാകാരന്റെ കലാവിരുതാണെന്ന് ഡൺസ്റ്റണച്ചൻ പറയാറുണ്ടായിരുന്നു. സൃഷ്ടി അതു മനസ്സിലാക്കുമ്പോൾ ജീവിതത്തിന് അർത്ഥം ലഭിക്കും. കലാകാരൻ അനുനിമിഷം ആ സൃഷ്ടിയെ തുടയ്ക്കുകയും പുതുക്കുകയും ചെയ്യുന്നു. അതിലൂടെ സൃഷ്ടി പൂർണ്ണത നേടി മനോഹരമാകുന്നു. ദൈവം മനുഷ്യനെ അനുനിമിഷം കാത്തുപരിപാലിക്കുന്നു. അതിനെ ശോഭനമാക്കുന്നു, പരിപോഷിപ്പിക്കുന്നു. സൃഷ്ടി ആ കലാകാരനെ മറക്കാനോ പരാതിപ്പെടുവാനോ അസൂയപ്പെടുവാനോ തുനിയരുത്. ഓരോ സൃഷ്ടിയുടേയും ഭംഗി എന്നത് അതിന്റെ സൃഷ്ടികർത്താവിന്റെ കഴിവാണ്.

## സ്വയാവലോകനം

- എന്നെ എന്റെ ദൈവം എത്ര മനോഹരമായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്? സൃഷ്ടാവിന്റെ കഴിവാണോ അതോ സൃഷ്ടിയുടെ കഴിവോ?
- ഇടയ്ക്കിടക്ക് ആ സൃഷ്ടികർത്താവ് എന്നെ തേച്ച് മിനുക്കുമ്പോൾ എനിക്ക് ദുഃഖം തോന്നാറുണ്ടോ?
- സൃഷ്ടാവ് എന്തിനാണ് എന്നെ സൃഷ്ടിച്ചിരിക്കുന്നത്?

## വചസ്സ്
23

'ധ്യാനസമയത്ത് ഒരു സഹോദരി ഒരു ശബ്ദം പുറപ്പെടുവിക്കുമായിരുന്നു (ചിത്തഭ്രമത്തിന്റെ ഒരു ചെറിയ അസുഖമുണ്ടായിരുന്നു). ആ ശബ്ദം നല്ല ദൈവത്തോട് ഐക്യപ്പെടുവാനും ആ ചെറിയ ശബ്ദത്തെ അവഗണിക്കുവാനും ഞാൻ ശ്രമിച്ചു. ആ സഹനം തന്നെ പ്രാർത്ഥനയായി രൂപാന്തരപ്പെടുത്തുവാൻ ഞാൻ നിർബ്ബന്ധിതയായി. ആ സഹനത്തിനിട യിൽത്തന്നെയും അമർഷത്തെ അടക്കുവാനും സന്തോഷത്തോടും സമാധാനത്തോടും കൂടെ ആത്മാവിന്റെ അഗാധതലത്തിലെങ്കിലും - സഹിക്കുവാനുള്ള മാർഗ്ഗം ഞാൻ ആരാഞ്ഞുകൊണ്ടിരുന്നു. അവസാനം ആ സ്വരമെനിയ്ക്ക് ഒരു ഹൃദ്യമായ ഗാനമേളയായിത്തീർന്നു. അങ്ങനെ എന്റെ ധ്യാനസമയം മുഴുവനും ആ ഗാനമേള യേശുവിന് സമർപ്പിച്ചുകൊണ്ട് ഞാൻ കഴിച്ചുകൂട്ടിയിരുന്നു.'

## വ്യാഖ്യാനം

താൻ എന്നും അനുഭവിച്ചുകൊണ്ടിരുന്ന ഒരു ശല്യത്തെ പ്രാർത്ഥനയായും അവസാനം ദൈവസന്നിധിയിലുള്ള ഒരു ഗാനമേളയായും കൊച്ചുത്രേസ്യാപുണ്യവതി മാറ്റിത്തീർത്തു. ആയതിലൂടെ തന്റെ അമർഷത്തെ അടക്കുവാനും സഹിക്കുവാനുമായി വിശുദ്ധ പഠിച്ചു, പരിശീലിച്ചു. ആ വ്യക്തിയുടെ കുറവിനെ ശാസിക്കുവാനോ ശിക്ഷിക്കുവാനോ മുതിരാതെ, ആ കുറവിനെ മനസ്സിലാക്കി, ആ വ്യക്തിയെ മനസ്സിലാക്കി തന്റെ ജീവിതത്തെ ക്രമീകരിച്ചു. ജീവിതം തിന്മയോട് പടപൊരുതി നശിപ്പിക്കാനുള്ളതല്ലെന്ന യാഥാർത്ഥ്യം വിശുദ്ധ തിരിച്ചറിഞ്ഞു. സമൂഹജീവിതം ഏറ്റവും കൂടുതൽ ആസ്വദിച്ചിരുന്ന ഒരു സന്യാസവര്യനായിരുന്നു ഡൺസ്റ്റണച്ചൻ. ആരോടും പരിഭവമില്ലാതെ സ്നേഹത്തോടെ അദ്ദേഹം തന്റെ ആശ്രമജീവിതം ചെലവഴിച്ചു.

## സ്വയാവലോകനം

- ജീവിതത്തിൽ തടസ്സങ്ങളുണ്ടാക്കുന്നവരോട് നമുക്കുള്ള മനോഭാവങ്ങൾ എന്തൊക്കെയാണ്? തടസ്സങ്ങളെ നന്മകളാക്കിമാറ്റുവാൻ സാധിക്കുന്നുണ്ടോ?
- ദൈവതിരുമുമ്പാകെ സഹനങ്ങളെ പുഷ്പങ്ങളാക്കിത്തീർക്കുവാൻ സാധ്യമാണോ?

# വചസ്സ്

## 24

"ഒരു 'തിരുശേഷിപ്പ്' എന്നോണം
ഞാൻ ആ കുഞ്ഞിപ്പൂ വാങ്ങിച്ചു;
അപ്പച്ചൻ അതിനെ പറിച്ചെടുക്കയല്ലാ,
പ്രത്യുത വേരൊന്നും മുറിയാതെ
പിഴുതെടുക്കുകയാണ് ചെയ്തതെന്നു
ഞാൻ പ്രത്യേകം ശ്രദ്ധിച്ചു.
അതിന്റെ ജീവിതവിഭാതം കഴിച്ചുകൂട്ടിയ
പശിമയുള്ള ഒരു ചതുപ്പുനിലത്തേക്കാൾ
വളക്കൂറുള്ള വേറൊരു ദേശത്തേയ്ക്കാണ്
അത് നിയുക്തമായിരിക്കുന്നതെന്ന്
എനിക്കു തോന്നി.
കർമ്മലമലയിലേയ്ക്ക് ആരോഹണം
ചെയ്യുവാനും ജീവിതത്തിലെ
ആദ്യചുവടുകൾക്ക് സാക്ഷിയായ
മനോഹര താഴ്‌വരയെ വിട്ടുപിരിയാനും
ഏതാനും നിമിഷങ്ങൾക്കുമുമ്പ്
അപ്പച്ചൻ അനുമതി നൽകി."



## വ്യാഖ്യാനം

ദൈവവിളിയെക്കുറിച്ച് വി. കൊച്ചുത്രേസ്യ എഴുതിയ വാചകങ്ങളാണിത്. ദൈവവിളി സ്വന്തം ഭവനത്തിൽനിന്നും മുറിച്ചെടുക്കുകയല്ല. വേരൊന്നും മുറിയാതെ പറിച്ചെടുക്കുകയാണ് ചെയ്യുന്നത്. ദൈവഹിതത്തിൽ അത് തഴച്ചുവളരുകയും ചെയ്യുന്നു. കുടുംബം, മാതാപിതാക്കന്മാർ എന്നൊക്കെയുള്ള മഹോന്നതസ്ഥാനങ്ങൾക്കും മഹിമകൾക്കും ഒരിക്കലും കോട്ടം വരികയില്ല. അതിനേക്കാളുപരി അവയുടെ മനോഹരമായ പ്രാധാന്യത്തെക്കുറിച്ചാണ് വി. കൊച്ചുത്രേസ്യ പറയുന്നത്. കർമ്മലമലയിലേക്കുള്ള ആരോഹണമാണ് തന്റെ ദൈവവിളി. ദൈവവിളിയുടെ അടിസ്ഥാനവും തുടക്കവും വിജയവും സ്വന്തം ഭവനങ്ങളാണെന്ന് വി. കൊച്ചുത്രേസ്യയും ഡൺസ്റ്റണച്ചനും ആത്മകഥയിൽ കുറിക്കുന്നു.

## സ്വയാവലോകനം

- ദൈവവിളിയെക്കുറിച്ചുള്ള എന്റെ കാഴ്ചപ്പാട് എന്താണ്?
- സ്വന്തം കുടുംബമുപേക്ഷിച്ച് പോരുമ്പോൾ ദൈവത്തിങ്കലേക്ക് കൂടുതൽ അടുക്കാറുണ്ടോ?
- എന്റെ ഇപ്പോഴത്തെ ജീവിതം സന്തോഷകരമാണോ?

## വചസ്സ്

25

“ചെറിയ പുണ്യങ്ങൾ
അഭ്യസിക്കുവാനാണ് പ്രധാനമായി
ഞാൻ ഉദ്യമിച്ചത്.
മഹാകൃത്യങ്ങൾ നിർവ്വഹിക്കുക
എനിക്കത്ര എളുപ്പമല്ലായിരുന്നു.
സഹോദരിമാർ വെറുതേ
ഇട്ടും വച്ചും പോകുന്ന കാപ്പകൾ
മടക്കിവെയ്ക്കുകയും എനിക്കു കഴിവുള്ള
എല്ലാവിധ ചെറിയ സേവനങ്ങളും
അവർക്കുവേണ്ടി അനുഷ്ഠിക്കുകയും
ഞാൻ ചെയ്തുവന്നു.”

# വ്യാഖ്യാനം

'ചെറുതേ മനോഹരം...' വലിയ വലിയ കാര്യങ്ങൾ ചെയ്യുന്നതിനേക്കാൾ, ചെറിയ കാര്യങ്ങൾ കൂടുതൽ സ്നേഹത്തോടെ ചെയ്യുന്നതിലാണ് വിജയം. പ്രശസ്തിയും പേരും പെരുമയും ലഭിക്കുന്നതിലാണ് ഇന്ന് ലോകം സന്തോഷിക്കുന്നതും ആത്മസംതൃപ്തിയടയുന്നതും. എന്നാൽ ഇതിനിടയിലും കയ്യടി നേടാൻ ആഗ്രഹിക്കാതെ ആരാലും ശ്രദ്ധിക്കപ്പെടാതെ മഹത്തായ കാര്യങ്ങൾ ചെയ്യാൻ പലരും വെമ്പുന്നു. ലോകദൃഷ്ടിയിൽ മഹിമയായവ, ദൈവസന്നിധിയിൽ വിലയുള്ളതാവണമെന്നില്ല. ഇന്ന് ലോകം മുഴുവനും മറ്റുള്ളവരുടെ കയ്യടികളിലും മുഖസ്തുതികളിലുംപെട്ട് ഉഴലുകയാണ്. ചെറിയ ചെറിയ കാര്യങ്ങൾ സ്നേഹത്തോടെ ചെയ്യുന്നതാണ് വലിയ വലിയ കാര്യങ്ങൾ ചെയ്യുന്നതിനേക്കാൾ മഹത്തരമായിരിക്കുന്നതെന്ന് സാധാരണ മഹത്വ്യക്തിത്വങ്ങളെ ചൂണ്ടിക്കാണിച്ച് പറയാറുണ്ട്. വി. കൊച്ചുത്രേസ്യാപുണ്യവതി ഇതിന് മകുടോദാഹരണമാണ്. ചെറിയ ചെറിയ പുണ്യങ്ങൾ ഈ വലിയ ജീവിതത്തിന്റെ സ്വർണ്ണപൊട്ടുകളാണ്. മനുഷ്യന്റെ ആന്തരികവും ബാഹ്യവുമായ സൗന്ദര്യം ഇതിൽ അടങ്ങിയിരിക്കുന്നു.

"ഒരു നല്ല സന്യാസിയാകുവാൻ വലിയ കാര്യങ്ങളൊന്നും ചെയ്യണമെന്നില്ല. ചെറിയ കാര്യങ്ങൾ വലിയ മനസ്സോടെയും ആത്മസംതൃപ്തിയോടുകൂടിയും നിർവ്വഹിക്കുവാൻ ദൈവം നമ്മിൽനിന്നാവശ്യപ്പെടുന്നു." ചെറിയ കാര്യങ്ങളിൽ വിശ്വസ്തനായിരുന്നു ഫാ.

ഡൺസ്റ്റൺ. ചെറിയ ചെറിയ കാര്യങ്ങളിലൂടെ വലിയ ദൈവത്തെ കീഴടക്കിയവനാണ് ആ സന്യാസപുരോഹിതൻ. ഏൽപ്പിച്ചുകൊടുത്ത ഉത്തരവാദിത്വങ്ങളെ തികഞ്ഞ സന്തോഷത്തോടും ആത്മസംതൃപ്തിയോടുംകൂടി ചെയ്തുതീർത്ത മഹാനായ സന്യാസവര്യൻ. സ്ഥാനമഹിമകളിലും പ്രധാന കസേരകളിലും മനസ്സിന്റെ ശ്രദ്ധയെ കേന്ദ്രീകരിക്കാതെ ക്രിസ്തുവിന്റെ ജീവിതലാളിത്യവും ജീവിതവും കുരിശുമരണവും ധ്യാനിച്ചും ചിന്തിച്ചും ജീവിതത്തെ നയിച്ച ഒരു പുണ്യപുരുഷനായിരുന്നു ഡൺസ്റ്റണച്ചൻ. അതായിരുന്നു അദ്ദേഹത്തിന്റെ ജീവിതവിജയവും.

## സ്വയാവലോകനം

- എന്റെ ജീവിതത്തിൽ ചെറിയ ചെറിയ പുണ്യപ്രവൃത്തികൾക്ക് സ്ഥാനം കൊടുക്കാറുണ്ടോ?
- മനുഷ്യരുടെ കയ്യടിക്കും നല്ല വാക്കുകൾക്കുംവേണ്ടി ആഗ്രഹിക്കാറുണ്ടോ?
- ചെറിയ ചെറിയ കാര്യങ്ങൾ ചെയ്യുന്നവരെ ബഹുമാനിക്കുകയും മാനിക്കുകയും ചെയ്യാറുണ്ടോ?

# വചസ്സ്

## 26

എനിക്ക് ഏല്പിച്ചിരിക്കുന്ന വേല,
എന്റെ കഴിവുകൾക്കതീതമാണെന്ന് എനിക്ക്
മനസ്സിലായി. തന്നിമിത്തം നല്ല ദൈവത്തിന്റെ
കരവലയത്തിൽ ഞാൻ അഭയംപ്രാപിച്ചു.
ഒരു കൈക്കുഞ്ഞെന്നോണം അവിടുത്തെ
കേശസഞ്ചയത്തിനുള്ളിൽ
ഒളിച്ചിരുന്നുകൊണ്ട് അങ്ങയോട് ഞാൻ
പറഞ്ഞു: "കർത്താവേ, അങ്ങയുടെ
കൊച്ചോമനകളെ വളർത്തുവാൻ
ഞാൻ തീരെ ചെറുപ്പമാണ്.
അവരോരോരുത്തർക്കും അനുയോജ്യമായ
ഭക്ഷണം ഞാൻവഴി കൊടുക്കുവാനാണ്
അങ്ങ് തിരുമനസ്സാകുന്നതെങ്കിൽ എന്റെ
കുഞ്ഞുകൈ നിറച്ചുതരിക; അങ്ങയുടെ
കരവലയം വിടാതെയും ഒളിവിൽനിന്നു
തലയെടുക്കാതെയും ഭക്ഷണം
ചോദിച്ചുകൊണ്ട് എന്റെ പക്കൽവരുന്ന
ആത്മാവിന് അങ്ങയുടെ വിഭവങ്ങൾ ഞാൻ
വിതരണം ചെയ്തുകൊള്ളാം...
അവർക്ക് അവ രുചികരമെന്നു
തോന്നുന്നതായാൽ, എന്നോടല്ല, പ്രത്യുത
അങ്ങയോടാണ് അവർ നന്ദി പറയേണ്ടത്."

## വ്യാഖ്യാനം

ദൈവത്തിന്റെ ഇഷ്ടത്തിന് പൂർണ്ണമായും സമർപ്പിക്കുന്ന വിശുദ്ധയുടെ നിഷ്കളങ്കമായ മനസ്സാണ് നാം ഇവിടെ കാണുന്നത്. ദൈവത്തിന്റെ കരവലയത്തിൽ വിശുദ്ധ കൊച്ചുത്രേസ്യ ശരണം പ്രാപിച്ചു. ദൈവത്തിനോടുള്ള അപേക്ഷയാണ് പിന്നീട് കാണുന്നത്. എന്റെ മക്കൾക്ക് അനുയോജ്യമായത് കൊടുക്കുവാനുള്ള ബുദ്ധിയും കൃപയും ദൈവത്തിനോടപേക്ഷിക്കുന്ന വിശുദ്ധയുടെ ഹൃദയമാണ് പിന്നീട് കാണുന്നത്. ദൈവകൃപ നിറച്ചുതന്നാൽ അതിൽനിന്നും മറ്റുള്ളവരിലേയ്ക്ക് നിറഞ്ഞൊഴുകുവാൻ അനുവദിക്കണമെന്ന് വിശുദ്ധ പ്രാർത്ഥിക്കുന്നു. മനുഷ്യരുടെ എല്ലാം പുകഴ്ചയും ഇകഴ്ചയും നിനക്കുള്ളതാണെന്ന പൂർണ്ണബോദ്ധ്യവും വിശുദ്ധയ്ക്കുണ്ടായിരുന്നു.

പരിശീലനരംഗത്ത് ജോലി ചെയ്യാൻ താൻ അയോഗ്യനാണെന്ന് ഡൺസ്റ്റണച്ചന് തോന്നിയിരുന്നു. അതിനു കാരണം പറയുന്നതിങ്ങനെയാണ്: 'മറവി കൂടി, മുടി കൊഴിഞ്ഞു, അല്പമുണ്ടായിരുന്ന ആകാരഭംഗി എന്നെന്നേക്കുമായി നഷ്ടപ്പെട്ടു.' ഡൺസ്റ്റണച്ചന് സ്വന്തം കഴിവിലുള്ള കുറവുകളും കൂടുതലുകളും അറിയാമായിരുന്നു. പലപ്പോഴും അദ്ദേഹം പറഞ്ഞിരുന്ന വാചകം ഇതായിരുന്നു: 'സ്വയം നന്നാകാൻ നിർബ്ബന്ധിതനായി കൂടുതൽ ആത്മാർത്ഥതയോടെ ജീവിക്കുവാൻ ഈ ജോലി സഹായിച്ചു.'

ഓരോ അർത്ഥികളേയും അവരായിരിക്കുന്ന അവസ്ഥ

യിൽ മനസ്സിലാക്കുകയും അവരെ രൂപപ്പെടുത്തുകയും ചെയ്തു. തന്റെ അയോഗ്യത മനസ്സിലാക്കിയിട്ടുതന്നെ ദൈവത്തിലാശ്രയിച്ചുകൊണ്ട്, തന്നെ ഏൽപ്പിച്ചിരിക്കുന്ന വിളിക്കപ്പെട്ടവരെ വളർത്തി വലുതാക്കി ദൈവത്തിനും ദൈവജനത്തിനുമായി സമർപ്പിച്ചു.

## സ്വയാവലോകനം

- എന്നെ നിയോഗിച്ചിരിക്കുന്നത് ദൈവേഷ്ടമാണെന്ന് തോന്നിയിട്ടുണ്ടോ?
- എന്റെ ആടുകൾക്ക് എന്നും എന്റെ ജീവിതം കൊടുക്കണമെന്നാഗ്രഹിച്ചിട്ടുണ്ടോ?

# വചസ്സ്

## 27

“നല്ല ദൈവത്തിന്റെ
പിന്തുണ കൂടാതെ നന്മചെയ്യുക എന്നത്
രാത്രിയിൽ സൂര്യപ്രകാശമുണ്ടാക്കുന്നതു
പോലെ തന്നെ അസാധ്യകാര്യമാണെന്ന്
ആർക്കും ബോധ്യമാകും...
സ്വന്തം വാസനകളും
വ്യക്തിപരമായ ചിന്താഗതികളും
പരിപൂർണ്ണമായി വിസ്മരിക്കുകയും
സ്വന്തം വഴിയേ പോകാൻ
ആത്മാക്കളെ നിയന്ത്രിക്കാതെ,
യേശു അവർക്കായി നിശ്ചയിച്ചിട്ടുള്ള
മാർഗ്ഗത്തിലൂടെ തന്നെ
അവരെ നയിക്കുകയുമാണ്
വേണ്ടതെന്നു വിശദമാകും.”

# വ്യാഖ്യാനം

ഒരുപക്ഷേ നയിക്കുന്നവർക്കാണ് വി. കൊച്ചുത്രേസ്യാ പുണ്യവതി ഇത്തരം ഉപദേശം നല്കുന്നത്. 'ദൈവത്തിന്റെ പിന്തുണ' എന്ന യാഥാർത്ഥ്യം ഇവിടെ വിശുദ്ധ എടുത്തുപറയുന്നു. ഈ പിന്തുണയുണ്ടായാൽ മാത്രമേ മറ്റുള്ളവർക്ക് നന്മ ചെയ്യാൻ സാധ്യമാവുകയുള്ളു.

സ്വയം ശൂന്യവൽക്കരിക്കപ്പെട്ട്, സ്വന്തം സ്വാർത്ഥതകളെ മാറ്റി വെച്ച് ദൈവത്തിന്റെ അടുത്തേയ്ക്ക് നയിക്കുവാൻ ഏതൊരുവനേയും ആഹ്വാനം ചെയ്യുകയാണ്. ഓരോ വ്യക്തിയെക്കുറിച്ചും ദൈവതിരുമനസ്സെന്തെന്ന് മനസ്സിലാക്കി, ആ ദിശയിലൂടെ മനുഷ്യരെ നയിക്കുകയെന്നതാണ് ദൈവഹിതം. ദൈവമില്ലാതെ മുന്നോട്ടു പോകുവാൻ ഒരിക്കലും നാം നമ്മെയും മറ്റുള്ളവരെയും അനുവദിക്കരുത്. നമ്മുടെ ജീവിതത്തിന്റെ നിയന്താവും നായകനും കേന്ദ്രവും ദൈവമായിരിക്കട്ടെയെന്ന് വി. കൊച്ചുത്രേസ്യ ആഹ്വാനം ചെയ്യുന്നു.

'സ്വയം പരിത്യജിക്കാതെ യേശുവിന്റെ ശിഷ്യനായിരിക്കുക അസാധ്യം' എന്ന് വി. ഗ്രന്ഥത്തിൽ പറയുന്നുണ്ടല്ലോ. ഡൺസ്റ്റണച്ചൻ ഇതിനു സമാനമായി മറ്റൊരു കാര്യം പറയുന്നുണ്ട്. 'മറ്റുള്ളവരുമായി സമാധാനം നിലനിർത്തണമെങ്കിൽ അനേകം കാര്യങ്ങളിൽ സ്വന്തം താൽപര്യങ്ങൾ വേണ്ടെന്നുവയ്ക്കേണ്ടിവരും.' ഡൺസ്റ്റണച്ചന്റെ ജീവിതവിജയം എന്നു പറയുന്നതും ഇതുതന്നെയാണ്. ശൂന്യവത്കരണത്തിന്റെ സുവിശേഷമായിരുന്നു ഡൺസ്റ്റണച്ചൻ. എല്ലാം ഉപേക്ഷിച്ചതിന്റെ സന്തോഷം ഏതൊരു

വ്യക്തിയേക്കാളും കൂടുതലായി അദ്ദേഹം അനുഭവിച്ചിരുന്നു. ഒന്നുമില്ലായ്മയുടെ സുവിശേഷം അദ്ദേഹം പ്രസംഗിച്ചിരുന്നു. സഭയിലും ലോകത്തിലും ഡൺസ്റ്റണച്ചന്റെ ജീവിതം ഒരു ചോദ്യചിഹ്നമായി നിലകൊണ്ടു. പാവങ്ങളോട് പക്ഷം ചേരുന്നതിൽ അദ്ദേഹം അദ്ദേഹത്തിന്റെ ദൈവവിളിയുടെ അർത്ഥം കണ്ടെത്തിയിരുന്നു.

## സ്വയാവലോകനം

- എന്റെ ജീവിതത്തിന്റെ നേതൃത്വം ദൈവത്തിനാണോ കൊടുത്തിരിക്കുന്നത്?
- സ്വയം ശൂന്യവൽക്കരിക്കപ്പെടാനും സ്വാർത്ഥതകൾ വെടിയുവാനും എനിക്ക് കഴിയുന്നുണ്ടോ?

# വചസ്സ്
## 28

"അപ്പോൾ
പ്രാർത്ഥനയുടെ ഫലസിദ്ധി
എത്രയോ മഹത്തായിരിക്കണം.
'നിമിഷംതോറും രാജാവിനെ
സ്വതന്ത്രമായി സമീപിക്കുകയും
ചോദിക്കുന്നതെല്ലാം പ്രാപിക്കുകയും
ചെയ്യുന്ന ഒരു റാണിയാണ് പ്രാർത്ഥന.'
വായിക്കാൻ പഠിച്ചിട്ടില്ലാത്ത
ശിശുക്കളെപ്പോലെ എനിക്കു
പറയുവാനുള്ളതെല്ലാം നല്ല ദൈവത്തോടു
ഞാൻ നേരേയങ്ങു പറയും.
സമുചിത പദങ്ങളെയോ ശൈലികളെയോ
ഞാനത്ര ഗൗനിക്കാറില്ല. എങ്കിലും
അവിടുന്ന് എന്റെ ഇംഗിതങ്ങൾ സദാ
ഗ്രഹിക്കും... എന്നെ സംബന്ധിച്ചിടത്തോളം
പ്രാർത്ഥന എന്നുപറയുന്നത്
ഹൃദയത്തിന്റെ ഉയർച്ചയാണ്.
നേരേ സ്വർഗ്ഗത്തിലേക്കുള്ള
നോട്ടമാണിത്."

# വ്യാഖ്യാനം

ദൈവത്തിനെ സ്വതന്ത്രമായി സമീപിക്കണമെങ്കിൽ ഹൃദയം നിഷ്കളങ്കവും പരിശുദ്ധവും നിർമ്മലവും ആയിരിക്കണം. ദൈവത്തിന്റെ അടുക്കലേയ്ക്ക്, രാജസിംഹാസനത്തിലേക്ക് കാലുകൾ എടുത്തുവയ്ക്കണമെങ്കിൽ അതിനുള്ള ഹൃദയ നൈർമല്യമുണ്ടാകണമെന്ന് സാരം. അതുപോലെത്തന്നെ ഹൃദയത്തിൽ നൈർമല്യമുള്ളവർക്ക് ഒരു റാണിയെപ്പോലെ രാജാവിന്റെ സന്നിധിയിലേക്കും കയറിച്ചെല്ലുവാൻ സാധിക്കും. ഒരു റാണിയ്ക്കാണ് ഒരു രാജാവിന്റെ അടുത്തേയ്ക്ക് ചെല്ലുവാനുള്ള സ്വാതന്ത്ര്യവും അവകാശവുമുള്ളത്. ഇതുപോലെത്തന്നെയാണ് രാജാവായ ദൈവത്തിന്റെ സന്നിധിയിലേക്ക് പ്രാർത്ഥനക്ക് കയറിച്ചെല്ലുവാൻ സാധിക്കുന്നത്. ദൈവസന്നിധിയിലേക്കുള്ള എളുപ്പവഴി പ്രാർത്ഥനയാണെന്ന് ഇവിടെ കൊച്ചുത്രേസ്യ പുണ്യവതി സമർത്ഥിക്കുന്നു.

കൊച്ചുത്രേസ്യ പുണ്യവതിക്ക് പ്രാർത്ഥനയെന്നു പറയുന്നത് ഒരു കൊച്ചുകുട്ടി സംസാരിക്കുന്നപോലെയാണ്. അധികം പഠിപ്പില്ലാത്തതും സംസാരിക്കാൻ കഴിവില്ലാത്തതുമായ കുട്ടി, അവളുടെ ഹൃദയത്തിൽ കയറിവരുന്ന തോന്നലുകളും ആഗ്രഹങ്ങളും വികാരങ്ങളും തുറന്നു പറയും. മുഖവുരയില്ലാതെ, ഭാഷകളില്ലാതെ സ്വന്തം പിതാവിനോടെന്നപോലെ നിഷ്കളങ്കമായി തുറന്നുപറയുന്ന പ്രകൃതമായിരുന്നു വി. കൊച്ചുത്രേസ്യാപുണ്യവതിയുടേത്.

പ്രാർത്ഥനയെ കൊച്ചുത്രേസ്യാപുണ്യവതി നിർവ്വചിച്ചിരിക്കുന്നത് ഹൃദയത്തിന്റെ ഒരു ഉയർച്ചയായിട്ടാണ്. ദൈവസന്നിധിയിലേയ്ക്കുള്ള ഒരു ഉയർച്ച. സ്വർഗ്ഗത്തിലേക്കുള്ള ഒരു നോട്ടമെന്ന് വിശുദ്ധ അതിനെ വിശേഷിപ്പിക്കുന്നു. അങ്ങനെ സ്വന്തം ഹൃദയം ഉയർത്തണമെങ്കിൽ, അതിന് പരിശീലനവും ശീലവും വേണം. തന്റെ ജീവിതത്തിൽ എന്തു സംഭവിച്ചാലും എന്റെ ജീവിതം ഏത് അവസ്ഥയിലായാലും ദൈവത്തിന്റെ സന്നിധിയിലേക്ക് ഹൃദയത്തെ ഉയർത്തുവാൻ സാധിക്കുന്നതാണ് യഥാർത്ഥ പ്രാർത്ഥനയെന്നു പറയുന്നത്.

ദൈവവുമായി ലയിക്കുക - ആ നിർവൃതിയിൽ ജീവിക്കുക. ഓരോ നിമിഷവും ദൈവതിരുസന്നിധിയിലായിരിക്കുക. ആശ്രമത്തിൽ വന്നിരിക്കുന്നതിന്റെ ലക്ഷ്യംതന്നെ ഇതൊക്കെയാണെന്ന് ഡൺസ്റ്റണച്ചൻ സ്വന്തം ജീവിതത്തിലൂടെ വരച്ചുകാട്ടി. ആദ്ധ്യാത്മിക പരിശീലനത്തിനായി വന്നിരുന്ന യോഗാർത്ഥികളെ തന്റെ ജീവിതത്തിലൂടെ പഠിപ്പിച്ച ഒരു പാഠം ഈ പ്രാർത്ഥനയുടേതായിരുന്നു. എവിടെയും ദൈവസാന്നിദ്ധ്യസ്മരണ വെച്ചുപുലർത്തിയിരുന്ന ഒരു വ്യക്തിത്വം. രാത്രിയുടെ യാമങ്ങളിൽ തന്റെ പിതാവായ ദൈവത്തോട് എന്നും സംസാരിച്ചിരുന്ന യേശുവിന്റെ കാല്പാടുകൾ പിൻതുടർന്നുകൊണ്ട് ദൈവത്തിന്റെയടുത്ത് ജീവിതത്തിന്റെ ഏറിയ ഭാഗവും ചിലവഴിച്ച ഒരു സന്യാസവര്യൻ. ദൈവസന്നിധിയിൽ വി. കൊച്ചുത്രേസ്യ ഉറങ്ങിപ്പോയതുപോലെ എത്ര തവണയാണ് അദ്ദേഹം തന്റെ ശരീരക്ഷീണംകൊണ്ട് ഉറങ്ങിയിരുന്നത്. ദൈവസന്നിധിയിലല്ലേ ഉറങ്ങിയിരുന്നതെന്ന

ആശ്വാസം അദ്ദേഹത്തിനെന്നും ഉണ്ടായിരുന്നു. എല്ലാം ദൈവത്തിനോട് അനുവാദം ചോദിച്ചിട്ടേ അദ്ദേഹം ചെയ്തിരുന്നുള്ളൂവെന്ന് അദ്ദേഹത്തിന്റെ ജീവചരിത്രം എടുത്തു പറയുന്നുണ്ട്. ഭയപ്പാടില്ലാതെ, സത്യസന്ധമായും നീതിബോധത്തിലും ഓരോന്നും ചെയ്യുവാനിടയായതും ഈ പ്രാർത്ഥനകൊണ്ടു തന്നെ.

## സ്വയാവലോകനം

- പ്രാർത്ഥനയെക്കുറിച്ച് എന്റെ സങ്കൽപ്പങ്ങൾ എന്തൊക്കെയാണ്?
- എനിക്ക് പ്രാർത്ഥനയെന്നു പറയുന്നത് എങ്ങനെയുള്ള അവസ്ഥയാണ്?
- ദൈവത്തെ പ്രാപിക്കുകയെന്നുള്ളത് എന്റെ പ്രാർത്ഥനയുടെ അടിസ്ഥാനമാണോ?

# വചസ്സ്

## 29

"സന്തോഷത്തിലെന്നപോലെ,
സന്താപമദ്ധ്യത്തിലും
നന്ദിയുടേയും സ്നേഹത്തിന്റെയും
ഉദ്ഘോഷമാണ് പ്രാർത്ഥന.
ചുരുക്കത്തിൽ എന്റെ ആത്മാവിനെ
വികസിപ്പിക്കുകയും യേശുവിനോടെന്നെ
ഒന്നിപ്പിക്കുകയും ചെയ്യുന്ന
മഹനീയവും അതിസ്വാഭാവികവുമായ
ശക്തിവിശേഷമാണിത്."

# വ്യാഖ്യാനം

പ്രാർത്ഥന നമ്മുടെ ആവശ്യങ്ങൾ സാധിക്കുവാനുപ യോഗിക്കുന്ന ഉപകരണങ്ങളാണെന്ന ധാരണ മനുഷ്യമ നസ്സിൽ എന്നും നിലനിൽക്കുന്ന വസ്തുതയാണ്. കാര്യ സാധ്യത, ആഗ്രഹപൂർത്തീകരണം എന്നിവ പ്രാർത്ഥന യുടെ ഫലങ്ങളായിട്ടാണ് മനുഷ്യർ കരുതുന്നത്. തന്റെ ആഗ്രഹങ്ങളും അഭിലാഷങ്ങളും സാധിച്ചുതരാൻ മനു ഷ്യൻ ആശ്രയിക്കുന്ന, കൈപ്പിടിയിലെ ഒരു കളിപ്പാവ യാണ് ദൈവം. ദൈവത്തെ സ്വന്തം കൈപ്പിടിയിലൊതു ക്കുവാൻ ഏതു മാർഗ്ഗവും അവൻ ഉപയോഗിക്കും. അവന്റെ സ്വാർത്ഥതയുടെ നിവാരണമാണ് അവന്റെ പ്രാർത്ഥന.

ഇവിടെ വി. കൊച്ചുത്രേസ്യാപുണ്യവതി പ്രാർത്ഥനയെ കാണുന്നത് മറ്റൊരു കണ്ണുകൊണ്ടാണ്. ജീവിതത്തിന്റെ ഏതൊരവസ്ഥയിലും മനുഷ്യന്റെ ഉദ്ഘോഷമാണ് പ്രാർത്ഥന. ദൈവം തരുന്ന എല്ലാം സന്തോഷമായാലും സന്താപമായാലും നിരാശയായാലും കഷ്ടതകളായാലും എന്തിനേറെ പറയുന്നു വേദനകളായാലും ആയതിനെ യൊക്കെ ദൈവനാമത്തിൽ സന്തോഷത്തോടെ സ്വീക രിച്ച്, നന്ദി പറയുവാൻ കഴിയണമെന്നാണ് വിശുദ്ധയുടെ ഹിതം. അതുകൊണ്ട് വിശുദ്ധ പ്രാർത്ഥനെയെന്നു വിശേ ഷിപ്പിക്കുന്നത് സന്തോഷത്തെപ്പോലെ, സന്താപമദ്ധ്യ ത്തിലും നന്ദിയുടേയും സ്നേഹത്തിന്റേയും ഉദ്ഘോഷ മാണ്. അതുപോലെത്തന്നെ പ്രാർത്ഥനയെന്നത് ഒരു വ്യക്തിയുടെ ആത്മാവിന്റെ വികാസമാണ്. അങ്ങനെ

ആത്മാവ് വളർന്ന്, യേശുവിനോടൊന്നിപ്പിയ്ക്കുകയും ചെയ്യുന്ന മഹനീയശക്തിവിശേഷമാണ് പ്രാർത്ഥനയ്ക്കുള്ളത്. ആത്മാവിന്റെ ദൈവവുമായിട്ടുള്ള ഒന്നിപ്പിനെയാണ് പ്രാർത്ഥനയായി ഗണിക്കുന്നത്. ആത്മാവ്, ദൈവത്തിൽ ലയിച്ചുചേരുന്ന ആ മഹനീയ നിമിഷത്തെയാണ് കൊച്ചുത്രേസ്യാപുണ്യവതി പ്രാർത്ഥനയായി കരുതുന്നത്.

വി. അമ്മത്രേസ്യായുടെ അഭിപ്രായം വി. കൊച്ചുത്രേസ്യായുടെ അഭിപ്രായവുമായി വളരെ സാമ്യമുണ്ട്. വി. അമ്മത്രേസ്യ പറയുന്നത്, 'നിർമ്മലവും സ്നേഹനിർഭരവുമായ വിധം ആകാംക്ഷകളുടെ ചിറകുകളിൽ ദൈവത്തിങ്കലേക്ക് പറന്നുയരുന്നതാണ് പ്രാർത്ഥന.' അമ്മത്രേസ്യ തന്റെ പുസ്തകത്തിൽ പറയുന്ന മറ്റൊരു പ്രതീകാത്മകമായ ആശയമുണ്ട്. നദിയിൽ വീഴുന്ന മഴവെള്ളം നദീജലത്തോട് സംയോജിക്കുന്നതുപോലെ താളവും ജ്വാലയും ഒന്നായിരിക്കുന്നതുപോലെ, രണ്ട് വാതായനങ്ങളിൽക്കൂടി ഒരു മുറിക്കകത്ത് കടക്കുന്ന പ്രകാശംപോലെയാണ് പ്രാർത്ഥനയിൽ മനുഷ്യന്റെ ആത്മാവും ദൈവവുമായി ഒന്നുചേരുന്നത്.

പ്രാർത്ഥനയെക്കുറിച്ച് വി. കൊച്ചുത്രേസ്യായെപ്പോലെയോ അമ്മത്രേസ്യയെപ്പോലെയോ വലിയ വലിയ കാര്യങ്ങൾ എഴുതിയിട്ടില്ലെങ്കിലും ഡൺസ്റ്റണച്ചന്റെ ജീവിതംതന്നെ പ്രാർത്ഥനയുടേതായിരുന്നുവെന്ന് നമുക്കറിയാം. നമ്മുടെ ആത്മാവും ദൈവവുമായുള്ള ഒന്നിപ്പിനെയാണ് പ്രാർത്ഥനയെന്ന് പറയുന്നുണ്ടെങ്കിൽ ഡൺസ്റ്റണച്ചൻ എന്നും ഈ വിധത്തിൽ ദൈവവുമായി ഐക്യത്തിൽ

ഒന്നായി ജീവിച്ചവനാണെന്ന സത്യം ഏവർക്കുമറിയാം. ധ്യാനനിർലീനനായി പള്ളിയിലും (ചാപ്പലിലും) സക്രാരിയുടെ മുൻപിൽ മുട്ടുകുത്തി നിൽക്കുന്ന രംഗമാണ് ഏവരുടേയും മനസ്സിൽ ആദ്യം ഓടിവരിക. എവിടെയും ദൈവത്തിന്റെ സാന്നിദ്ധ്യം അദ്ദേഹത്തിലൂടെ വൈദിക വിദ്യാർത്ഥികൾ അനുഭവിച്ചിരുന്നു. ജീവിക്കുന്ന ക്രിസ്തുവായി മറ്റുള്ളവർ അദ്ദേഹത്തെ ദർശിച്ചിരുന്നു. ദൈവ ഐക്യത്തിന്റെ ജീവിതമായിരുന്നു ഡൺസ്റ്റണച്ചന്റേത്.

## സ്വയാവലോകനം

- എന്റെ ജീവിതത്തിൽ, ഏതൊരു അവസ്ഥയിലും ദൈവത്തെ ഉദ്ഘോഷിക്കുവാൻ എനിക്ക് കഴിയുന്നുണ്ടോ?
- എന്റെ ആത്മാവ് ദൈവത്തിനോടൊന്നിപ്പിയ്ക്കാൻ പറ്റുന്നവിധത്തിൽ വികാസം സംഭവിച്ചിട്ടുണ്ടോ?
- ദൈവവുമായി ഒന്നുചേരുവാൻ എനിക്ക് കഴിയുന്നുണ്ടോ?

# വചസ്സ്

## 30

“ഒരു ദിവസം എന്തെങ്കിലും
അവമാനം ഏൽക്കണമെന്നു ഞാൻ
അസാധാരണമായി ആഗ്രഹിച്ചിരുന്നപ്പോൾ,
ഒരു സഹകന്യാസ്ത്രീ വന്ന് ആ കൃത്യം
ഭംഗിയായി നിറവേറ്റി എന്നെ നല്ലവണ്ണം
തൃപ്തിപ്പെടുത്തി. എന്റെ നേർക്ക് അതെല്ലാം
ആക്രോശിക്കുവാൻ അവളോടാജ്ഞാപിച്ചത്
കർത്താവു തന്നെയാണ്.
അത്ര സുഭിക്ഷമായി വിളമ്പിക്കിട്ടിയ
ആ തിക്തഭോജനം എന്റെ ആത്മാവ്
അത്യന്തം രുചിയോടെ അനുഭവിക്കുകയും
ചെയ്തു.”

# വ്യാഖ്യാനം

എനിക്കെതിരെ ആരെങ്കിലും എനിക്കിഷ്ടപ്പെടാത്തത് പറയുകയോ പ്രവർത്തിക്കുകയോ ചെയ്താൽ അവനെ തിരെ തിരിച്ച് പ്രതികാരം ചെയ്തില്ലെങ്കിൽ എനിക്ക് ഒരു മനസ്സമാധാനവുമുണ്ടാവുകയില്ല. എന്നെ ദ്രോഹിച്ചവനെ തിരിച്ച് ദ്രോഹിച്ചില്ലെങ്കിൽ എനിക്ക് ഒരാശ്വാസവും ലഭി ക്കില്ല. എന്നിങ്ങനെ പ്രതികാരത്തിന്റെ വിജയഭേരി മുഴ ക്കിക്കൊണ്ടിരിക്കുന്ന ആധുനികലോകത്തിലാണ് വി. കൊച്ചുത്രേസ്യയുടെ കൊച്ചുബുദ്ധിയിൽ ഉദിച്ച തത്വശാ സ്ത്രം. ഒരു ദിവസം എന്തെങ്കിലും അവമാനം ഏൽക്ക ണമെന്ന് ആഗ്രഹിക്കുക, അതിനായി പ്രാർത്ഥിക്കുക. അത് ലഭിച്ചുകഴിഞ്ഞാൽ തൃപ്തിയാവുക. യേശുക്രിസ്തുവിന് ലഭിച്ച വലിയ വലിയ സമ്മാനങ്ങളായിരുന്നു ഇത്തരം കൊച്ചുത്രേസ്യയുടെ ആഗ്രഹങ്ങൾ. ആദ്ധ്യാത്മികതയുടെ മറ്റൊരു മുഖമാണ് നാം ഇവിടെ കാണുന്നത്.

എന്റെ സഹോദരങ്ങൾ എനിക്കു തരുന്ന സഹനങ്ങ ളുണ്ട്. അവയെ കൂട്ടജീവിതങ്ങളിൽ പുഷ്പങ്ങളാക്കി മാറ്റിയ കൊച്ചുത്രേസ്യയുടെ ജീവിതത്തെ മാതൃകയാക്കി ഡൺസ്റ്റണച്ചൻ എന്നും സന്യാസജീവിതം നയിച്ചു. സ്വന്തം സഹോദരങ്ങളോട് സംസാരിക്കുമ്പോഴും പെരു മാറുമ്പോഴും ഒരു കാര്യത്തെ മുൻനിർത്തിയാണ് അദ്ദേഹം ചെയ്തിരുന്നത്. സത്യവും നീതിയും മുൻനിർത്തി ദൈവ ത്തിനുവേണ്ടി എല്ലാം ചെയ്തിരുന്നു. ആരോടും പരിഭവ മില്ലാതെ, ആരോടും പ്രതികാരമില്ലാതെ, ഒരു പുഞ്ചിരി യിൽ അദ്ദേഹം എല്ലാം ഒതുക്കിനിർത്തി. തന്റെ അയോ

ഗ്യതകൊണ്ട് മറ്റൊരുവന്റെ കുറവുകൾ അദ്ദേഹം നികത്തിയിരുന്നു. പരിപൂർണ്ണനാകാൻ ആഗ്രഹിക്കുമ്പോഴും മറ്റുള്ളവരുടെ അപൂർണ്ണതയെ അംഗീകരിക്കുവാനും മനസ്സിലാക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞു.

## സ്വയാവലോകനം

- എന്റെ ജീവിതത്തിൽ ആരെങ്കിലും എന്നെ അവമാനിക്കാറുണ്ടോ? അങ്ങനെയുണ്ടായാൽ ഞാൻ എന്താണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്?
- ഈ തത്വശാസ്ത്രത്തിന് ആധുനികലോകത്തിൽ എന്തെങ്കിലും വിലയുണ്ടോ?

# വചസ്സ്

31

"യേശു എല്ലാ ദിവസവും
സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുന്നത്
സ്വർണ്ണക്കുസ്തോദിയിൽ വസിക്കാനല്ല.
പ്രത്യുത ആ സ്വർഗ്ഗത്തേക്കാൾ
താൻ അനന്തമായി അധികം ഇഷ്ടപ്പെടുന്ന
വേറൊരു സ്വർഗ്ഗം -
തന്റെ ഛായയിൽ സൃഷ്ടിക്കപ്പെടുന്നതും
ആരാധ്യമായ ത്രിത്വത്തിന്റെ
സജീവാലയവുമായ നമ്മുടെ
ആത്മാവാകുന്ന സ്വർഗ്ഗം
അന്വേഷിച്ചത്രേ."

## വ്യാഖ്യാനം

ഓരോ മനുഷ്യന്റെ ആത്മാവും ദൈവത്തിന്റെ ആലയമാണ്. അതാണ് സ്വർഗ്ഗമെന്ന് വിവക്ഷിക്കുന്നത്. ദൈവം തന്റെ പള്ളിയിൽ കുസ്തോതിയിൽ ഇരിക്കുവാനല്ല ഇഷ്ടപ്പെടുന്നത്. പ്രത്യുത മനുഷ്യന്റെ ശ്രീകോവിലാകുന്ന മനുഷ്യാത്മാക്കളിൽ കുടികൊള്ളുവാനാഗ്രഹിക്കുന്നത്. ആ ആത്മാക്കളുടെ അടുത്തേക്ക് എന്നും വന്നുചേരുവാൻ ദൈവം ആഗ്രഹിക്കുന്നു. അവിടെയാണ് സ്വർഗ്ഗമായി ദൈവം കണക്കാക്കുന്നത്. വി. കൊച്ചുത്രേസ്യ ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന്റേയും അവർക്കുവേണ്ടി പ്രായശ്ചിത്തങ്ങൾ നടത്തുന്നതിന്റേയും പൊരുൾ ഈ മഹാസത്യമാണ്. ദൈവം സ്വന്തം മക്കളുടെ ആത്മാവിൽ എന്നും ജീവിക്കുവാൻ ഇഷ്ടപ്പെടുന്നു. കൂടാതെ ആ ആത്മാക്കൾ സ്നേഹത്തിന്റേയും സത്യത്തിന്റെയും നീതിയുടേയും വക്താക്കളാകുവാനും ആഗ്രഹിക്കുന്നു.

എനിക്ക് ഒരു കുടിൽ കെട്ടി താമസിച്ച്, ഏകാന്തതയിൽ പ്രാർത്ഥിക്കാനും കൂട്ടത്തിൽ ജനങ്ങളെ ആത്മീയമായി സഹായിക്കുവാനും പറ്റിയ സ്ഥലം തേടിക്കൊണ്ടിരിക്കുകയാണ്. അതിനുശേഷമാണ് ചെന്നിമലയിൽ ചെന്ന് താമസിച്ചത്. സ്വർഗ്ഗകുസ്തോദിയിൽ ജീവിക്കുവാനല്ല ക്രിസ്തു ഈ ഭൂമിയിൽ വന്നത്; മനുഷ്യരുടെ ഇടയിൽ ജീവിക്കുവാനാണ്. ഡൺസ്റ്റണച്ചൻ എന്നും തന്റെ ജീവിതത്തിൽ ദരിദ്രജീവിതത്തിനായി ആഗ്രഹിച്ചിരുന്നത് ഈ മനുഷ്യരുടെ കൂടെ പക്ഷം ചേരുന്നതിനായിരുന്നു. ദൈവസന്നിധിയിൽ സമാധിയിൽ മാത്രം ഇരിക്കുന്നവനാകാതെ മനു

ഷ്യരുടെ കൂടെ ജീവിക്കുവാനാണ് ആ യോഗീവര്യൻ ആഗ്രഹിച്ചിരുന്നത്. അട്ടപ്പാടിയും ചെന്നിമലയും മറ്റു സ്ഥലങ്ങളുമെല്ലാം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വളരെ സംതൃപ്തമായിരുന്നു. ദൈവം മനുഷ്യരുടെ ഇട യിൽ മനുഷ്യരെപ്പോലെ വന്നു വസിച്ചു.

## സ്വയാവലോകനം

- എന്റെ ജീവിതം ദൈവത്തിൻ വസിക്കുവാൻ പ്രാപ്ത മാണോ?
- അവിടെ ദൈവം കുടികൊള്ളുമോ?
- എന്റെ ദൈവത്തിന് സമാധാനത്തിൽ ജീവിക്കുവാൻ എന്റെ ആത്മാവിൽ സാധിക്കുമോ?

# വചസ്സ്

## 32

“പുണ്യമില്ലാത്ത
മാതാപിതാക്കന്മാരായിരുന്നു എന്നെ
വളർത്തിയിരുന്നതെങ്കിൽ, അഥവാ എന്റെ
സഹോദരിമാർ വഷളാക്കിയിരുന്നെങ്കിൽ
ഞാൻ വലിയ ദുഷ്ടയായിത്തീരുമായിരുന്നു.
നശിച്ചുപോവാൻ തന്നെയും
ഇടയാകുമായിരുന്നു. എന്നാൽ യേശു
തന്റെ കുഞ്ഞുമണവാട്ടിയെ
കാത്തുസൂക്ഷിക്കുന്നുണ്ടായിരുന്നു.
സമസ്തവും അവൾക്കു ഗുണകരമായി
പരിഗണിക്കണമെന്നായിരുന്നു
അവിടുത്തെ തിരുമനസ്സ്.
ചെറുന്യൂനതകൾ പോലും തക്കസമയത്ത്
പരിഹരിക്കപ്പെട്ടതിനാൽ
പുണ്യപൂർണ്ണതയിൽ പുരോഗമിക്കുവാൻ
എല്ലാം അവൾക്കുപകരിച്ചു.”

# വ്യാഖ്യാനം

കുടുംബമാണ് എല്ലാ നന്മകളുടേയും ഉറവിടം. കൊച്ചു ത്രേസ്യാപുണ്യവതിയുടെ കുടുംബം നന്മയുടെ വിളനിലമായിരുന്നു. ചാവറയച്ചൻ പറയുന്നു: 'ദൈവം നിങ്ങൾക്കേൽപ്പിച്ച സമ്പത്താണ് മക്കൾ.' അവരെ വളർത്തി വലുതാക്കി ദൈവത്തിനും ദൈവജനത്തിനും വേണ്ടി നിയുക്തരാക്കുകയെന്നതാണ് ഏതൊരു മാതാപിതാക്കന്മാരുടേയും കടമ. ഇപ്രകാരം പുണ്യം നിറഞ്ഞ മാതാപിതാക്കന്മാരായിരുന്നു പുണ്യവതിയുടേത്. അതിനാൽ ഇവിടെ വി. കൊച്ചുത്രേസ്യ സ്വന്തം മാതാപിതാക്കന്മാരേയും സ്വന്തം സഹോദരിമാരെയും തന്റെ ജീവിതത്തിന്റെ വിജയത്തിന് അടിസ്ഥാനമാക്കി പറയുന്നു. പക്ഷെ വളരെ ബോധ്യത്തോടെ മറ്റൊരു സത്യവും തുറന്നുപറയുന്നുണ്ട് - എല്ലാം യേശുവിന്റെ കൃപയാണ്. യേശുവാണ് എന്നെ കാത്തുസൂക്ഷിച്ചത്, എന്നെ പുണ്യപൂർണ്ണതയിൽ പുരോഗമിക്കുവാൻ ഇടയാക്കിയതും ആ നല്ല ദൈവമായിരുന്നു. ദൈവത്തിന്റെ പൊന്നോമന മക്കളെ ദൈവം കൈവിടില്ല.

ഡൺസ്റ്റണച്ചൻ പറയുന്നു: 'എനിക്ക് ഓർമ്മവച്ച നാളുകളിൽ കുടുംബത്തിൽ ഒരു ആദ്ധ്യാത്മിക അന്തരീക്ഷം ഉണ്ടായിരുന്നു. മാസാദ്യ വെള്ളിയാഴ്ചകളിൽ കുടുംബപ്രതിഷ്ഠ വളരെ ശുഷ്കാന്തിയോടുകൂടി നവീകരിക്കപ്പെട്ടിരുന്നു. പ്രതിഷ്ഠാജപം സ്വന്തം അപ്പൻതന്നെയാണ് ചൊല്ലാറുണ്ടായിരുന്നത്. ജപം ചൊല്ലുന്ന സമയത്ത് അപ്പനെ കാണുന്നതും കേൾക്കുന്നതും വളരെ ഭക്തിസം

വർദ്ധകമായ ഒന്നായിരുന്നു. കുടുംബമാണ് എല്ലാത്തിന്റേയും ഉറവിടം. കുടുംബം നന്നായാൽ മറ്റെല്ലാം നന്നാവും. ഡൺസ്റ്റണച്ചന്റെ ജീവിതത്തിൽ സ്വന്തം പിതാവും മാതാവും കൂടാതെ സ്വന്തം സഹോദരി കുഞ്ഞേത്തിച്ചേച്ചിയും വലിയ പ്രോത്സാഹനവും സഹായവുമായിരുന്നു. ആദ്ധ്യാത്മികജീവിതത്തിന്റെ അടിത്തറ പാകിയവരും കെട്ടിപ്പൊക്കിയവരും ഈ കുടുംബാംഗങ്ങളായിരുന്നു. കുടുംബമാണ് ഏറ്റവും വലിയ കരുത്ത്.

## സ്വയാവലോകനം

- ദൈവമേ, എന്നെ നീയാണല്ലോ ജന്മം നൽകി, കാത്തുസൂക്ഷിക്കുന്നത്. നിന്റെ കരുതലിനെക്കുറിച്ച് ഞാൻ ബോധ്യമുള്ളവനാണോ?
- നിന്റെ ഇഷ്ടം നിറവേറട്ടെയെന്ന് പറയുവാൻ എനിക്ക് കഴിയുന്നുണ്ടോ?

# വചസ്സ്

## 33

ഒരു പുണ്യവതിയാകണമെങ്കിൽ
വളരെയധികം സഹിക്കണമെന്നും ഏറ്റവും
ഉത്തമമായതു തെരഞ്ഞെടുക്കണമെന്നും
തന്നെത്താൻ വിസ്മരിക്കണമെന്നും
ഞാൻ ഗ്രഹിച്ചു. ഞാൻ ഉദ്ഘോഷിച്ചു;
"എന്റെ ദൈവമേ, എനിക്കു മുഴുവനും
വേണം. പകുതി പുണ്യവതിയാകാൻ
ഞാൻ ഉദ്ദേശിക്കുന്നില്ല. അങ്ങയെപ്രതി
സഹിക്കേണ്ടിവരുമെന്നോർത്തു
ഞാൻ ആകുലപ്പെടുന്നില്ല.
ഒന്നുമാത്രമെ ഞാൻ ഭയപ്പെടുകയുള്ളു.
സ്വാർത്ഥതയുടെ സംവരണം,
അങ്ങ് അതെടുത്തുകൊള്ളുക.
എനിക്കു മുഴുവൻ പുണ്യവതിയാകണം.
അതുതന്നെയാണല്ലോ അങ്ങയുടെ
ആഗ്രഹം."

# വ്യാഖ്യാനം

പുണ്യവതിയാകാൻ മൂന്നു കാര്യങ്ങൾ വി. കൊച്ചു ത്രേസ്യാപുണ്യവതി പറയുന്നു. 1) സഹിക്കണം, 2) ഉന്നതമായതു തെരഞ്ഞെടുക്കണം, 3) തന്നെത്താൻ വിസ്മരിക്കണം. പകുതി പുണ്യവതിയാകുന്നതിനേക്കാൾ മുഴുവൻ പുണ്യവതിയാകുന്നതാണ് നല്ലതെന്ന് കൊച്ചു ത്രേസ്യാപുണ്യവതിക്കറിയാമായിരുന്നു. കൊച്ചുകൊച്ചു കാര്യങ്ങൾ അതിന്റെ പൂർണ്ണതയിൽ ചെയ്യുക, ദൈവസ്തുതിക്കായി കാഴ്ച വെയ്ക്കുകയെന്നതൊക്കെ ത്രേസ്യാ പുണ്യവതിക്ക് അറിയാമായിരുന്നു. സ്വാർത്ഥതയാണ് വിശുദ്ധിയ്ക്ക് വിഘാതമായി കിടക്കുന്നതെന്ന് വളരെ ചെറുപ്പത്തിലേ ഈ വിശുദ്ധ പഠിച്ചുകഴിഞ്ഞു.

ഡൺസ്റ്റണച്ചന്റെ പ്രാർത്ഥനയിൽ അദ്ദേഹം എന്നും താൻ ഒരു വിശുദ്ധനാകണമെന്നും, അമ്മ മരിക്കുന്നതിനുമുമ്പ് എന്നെ മരിപ്പിക്കണമെന്നും, ഞാൻ കുർബാനയ്ക്കു കൂടുന്നതും, കുർബാന ചൊല്ലുന്നതും കാണുവാനുള്ള ഭാഗ്യം അമ്മയ്ക്ക് കൊടുക്കണമെന്നും എല്ലായ്പോഴും പ്രാർത്ഥിച്ചിരുന്നു. വിശുദ്ധനാകണമെന്ന ആഗ്രഹം ഡൺസ്റ്റണച്ചൻ വളരെ ചെറുപ്പത്തിലേ മനസ്സിൽ കൊണ്ടുനടന്നിരുന്നു. സ്വന്തം ചേച്ചിയോട് ഇടയ്ക്കിടക്ക് സംശയനിവാരണങ്ങൾ നടത്തിയിരുന്നു. തന്റെ മാതാപിതാക്കന്മാരുടെ മാതൃകയും പരിശീലനവുമാണ് ഡൺസ്റ്റണച്ചനെ വിശുദ്ധിയിലേക്ക് നയിച്ചത്. കൂടാതെ വി. കൊച്ചുത്രേസ്യാപുണ്യവതിയും വി. യോഹന്നാൻ ക്രൂസും വി. ഫ്രാൻസിസ് അസ്സീസിയുമൊക്കെ എന്നും

അദ്ദേഹത്തിന്റെ ജീവിതത്തിൽ പ്രചോദനമായിരുന്നു. ഈ വിശുദ്ധനാകണമെന്ന ആഗ്രഹം അനുനിമിഷം അനുദിനം അദ്ദേഹത്തെ നയിച്ചുകൊണ്ടിരുന്നു.

## സ്വയാവലോകനം

- എന്റെ ദൈവത്തിന്റെ മുന്നിൽ വി. കൊച്ചുത്രേസ്യ പറഞ്ഞതുപോലെ സഹിക്കാനും തന്നെത്താൻ വിസ്മരിക്കുവാനും എനിക്ക് സാധിക്കുമോ?
- ഒരു പരിപൂർണ്ണ വിശുദ്ധീകരണത്തിന് ഞാൻ തയ്യാറാണോ?
- സ്വാർത്ഥതയുടെ പാനപാത്രം ഞാൻ ഇന്നും കുടിയ്ക്കുന്നുണ്ടോ?

# വചസ്സ്

34

"യാതൊരു അർഹതയുമില്ലാത്ത
യേശുവിന്റെ കാരുണ്യത്താൽ മാത്രം
സിദ്ധിച്ച സൗജന്യദാനങ്ങൾ -
അവിടുത്തെ തൃക്കടാക്ഷത്തെ
ആകർഷിക്കുവാൻ പര്യാപ്തമായി.
തന്നിൽ യാതൊന്നുമില്ലെന്നും
നന്മയായിട്ടുള്ളതെല്ലാം അവിടുത്തെ
കാരുണ്യത്തിന്റെ ഫലം മാത്രമാണെന്നും
എനിയ്ക്കറിയാം."

## വ്യാഖ്യാനം

എന്റെ ജീവിതത്തിന്റെ ഓരോന്നും ദൈവത്തിന്റെ സൗജന്യദാനങ്ങളാണ്. എന്റെ ജീവിതവും എന്റെ ശരീരവും ബുദ്ധിയും മനസ്സുമെല്ലാം ഈ ദൈവദാനങ്ങളിൽ ഉൾപ്പെടുന്നു. എന്റെ മാതാപിതാക്കളും എന്റെ ജീവിത സാഹചര്യങ്ങളും എന്റെ കഴിവുകളുമെല്ലാം ദൈവത്തിന്റെ ദാനങ്ങളാണ്. ഒന്നിനും എന്റെ കൈവെയ്പില്ല. പക്ഷെ എന്റെ അദ്ധ്വാനം; അതും ദൈവം തരുന്ന ദാനമല്ലേ? എന്നെ ഞാനാക്കാൻ എന്റെ കയ്യിലൊന്നുമില്ലായെന്നും, ആകർഷകമായി യാതൊന്നുമില്ലായെന്നും നന്മയായിട്ട് എന്തെങ്കിലുമുണ്ടെങ്കിൽ അതൊക്കെ ദൈവത്തിന്റെ ദാനങ്ങളാണെന്നും കൊച്ചുത്രേസ്യാപുണ്യവതി മനസ്സിലാക്കിയിരുന്നു. ശൂന്യതയിൽനിന്നും ദൈവം മനുഷ്യനെ സൃഷ്ടിച്ചുവെന്നു പറയുന്നതിന്റെ പൊരുൾ അതുമാത്രമാണ്. മണ്ണിൽനിന്നും ദൈവം മനുഷ്യനെ സൃഷ്ടിച്ചുവെന്ന് പറയുന്നതിന്റെ അർത്ഥം ഇതുതന്നെയാണ്. ഈ ശൂന്യതാബോധം, ശൂന്യവൽക്കരണബോധം നമ്മെ ദൈവത്തിന്റെ സന്നിധിയിലേക്ക് നയിക്കുന്നു.

ഡൺസ്റ്റണച്ചൻ സ്വന്തം കഴിവുകുറവിനെക്കുറിച്ച് ബോധ്യമുള്ളവനായിരുന്നു. പെങ്ങളുമായി ഇക്കാര്യം ഏറെ സമയം സംസാരിച്ചിരുന്നു. ഒരു സന്യാസിയുടെ ഗുണങ്ങൾ തന്നിൽ അദ്ദേഹം കണ്ടിരുന്നില്ല. അവസാനം കർത്താവിൽ ആശ്രയിച്ച് താൻ ഒരു സന്യാസിയാകാൻ തീരുമാനിച്ചുവെന്നാണ് ചരിത്രം സാക്ഷ്യപ്പെടുത്തുന്നത്. തന്റെ ചില ദുർഗുണങ്ങൾ (അലസത, കൃത്യനിഷ്ഠയി

ല്ലായ്മ) മാറ്റുവാൻ ദൈവത്തോടെന്നും മുട്ടിപ്പായി അപേക്ഷിച്ചിരുന്നു. സ്വന്തം ബലഹീനതകളെക്കുറിച്ച് ദുഃഖിക്കുമ്പോഴും തന്നിൽ അന്തർലീനമായികിടക്കുന്ന ദൈവവരപ്രസാദത്തെ വളർത്തിക്കൊണ്ടുവരുവാൻ അദ്ദേഹം പരിശ്രമിച്ചിരുന്നു. യേശുവിന്റെ കാരുണ്യം കൊണ്ടുമാത്രമാണ് തനിക്ക് സന്യാസജീവിതമനുഷ്ഠിക്കുവാൻ സാധിക്കുന്നതെന്ന ബോധ്യം ഡൺസ്റ്റണച്ചനുണ്ടായിരുന്നു. 'എളിമയാണ് ഏറ്റവും വലിയ പുണ്യം' എന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു.

## സ്വയാവലോകനം

- എന്റെ ജീവിതത്തെക്കുറിച്ച് ഞാൻ വ്യർത്ഥമായി അഭിമാനിക്കാറുണ്ടോ?
- എന്റെ കഴിവാണ് എനിക്കുള്ളതെന്ന് ചിന്തിക്കാറുണ്ടോ?
- എന്റെ എന്നു പറയുവാൻ എനിയ്ക്ക് ഒന്നുമില്ലായെന്ന് ചിന്തിക്കാറുണ്ടോ?

# വചസ്സ്

## 35

"എനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും
ഞാൻ പറയേണ്ടുന്ന വാക്കുകൾ
എനിക്കു തോന്നിച്ചുതരണമെന്നും
ആ ദിവസം മുഴുവനും
വിശുദ്ധ ശ്ലീഹന്മാരോടു ഞാൻ
അപേക്ഷിച്ചുകൊണ്ടിരുന്നു."

## വ്യാഖ്യാനം

കർമ്മലസഭയിൽ ചേരുവാനുള്ള തന്റെ ഇംഗിതം സ്വന്തം പിതാവിനോട് പറയാനാണ് വിശുദ്ധ കൊച്ചു ത്രേസ്യ ഇത്രയും പ്രാർത്ഥനകൾ നടത്തിയത്. വളരെ ചെറുപ്പത്തിലേ ഏകദേശം 15–ാമത്തെ വയസ്സിൽ, പ്രായ പൂർത്തിയാകുന്നതിനുമുമ്പുള്ള വിശുദ്ധയുടെ ആഗ്രഹ മാണ് ഇവിടെ ദർശിക്കുന്നത്. സ്വന്തം അപ്പച്ചന്റെ മറുപടി ഇങ്ങനെയായിരുന്നു: "തന്റെ കുഞ്ഞുങ്ങൾ ഇപ്രകാരം ആവശ്യപ്പെടുന്നതിൽ നല്ല ദൈവം തന്നെ വളരെയധികം ബഹുമാനിക്കുകയാണ് ചെയ്യുന്നത്." ദൈവസന്നിധിയിൽ ദൈവത്തോടുകൂടെ എടുക്കുന്ന തീരുമാനങ്ങൾ എല്ലാം ദൈവം നടത്തിത്തരുമെന്ന് വിശുദ്ധ തന്റെ ജീവിതത്തി ലൂടെ വെളിപ്പെടുത്തിതരുകയാണ്. ഡൺസ്റ്റണച്ചന്റെ ജീവി തത്തിലും ഈ ദൈവം നടത്തിത്തരുമെന്ന വിശ്വാസം ഏതു പ്രവൃത്തികളിലും നിറഞ്ഞുനിന്നിരുന്നു. പ്രാർത്ഥ നയും പരിത്യാഗവും വഴി പ്രേഷിതന്മാരുടെ പ്രേഷിത യാകുവാൻ ദൈവം നിയോഗിച്ചത് വി. കൊച്ചുത്രേസ്യ യെയായിരുന്നു.

## സ്വയാവലോകനം

- എന്റെ ദൈവവിളിയുടെ അടിസ്ഥാനം ദൈവസന്നിധി യിലുണ്ടായിരുന്ന പ്രാർത്ഥനയായിരുന്നുവോ?
- എന്റെ ജീവിതത്തിൽ ഞാൻ ചിന്തിയ്ക്കണമെന്നും എന്തുപറയണമെന്നും ദൈവത്തോടുകൂടിയിരുന്നു ചിന്തിയ്ക്കാറുണ്ടോ?

# വചസ്സ്

## 36

"നിഷ്കളങ്കമായ ആത്മാക്കളെ
അടുത്തറിഞ്ഞപ്പോൾ എനിക്കു മനസ്സിലായി,
മാർദ്ദവമുള്ള മെഴുകിലെന്നോണം
സദ്ഗുണങ്ങളുടെ മുദ്ര എളുപ്പത്തിൽ
പതിയുന്ന ഒരു ശൈശവദശ
മുതൽത്തന്നെ തക്കശിക്ഷണം നൽകി
അവരെ വളർത്താതിരിക്കുന്നത്
എത്രയോ കഷ്ടമാണ്.
പരിചയമില്ലാത്ത തോട്ടക്കാരൻ ചെടികളെ
വേണ്ടവിധം ഒട്ടിക്കാതിരുന്നാൽ
ഫലമെന്തായിരിക്കും?
പക്ഷിക്കുഞ്ഞുങ്ങൾ പാടാൻ പഠിക്കുന്നത്
സ്വവർഗ്ഗത്തിലുള്ള പക്ഷികൾ
പാടുന്നതു കേട്ടാണല്ലോ.
അതുപോലെ ശിശുക്കൾ
സുകൃതാഭ്യസനവും ദൈവസ്നേഹത്തിന്റെ
മഹത്തായ ഗാനവും
തങ്ങളുടെ രൂപവൽക്കരണവും നമ്മെ
പറ്റിനിൽക്കുന്നവരിൽനിന്നാണ്
പഠിക്കേണ്ടത്."

# വ്യാഖ്യാനം

ഈ മൂന്നു കാര്യങ്ങളും വി. കൊച്ചുത്രേസ്യ തന്റെ ജീവിതത്തിൽ പഠിച്ചവയാണ്. കുഞ്ഞുങ്ങളെ എങ്ങനെ വളർത്തണമെന്നും അവരുടെ പ്രത്യേകതകൾ എന്തൊക്കെയെന്നും വിശുദ്ധ ഇതിനകം മനസ്സിലാക്കിയിട്ടുണ്ട്. വളരെ ചെറുപ്പത്തിലെ ഇതൊക്കെ പഠിയ്ക്കുവാനും അത് ജീവിതത്തിൽ പകർത്തുവാനും വളരെ കഴിവുണ്ടായിരുന്നു. കുഞ്ഞുങ്ങളെ കൈവെള്ളയിൽ, ദൈവത്തിന്റെ തിരുവേഷ്ടമനുസരിച്ച് ജീവിക്കുവാൻ പഠിപ്പിച്ചുകൊടുക്കേണ്ട ചുമതല ഏവർക്കുമുണ്ടെന്ന് വിശുദ്ധ നമുക്ക് മനസ്സിലാക്കിതരുന്നു.

ഡൺസ്റ്റണച്ചന്റെ ജീവിതത്തിൽ ഏറെക്കാലവും യുവസന്യാസികളുടെ സന്യാസപരിശീലനത്തിലാണ് ശ്രദ്ധ കൊടുത്തിരുന്നത്. അർത്ഥികളെ വിലയിരുത്തുന്നതിലും അവരെ നേരായ മാർഗ്ഗത്തിലൂടെ നയിക്കുന്നതിലും ആ സന്യാസവൈദികൻ എന്നും ശ്രദ്ധയുള്ളവനായിരുന്നു. ഡൺസ്റ്റണച്ചനെക്കുറിച്ച് എഴുതിയിരിക്കുന്നതിങ്ങനെയാണ്: 'ജ്ഞാനക്കണ്ണുകൊണ്ട് അദ്ദേഹം സർവ്വം ദർശിച്ചു. ഓരോ വ്യക്തിയുടേയും വ്യതിരിക്തതകൾ തിരിച്ചറിഞ്ഞു. പ്രതിസന്ധികളെ തരണം ചെയ്യുന്നതിനും അവർക്ക് അനുഗുണമായ ദൈവവിളിയുടെ ധാരകളെ തെരഞ്ഞെടുക്കുന്നതിനും സഹായിച്ചു. ഡൺസ്റ്റണച്ചന്റെ ജീവിതമായിരുന്നു ഏവർക്കും മാതൃക. ആ ജീവിതത്തിൽനിന്നും ഒത്തിരിയേറെ പഠിയ്ക്കുവാനുണ്ടായിരുന്നു. സന്യാസജീവിതം കരുപ്പിടിപ്പിച്ചത് അദ്ദേഹത്തിന്റെ ജീവിതത്തിൽ

നിന്നായിരുന്നു. സ്വന്തം ജീവിത രൂപവത്കരണത്തിന്റെ നിദാനമായി നിലകൊണ്ടിരുന്നത് ആ ധന്യാത്മാവിന്റെ ജീവിതം തന്നെയായിരുന്നു.

## സ്വയാവലോകനം

- ആധുനികതയിൽ മുഴുകി ജീവിക്കുന്ന നമ്മെ സംബന്ധിച്ചിടത്തോളം കുഞ്ഞുങ്ങളെ ശരിയായി വളർത്തുന്ന കാര്യങ്ങളിൽ ശ്രദ്ധ കൊടുക്കുന്നുണ്ടോ?
- മക്കളെ വളർത്തുവാൻ നാം ദൈവത്തിന്റെ ഇഷ്ടം ചോദിക്കാറുണ്ടോ?
- കുഞ്ഞുമനസ്സുകൾ വളരെ ലോലമാണെന്ന് മനസ്സിലാക്കി, ആയതിനെ രൂപപ്പെടുത്തുവാൻ പരിശ്രമിക്കുന്നുവോ?

# വചസ്സ്

## 37

"പ്രശ്നമായി കരുതപ്പെടുന്ന
ഒരു മഹാനഗരത്തിന്റെ നിഴൽ
അനുഗമിക്കരുത്,
ധാരാളം മിത്രങ്ങളുടെ കൂട്ടുകെട്ടോ
ഏതെങ്കിലും വ്യക്തിയുടെ
പ്രത്യേകസ്നേഹമോ ആഗ്രഹിക്കരുത്."
ക്രിസ്ത്വാനുകരണത്തിലെ ഈ ഒരു വാചകം
വി. കൊച്ചുത്രേസ്യ എന്നും
അനുസ്മരിച്ചിരുന്നു.

## വ്യാഖ്യാനം

ദൈവവുമായുള്ള ബന്ധമാണ് ഏറ്റവും വിലപിടിപ്പുള്ളതെന്നും ആ ബന്ധത്തേക്കാൾ വലുത് ഈ ലോകത്തിലില്ലെന്നും കൊച്ചുത്രേസ്യ മനസ്സിലാക്കിയിരുന്നു. ജനങ്ങളുടെ കയ്യടിയും പിന്തുണയുമെല്ലാം ഒരു നിമിഷം കൊണ്ട് അവസാനിക്കുന്നതും വിശ്വസിക്കാവുന്നതുമല്ലായെന്നും ഒരു പ്രത്യേക കൂട്ടുകാരിയുടെ സ്നേഹത്തിന്റെ പുറകേ നാം പാഞ്ഞുപോകരുതെന്നും ഇവിടെ വ്യക്തമാക്കുന്നു. നൈമിഷികതയുടെ കഥയില്ലായ്മയാണ് വി. കൊച്ചുത്രേസ്യ ഇവിടെ പറയുന്നത്. ഒരിക്കലും ഉപേക്ഷിക്കാത്ത, അനശ്വരമായ ഒന്നേ ഈ ലോകത്തിലുള്ളൂ. അത് ദൈവം മാത്രമാണ്, അവിടെ ശരണം വെക്കണമെന്ന് കൊച്ചുത്രേസ്യ നമ്മെ പഠിപ്പിക്കുന്നു.

ഡൺസ്റ്റണച്ചന്റെ രൂപീകരണശൈലിയിൽ ഒരു കാര്യം വ്യക്തമാണ്. യോഗാർത്ഥികളുമായുള്ള വ്യക്തിബന്ധങ്ങളിൽ സ്വന്തം താൽപര്യങ്ങൾ ഒരിക്കലും പ്രകടമായിരുന്നില്ല. തനിക്ക് ഇഷ്ടമുള്ളവരെ സ്വന്തമാക്കുക അദ്ദേഹത്തിന്റെ ശൈലിയായിരുന്നില്ല. തന്നോട് അടുപ്പവും സ്നേഹവും കാട്ടുന്നവരോട് പ്രത്യേകമായ ഒരടുപ്പം അദ്ദേഹം കാണിച്ചിരുന്നില്ല. അമിതമായ സ്നേഹപ്രകടനങ്ങളിൽനിന്നും അദ്ദേഹം അകന്നുനിന്നിരുന്നു. വികാരവിചാരങ്ങളുടെ അടിമയായിരുന്നില്ല അദ്ദേഹം. ഇതെല്ലാം ഏത് കൊച്ചുകുട്ടിയോടും ഡൺസ്റ്റണച്ചനെക്കുറിച്ച് ചോദിച്ചാൽ അറിയാവുന്നതേയുള്ളൂ. പ്രത്യേകസ്നേഹം, പ്രത്യേകവിഭാഗക്കാരോട് കൂടുതൽ അടുപ്പം ഇവയൊന്നും അദ്ദേ

ഹത്തിൽ നമുക്ക് കാണാൻ സാധ്യമല്ല. ദൈവത്തോടു മാത്രം പ്രത്യേകസ്നേഹമുള്ള ഒരു ആദ്ധ്യാത്മികമനുഷ്യനായിരുന്നു ഡൺസ്റ്റണച്ചൻ.

## സ്വയാവലോകനം

- എന്റെ ആശ്രയം എവിടെയാണ്?
- എന്നെ സ്നേഹിക്കുന്നവരേയും എന്റെ കൂടെയുള്ളവരേയും എങ്ങനെയാണ് ഞാൻ കരുതുന്നത്?
- എന്റെ ഉറ്റസ്നേഹിതനിൽ ഞാൻ എന്റെ ആശ്രയം വെക്കാറുണ്ടോ? ആരാണവൻ/ആരാണവൾ?

# വചസ്സ്

## 38

"പ്രായശ്ചിത്തപ്രവൃത്തികളുടെ പേരിലും
ഒരു അഭിനിവേശം എന്നിലുളവായി.
ലോകത്തിലായിരുന്നപ്പോൾ
ഞാൻ ചെയ്തിരുന്ന ഒരു ചെറിയ
ഇന്ദ്രിയനിഗ്രഹവും - അതായത്,
പുറകോട്ടു ചാരാതെ ഇരിക്കുക -
ചോദിക്കാതെത്തന്നെ
എനിക്കനുവദിക്കപ്പെട്ടിരുന്ന ആത്മനിഗ്രഹം,
സ്വാർത്ഥസ്നേഹത്തെ
നിയന്ത്രിക്കുകയായിരുന്നു.
ശാരീരിക തപക്രിയകളേക്കാൾ
വളരെയധികം ഗുണം അതെനിക്കു
വരുത്തിയിട്ടുണ്ട്."

## വ്യാഖ്യാനം

ദാരിദ്ര്യത്തിന്റെ മഹിമ ഇവിടെ വിശുദ്ധ വ്യക്തമാക്കുന്നു. ദാരിദ്ര്യം ഒരു പുണ്യമാണെന്നും സ്വർഗ്ഗത്തിന്റെ ഒരു ചവിട്ടുപടിയാണെന്നും വിശുദ്ധ തന്റെ തൂലികയിലൂടെ എഴുതിയിരിക്കുന്നു. ദരിദ്രൻ സ്വർഗ്ഗത്തിലെ കുലീനനായിരിക്കും. അവൻ സ്വർഗ്ഗത്തിൽ എഴുതപ്പെട്ട സമ്പന്നനുമായിരിക്കും. ഒന്നുമില്ലായ്മയുടെ വൈശിഷ്ട്യം ഇവിടെ വിശുദ്ധ വിളിച്ചോതുകയാണ്. ആയതിന്റെ മഹിമ ലോകത്തിന്റെ ചിന്താഗതിക്ക് അതീതമാണ് എന്ന് നമുക്ക് തിരിച്ചറിയുവാൻ സാധിക്കും. ഡൺസ്റ്റണച്ചൻ എല്ലായ്പോഴും പറയാറുണ്ട്: "ദരിദ്രൻ എന്നും ദൈവത്തിലാശ്രയിക്കാൻ ഇടയുണ്ട്." ഇന്ന് ഈ കാലഘട്ടത്തിൽ ഇത്തരം തത്വചിന്തകളെ തള്ളിപ്പറയുന്നവരുണ്ട്. പക്ഷെ വിശകലനം ചെയ്തുകഴിഞ്ഞാൽ ഒരു ദരിദ്രന്റെ സന്തോഷവും സമാധാനവും ഒരു സമ്പന്നനുണ്ടാകണമെന്നില്ല. ദരിദ്രർ ഭാഗ്യവാന്മാരെന്ന് യേശു പറഞ്ഞതിന്റെ പൊരുളും അതാണ്.

## സ്വയാവലോകനം

- ഞാൻ ദരിദ്രനെ സ്നേഹിക്കാറുണ്ടോ?
- എന്റെ ഭൂമിയിലെ അവസ്ഥ എന്താണ്?
- എനിക്ക് ദാരിദ്ര്യത്തിന്റെ സമ്പന്നതയെക്കുറിച്ച് എന്താണ് പറയുവാനുള്ളത്?

# വചസ്സ്

## 39

“നിങ്ങളുടെ ഇഷ്ടം
സാധിക്കുവാനല്ല അവിടുന്നു
സൃഷ്ടികളെ അനുവദിച്ചത്.
പ്രത്യുത തന്റെ തിരുമനസ്സ് അവർ
നിറവേറ്റേണ്ടിയിരിക്കുന്നു.”

# വ്യാഖ്യാനം

സൃഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ചില കരാറുകളുണ്ട്. സൃഷ്ടാവിന്റെ ഇഷ്ടം നിർവ്വഹിക്കുവാനാണോ സൃഷ്ടികളുള്ളത്? അതോ സൃഷ്ടാവിന്റെ ഇഷ്ടത്തേക്കാളുപരി സൃഷ്ടിയുടെ ആഗ്രഹങ്ങൾ സാധിക്കുന്ന സൃഷ്ടാവാണോ? വി. കൊച്ചുത്രേസ്യ പറയുന്നു: "ദൈവത്തിന്റെ തിരുമനസ്സ് നിറവേറ്റുന്നതാണ് ഒരു സൃഷ്ടിയുടെ കടമ." ആയതിനാൽ ദൈവേഷ്ടം അന്വേഷിക്കുകയും അത് ജീവിതമാക്കി മാറ്റുകയും ചെയ്യേണ്ട ചുമതല സൃഷ്ടികളായ നമുക്കേവർക്കുമുണ്ട്. എന്നാൽ ദൈവത്തിന്റെ ഇഷ്ടം അന്വേഷിക്കുന്നവരും ദൈവത്തോട് സംസാരിക്കുന്നവരുമായിത്തീരണമെന്ന് വിശുദ്ധ നമ്മെ പഠിപ്പിക്കുന്നു. ദൈവത്തിന് നമ്മെക്കുറിച്ച് ഒരു പദ്ധതിയുണ്ടെന്ന് പറയുന്നതിന്റെ അർത്ഥവും ഇതുതന്നെയാണ്. ആ ദൈവത്തിന്റെ, സൃഷ്ടാവിന്റെ ഉപകരണങ്ങളാണ് നമ്മളൊക്കെ. ശിശുക്കളെപ്പോലെ ആയാൽ മാത്രമെ ഇത് സാധിക്കുകയുള്ളൂ.

ഡൺസ്റ്റണച്ചന്റെ ജീവിതത്തെ സമൂലമായി പരിശോധിച്ചാൽ ദൈവത്തിന്റെ ഇഷ്ടം നിർവ്വഹിക്കുവാൻ സ്വന്തം ജീവിതം ഉഴിഞ്ഞുവച്ചവൻ എന്നേ പറയൂ. ദൈവേഷ്ടമായിരുന്നു അദ്ദേഹത്തിനെല്ലാം. തന്റെ ജീവിതവും ആഗ്രഹങ്ങളും പ്രാർത്ഥനകളും പരിത്യാഗപ്രവൃത്തികളും ഇതിനായി അദ്ദേഹം ചിലവഴിച്ചു. സ്വന്തമായ പല ആഗ്രഹങ്ങളും അഭിലാഷങ്ങളുമുണ്ടായിരുന്നു, അതെല്ലാം ഒന്നുമല്ലായെന്ന് അദ്ദേഹത്തിന്റെ ജീവിതംകൊണ്ടും സന്യാസാ

നുസരണംകൊണ്ടും അദ്ദേഹം തെളിയിച്ചു. താൻ ഏറ്റെടുത്ത ശുശ്രൂഷകളൊക്കെയും അതിന് ഉദാഹരണങ്ങളായി മാറി. നിന്റെ ഇഷ്ടം, അതുമാത്രം എന്ന ചിന്തയിൽ ജീവിച്ചുമരിച്ചുപോയ പുണ്യപുരുഷനായിരുന്നു ഡൺസ്റ്റണച്ചൻ.

## സ്വയാവലോകനം

- എന്റെ ഇഷ്ടം നിറവേറണമെന്ന് വാശി പിടിക്കുന്നവരാണോ നമ്മൾ?
- ദൈവേഷ്ടത്തിനായി കാത്തുനിൽക്കാറുണ്ടോ? ദൈവതിരുമനസ്സ് തേടി പോകാറുണ്ടോ?

# വചസ്സ്
40

"ആദിമ ക്രിസ്ത്യാനികളുടെ
രക്തത്താൽ അരുണിമ പൂണ്ട
ധൂളിയിലേയ്ക്ക് എന്റെ അധരങ്ങൾ
അടുത്തപ്പോൾ എന്റെ ഹൃദയം
ശക്തിയായി തുടിച്ചു.
യേശുവിനുവേണ്ടി
വേദസാക്ഷിണിയാകുവാനുള്ള വരം
ഞാൻ അപേക്ഷിച്ചു.
എന്റെ അപേക്ഷ കേട്ടു എന്നൊരുറപ്പ്
എന്റെ ഹൃദയത്തിന്റെ അഗാധത്തിൽ
എനിക്കനുഭവപ്പെട്ടു."

# വ്യാഖ്യാനം

റോമ സന്ദർശനത്തിനിടയിൽ 'കൊളോസിയം' കണ്ടപ്പോൾ വി. കൊച്ചുത്രേസ്യാപുണ്യവതിക്കുണ്ടായ വികാരങ്ങളാണ് ഇവിടെ എഴുതിയിരിക്കുന്നത്. ക്രിസ്തുവിനുവേണ്ടി സ്വന്തം ജീവിതം പരിത്യജിച്ച മനുഷ്യാത്മാക്കളുടെ ചുടുരക്തം വീണ മണ്ണിനെ വന്ദിച്ചുകൊണ്ട് വി. കൊച്ചുത്രേസ്യ, യേശുവിനുവേണ്ടി വേദസാക്ഷിയാകുവാൻ ദൈവത്തിനോടപേക്ഷിക്കുകയാണ്. യേശുവിനുവേണ്ടി ജീവപരിത്യാഗം ചെയ്യുവാൻ തുടിക്കുന്ന ഒരു കൊച്ചു ഹൃദയം. ആ കൊച്ചുറാണിയാണ് പിന്നീട് പ്രേഷിതരുടെ മധ്യസ്ഥയായിത്തീർന്നത്. ആധുനികലോകത്തിൽ വേദസാക്ഷിയാവുകയെന്നു പറയുന്നത് വളരെ വൈഷമ്യമേറിയതാണ്. ക്രിസ്തുവിനുവേണ്ടി ജീവിയ്ക്കുവാൻ, മരിക്കുവാൻ, വേദസാക്ഷിയാകുവാൻ വി. കൊച്ചുത്രേസ്യാ നമുക്ക് പ്രചോദനമാകട്ടെ.

'നാടുവിട്ട് അന്യനാടുകളിൽ പോയി കഴിയുമെങ്കിൽ മരണംവരെ ജോലി ചെയ്യണം' - ഡൺസ്റ്റണച്ചന്റെ വലിയ ഒരാഗ്രഹം ഇതായിരുന്നു. പ്രേഷിതപ്രവർത്തനത്തിനായി പോകാൻ ആഗ്രഹിക്കുകയും, പക്ഷെ പോകാൻ സാധിക്കാതെ അനേകരെ പ്രേഷിതവേലക്കു വിവിധരാജ്യങ്ങളിലേക്കയയ്ക്കുകയും ചെയ്ത ഒരു പുണ്യാത്മാവാണ് ഡൺസ്റ്റണച്ചൻ. അട്ടപ്പാടിയിലും ചെന്നിമലയിലും കുളക്കാട്ടുകുറിശ്ശിയിലുമെല്ലാം സിമ്പിൾ ലൈഫ് വേണമെന്നാഗ്രഹിക്കുകയും ജീവിതം പൂർണ്ണമായും ദൈവജനത്തിനായി, സുവിശേഷവേലക്കായി ലോകത്തിന്റെ നാനാദി

ക്കുകളിലേക്കും പോകണമെന്നാഗ്രഹിക്കുകയും ചെയ്ത പ്രേഷിതനാണ് ഡൺസ്റ്റണച്ചൻ. മനസ്സിലെന്നും മറ്റുള്ള വർക്കുവേണ്ടി ജീവിതം സമർപ്പിക്കണമെന്നും, വേണ്ടി വന്നാൽ രക്തസാക്ഷിയാകണമെന്നും ആഗ്രഹിച്ചിരുന്നു. ആ ഗുരുവരൻ വി. കൊച്ചുത്രേസ്യായെപ്പോലെ ആയിര ങ്ങളെ പ്രേഷിതപ്രവർത്തനങ്ങൾക്ക് അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു.

## സ്വയാവലോകനം

- എന്റെ ഈ ചെറിയ ജീവിതത്തിൽ എങ്ങനെ വേദസാക്ഷിയാകുവാൻ സാധിക്കും?
- ചെറിയ ചെറിയ പരിത്യാഗംകൊണ്ട് എനിക്ക് വേദസാക്ഷിയാകുവാൻ സാധിക്കുമോ?

# വചസ്സ്

## 41

"കുറെ നാളായി ഉണ്ണിയേശുവിനു
ഞാൻ അവിടുത്തെ കുഞ്ഞുകളിപ്പന്തായി
സ്വയം സമർപ്പിച്ചിരുന്നു.
കുട്ടികൾ തൊടാൻ തുനിയാതെ
നോക്കിനിൽക്കുന്നതിൽ മാത്രം
തൃപ്തിപ്പെടുന്ന വില കൂടിയ കളിക്കോപ്പായി
എന്നെ പരിഗണിക്കാതെ, നിലത്തെറിയാനും
തൊഴിക്കാനും കുത്തിപ്പൊട്ടിക്കാനും
വല്ല മൂലയിലും ഇടുവാനും അഥവാ
ഇഷ്ടംപോലെ മാറിൽ ചാർത്തി
ആശ്ലേഷിക്കാനും പറ്റിയ വില കുറഞ്ഞ
ഒരു കുഞ്ഞുപന്തായി മാത്രം കരുതിയാൽ
മതിയെന്നു ഞാൻ അവിടുത്തോടു
പറഞ്ഞിരുന്നു.
ചുരുക്കത്തിൽ കുഞ്ഞുയേശുവിനെ
വിനോദിപ്പിക്കണമെന്നും അവിടുത്തെ
പ്രസാദിപ്പിക്കണമെന്നുമായിരുന്നു എന്റെ
താൽപര്യം. ശിശുസഹജമായ അവിടുത്തെ
തന്നിഷ്ടങ്ങൾക്കു സ്വയം വിട്ടുകൊടുക്കാൻ
ഞാൻ നിശ്ചയിച്ചു. "

# വ്യാഖ്യാനം

യേശുവിന്റെ കയ്യിലെ ഒരു കളിക്കോപ്പായി - കുഞ്ഞിപ്പന്തായിത്തീരുവാൻ ആഗ്രഹിക്കുന്ന വി. കൊച്ചുത്രേസ്യാ. ആദ്ധ്യാത്മികതയുടേയും ദൈവശാസ്ത്രത്തിന്റേയും തത്വശാസ്ത്രത്തിന്റേയും ആകാശത്തട്ടിൽ വിലസുന്ന ഒരു മഹനീയ ചിന്താധാര. ഈ ലോകത്തിലെ എല്ലാ പ്രശ്നങ്ങൾക്കും ഒരുത്തരം ഈ വിശുദ്ധയുടെ വാക്കുകളിൽ ഒളിഞ്ഞിരിക്കുന്നു. നമുക്കതെടുത്ത് സ്വസ്ഥമായിരുന്നു വായിക്കാം.

യേശുവിന്റെ കയ്യിലെ കുഞ്ഞുകളിപ്പാട്ടമാവുകയെന്നു പറയുന്നത് കേൾക്കുമ്പോൾ ഇമ്പമുള്ളതാണെങ്കിലും ജീവിക്കുവാൻ വിഷമമാണ്. വലിച്ചെറിയാനും കുത്തിക്കീറുവാനും മൂലയ്ക്കലിടുവാനും സാധ്യമാവുന്ന യേശുവിന്റെ ഈ കളിപ്പാട്ടമായി വി. കൊച്ചുത്രേസ്യാപുണ്യവതി കരുതിയെങ്കിൽ ഈ യാഥാർത്ഥ്യം ബ. ഡൺസ്റ്റണച്ചൻ തന്റെ ജീവിതത്തിലും പ്രാവർത്തികമാക്കിയിരുന്നു. തന്നെ എവിടെ എന്ത് ജോലിയേൽപ്പിച്ചാലും അത് ദൈവതിരുമനസ്സാണെന്ന് മനസ്സിലാക്കി, യാതൊരു പരിഭവവും കൂടാതെ ചെയ്തുപോന്നു. ഞാൻ ദൈവത്തിന്റെ കയ്യിലെ ഒരു കളിപ്പാട്ടമായിട്ടാണ് ബ. ഡൺസ്റ്റണച്ചൻ കണക്കാക്കിയിരുന്നത്.

ഒരു സന്യാസിയെ സംബന്ധിച്ചിടത്തോളം തന്റെ വ്രതങ്ങളിലൂടെ ദൈവത്തിനും ദൈവജനത്തിനുമായി സ്വയം സമർപ്പിക്കപ്പെട്ടവനാണ്. അതുകൊണ്ടുതന്നെ തന്റെ ജീവിതത്തെ ശൂന്യവത്കരിച്ചുകൊണ്ട്, ഒരു കുഞ്ഞിന്റെ നിഷ്ക

ളങ്കമായ ചിന്തയിലൂടെ താൻ ദൈവത്തിന്റെ കയ്യിലെ ഒരു കളിപ്പാട്ടമായി ഡൺസ്റ്റണച്ചനും വി. കൊച്ചുത്രേസ്യായെപ്പോലെ കരുതിയിരുന്നു. ജീവിതത്തിൽ പലപ്പോഴും വലിച്ചെറിഞ്ഞപ്പോഴും കുത്തിക്കീറിയപ്പോഴും ഒരു മൂലയിൽ സ്വയം ശൂന്യവത്കരിച്ച് ഒന്നിനും കൊള്ളാത്തവനായി ആശ്രമമുറികൾക്കുള്ളിൽ ഏകാന്തനായി ജീവിച്ചപ്പോഴും ദൈവത്തിന്റെ സന്തോഷം മനസ്സു നിറച്ചിരുന്നു. ഒരിക്കലും ആ മുഖത്ത് ഒരു പരിഭവം തോന്നിച്ചിരുന്നില്ല. പുഞ്ചിരിയോടെ അതിലേറെ ആത്മസംതൃപ്തിയോടെ അദ്ദേഹം തന്റെ ആശ്രമങ്ങളിൽ തന്റെ ജീവിതം ദൈവത്തിനുവേണ്ടി സമർപ്പിച്ചു.

## സ്വയാവലോകനം

- ദൈവത്തിന്റെ കളിക്കോപ്പാണോ ഞാൻ? അതോ എന്റെ കളിക്കോപ്പാണോ ദൈവം?
- നിലത്തെറിയുവാനും തൊഴിയ്ക്കാനും കുത്തിപ്പൊട്ടിക്കാനും വല്ല മൂലയിലിടുവാനും എന്നെ ഞാൻ അനുവദിക്കാറുണ്ടോ?
- യേശുവിന്റെ സന്തോഷമാണോ എന്റെ ജീവിതം?

# വചസ്സ്

## 42

“പ്രായശ്ചിത്തം
ചെയ്യേണ്ട ആവശ്യമില്ലാത്ത
ഒരു പക്ഷിക്കുഞ്ഞെന്ന വണ്ണം
പഞ്ഞിയിൽ പൊതിഞ്ഞുവെച്ചു
താലോലിക്കപ്പെടുന്നതിനു ഞാൻ
സദാ സമ്മതിച്ചിരുന്നു.
എന്നെ സംബന്ധിച്ചിടത്തോളം
ആത്മനിഗ്രഹം ഇവയൊക്കെയായിരുന്നു.
അന്യരുടെ മേൽ സമ്മർദ്ദം ചെലുത്തുവാൻ
സദാ സന്നദ്ധമായ
തന്നിഷ്ടത്തെ നിയന്ത്രിക്കുക,
ചെറിയ സേവനങ്ങൾ അനുഷ്ഠിച്ചിട്ട്
അവയ്ക്കു വില കല്പിക്കാതിരിക്കുക,
പുറം ചാരാതെ ഇരിക്കുക...
ഈദൃശ നിസ്സാര സുകൃതങ്ങളുടെ
അനുഷ്ഠാനം മൂലമാണ് യേശുവിന്റെ
പ്രതിശ്രുത വധുവാകുവാൻ വേണ്ടി ഞാൻ
ഒരുങ്ങിക്കൊണ്ടിരുന്നത്.”

# വ്യാഖ്യാനം

മറ്റുള്ളവർക്ക് ഉപദ്രവം വരുന്നതും വിഷമമുണ്ടാക്കുന്നതുമായ പ്രവൃത്തികളെ ഉപേക്ഷിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യുക. ചെറിയ ചെറിയ സേവനങ്ങൾ ചെയ്യുക, ചെറിയ ചെറിയ പ്രായശ്ചിത്തപ്രവൃത്തികൾ അനുഷ്ഠിക്കുക എന്നിവ വി. കൊച്ചുത്രേസ്യാ കർമ്മലമഠത്തിൽ ചേരുന്നതിനുമുൻപേ അനുഷ്ഠിച്ചിരുന്ന ചില മനോഗുണപ്രവൃത്തികളായിരുന്നു. ജീവിതത്തിൽ തന്റെ ഭാവിയിലേയ്ക്കുള്ള ഒരുക്കങ്ങളായിരുന്നു ഇതെല്ലാം. യേശുവിന്റെ പ്രതിശ്രുതവധുവാകാനുള്ള ഒരുക്കങ്ങൾ. ജീവിതത്തെ ശരിയായി പാകപ്പെടുത്തിയെടുത്തതിനുശേഷമാണ് വിശുദ്ധ തന്റെ ദൈവവിളി സ്വീകരിച്ചത്.

കൊച്ചുകൊച്ചു ത്യാഗപ്രവൃത്തികളും ആശയടക്കങ്ങളും ചെയ്യണമെങ്കിൽ അനുനിമിഷം സുബോധ്യത്തോടും സുബോധത്തോടും കൂടി ജീവിക്കണം. അനുദിനം നിമിഷങ്ങളിൽ ജീവിക്കാൻ ബുദ്ധിമുട്ടാണ്. അവിടെയാണ് വി. കൊച്ചുത്രേസ്യാപുണ്യവതിയുടെ വിജയം. ഇരിക്കുമ്പോഴും പ്രാർത്ഥിക്കുമ്പോഴും നടക്കുമ്പോഴും സംസാരിക്കുമ്പോഴും പെരുമാറുമ്പോഴും സ്വയാവബോധത്തോടെ ഉണർവ്വോടെ ജീവിച്ചതിന്റെ ഉത്തമ ഉദാഹരണമാണ് ആ വിശുദ്ധ. ഡൺസ്റ്റണച്ചനെക്കുറിച്ച് ചിന്തിക്കുമ്പോഴും പഠിയ്ക്കുമ്പോഴും ഈ മനോഗുണം അദ്ദേഹത്തിന്റെ ജീവിതത്തിൽ നമുക്ക് കാണാവുന്നതാണ്. അദ്ദേഹം സംസാരിക്കുമ്പോഴും പ്രാർത്ഥിക്കുമ്പോഴും മുട്ടുകുത്തി നിൽക്കുമ്പോഴും പെരുമാറുമ്പോഴും ഈ

'നൈമിഷിക സുബോധ പ്രവർത്തനങ്ങൾ' നമുക്കു കാണാവുന്നതാണ്. വളരെ എളുപ്പമായിത് തോന്നാമെങ്കിലും അതീവജാഗ്രതയോടെ ഉണർവ്വോടെ ജീവിക്കുന്നവർക്കുമാത്രമേ ഇത് ജീവിതത്തിൽ അനുവർത്തിക്കാൻ സാധ്യമാവുകയുള്ളൂവെന്ന് നമുക്ക മനസ്സിലാക്കാവുന്നതാണ്.

## സ്വയാവലോകനം

- ജീവിതത്തിൽ കൊച്ചുകൊച്ചു കാര്യങ്ങൾ പൂർണ്ണതയിൽ ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നുണ്ടോ?
- എന്റെ ദൈവത്തിന്റെ സ്നേഹത്തിനുവേണ്ടി കൊച്ചുകൊച്ചു ത്യാഗങ്ങൾ അനുഷ്ഠിക്കുവാൻ തയ്യാറാണോ?

# വചസ്സ്

## 43

"ഒരു സാത്വികൻ പറയുകയുണ്ടായി:
ഒരു ദണ്ഡും (Level) അട വയ്ക്കാൻ
ഒരു താങ്ങും (Fulerum) തരിക,
എന്നാൽ ഭൂമിയെ ഞാൻ ഉയർത്താം.
പുണ്യവാന്മാർക്ക് അവ
സർവസമ്പൂർണ്ണമായി സിദ്ധിച്ചിട്ടുണ്ട്.
സർവശക്തൻ തന്നെത്തന്നെ - തന്നെ മാത്രം
അവർക്കു താങ്ങായും സ്നേഹാഗ്നിയിൽ
എരിയുന്ന പ്രാർത്ഥന ദണ്ഡായും നൽകി.
അങ്ങനെയാണ് അവർ ഭൂമിയെ
ഉയർത്തിയത്. ഇപ്പോൾ സമരംചെയ്യുന്ന
പുണ്യവാന്മാരും അങ്ങനെത്തന്നെയാണ്
അതിനെ ഉയർത്തുന്നത്.
ലോകാവസാനംവരെയും വരുവാനുള്ള
വിശുദ്ധന്മാരും അങ്ങനെത്തന്നെ
അതിനെ ഉയർത്തിക്കൊണ്ടിരിക്കുകയും
ചെയ്യും."

# വ്യാഖ്യാനം

ദൈവമാണ് എന്നും മനുഷ്യന്റെ താങ്ങ്. സ്നേഹാഗ്നിയിൽ എരിയുന്ന പ്രാർത്ഥന ദണ്ഡായും പ്രവർത്തിക്കുന്നു. ഈ ലോകത്തെ ദൈവസന്നിധിയിലേക്ക് ഉയർത്തണമെങ്കിൽ ഈ താങ്ങിനും ദണ്ഡിനും മാത്രമേ കഴിയുകയുള്ളൂ. പ്രാർത്ഥന, ദൈവസന്നിധിയിൽ ചെല്ലുമ്പോൾ, ദൈവത്തിന് ആ സ്നേഹാഗ്നിയുടെ ഉഷ്ണത്തിൽ ഇരിക്കുവാൻ സാധിക്കുകയില്ല. മനുഷ്യർക്കുവേണ്ടി എന്തും ചെയ്തുകൊടുക്കും. പ്രാർത്ഥനയുടെ വിലയെക്കുറിച്ച് വി. കൊച്ചുത്രേസ്യ തന്റെ ആത്മകഥയിൽ ഇങ്ങനെയാണ് എഴുതിയിരിക്കുന്നത്.

സ്വന്തം കുടുംബത്തിൽനിന്നും ആർജ്ജിച്ചെടുത്ത പ്രാർത്ഥനാനുഭവം ജീവിതത്തിന്റെ ഊർജ്ജവും ആവേശവുമായിത്തീർന്നു. കുടുംബപ്രാർത്ഥനയിലൂടെയും കുടുംബപ്രതിഷ്ഠയിലൂടെയും അമ്മയുടെ ചില സുകൃതഉപദേശങ്ങളുടേയും കുഞ്ഞേത്തിചേച്ചിയുടെ ആദ്ധ്യാത്മിക ഉപദേശങ്ങളുടേയും ആകെത്തുകയായി ഡൺസ്റ്റണച്ചന് ലഭിച്ചത് 'പ്രാർത്ഥന' എന്ന ഒരു ആയുധമായിരുന്നു. അമ്മ പഠിപ്പിച്ചിരുന്ന പ്രാർത്ഥനകളും കുർബ്ബാനസ്വീകരണത്തിനുമുൻപും പിൻപും ആവശ്യമുള്ള പ്രാർത്ഥനകളും അവിടുന്ന് സ്വായത്തമാക്കി. ജീവിതാവസാനം വരെ ഉണരുമ്പോഴും ഉറങ്ങുമ്പോഴും ചൊല്ലുവാൻ പ്രാർത്ഥനകൾ ഉണ്ടായിരുന്നു. ഈ പ്രാർത്ഥനയായിരുന്നു ഡൺസ്റ്റണച്ചന്റെ ജീവിതവിജയവും ആശ്രയവും. ദൈവത്തിൽ പൂർണ്ണമായ ആശ്രയം അതുമാത്രമായിരുന്നു ആ

സന്യാസവര്യന്റെ സമ്പത്തും. ഏതൊരു വിശുദ്ധന്റേയും ക്രിസ്ത്യാനിയുടേയും ആയുധം ഈ പ്രാർത്ഥന തന്നെ.

## സ്വയാവലോകനം

- എന്റെ ജീവിതവിജയം എന്റെ കഴിവാണോ, അതോ എന്റെ പ്രാർത്ഥനയുടെ കഴിവാണോ?
- ഈ ലോകത്തിലെ എല്ലാ വേദനകൾക്കും വിഷമതകൾക്കും പരിഹാരം എന്താണ്?
- ഭൂമിയെ സ്വർഗ്ഗത്തിലേയ്ക്കുയർത്തുന്നത് പ്രാർത്ഥനയല്ലേ?

# വചസ്സ്
## 44

"അതെ, മനുഷ്യർക്കു
ചെയ്യാൻ പാടുള്ള സകല പാപങ്ങളും
എന്റെ മനസ്സാക്ഷിയിൽ
ഉണ്ടായിരുന്നാൽത്തന്നെയും
അനുതാപത്തിൽ തകർന്ന ഹൃദയത്തോടെ
യേശുവിന്റെ കരവലയത്തിലേയ്ക്കു
ഞാൻ നിപതിക്കും.
എന്തെന്നാൽ അവിടുത്തെപ്പക്കൽ
മടങ്ങിച്ചെന്ന ധൂർത്തപുത്രനെ
എന്തുമാത്രം ആർദ്രതയോടെയാണ്
ഞാൻ സ്വീകരിച്ചിരുന്നതെന്ന്
എനിക്കറിയാം."

## വ്യാഖ്യാനം

ആർദ്രതയുള്ള ദൈവത്തിന്റെ മുഖമാണ് വി. കൊച്ചു ത്രേസ്യ എടുത്തുപറയുന്നത്. എത്രമാത്രം പാപങ്ങൾ ഉണ്ടായാൽത്തന്നെയും അതെല്ലാം ഒരു മനസ്സിന്റെ അവ സ്ഥകൊണ്ട് ദൈവത്തിന്റെ കരവലയത്തിലേയ്ക്ക്, കാൽക്കലേക്ക് എത്തുമ്പോൾ ഒന്നുമല്ലാതായിത്തീരുന്നു. മനുഷ്യന്റെ കഴിവല്ല; ദൈവത്തിന്റെ കഴിവാണ് നാമിവിടെ ദർശിക്കുന്നത്. ദൈവസന്നിധിയിലേക്ക് വന്നുചേരുവാൻ മനുഷ്യന് ദൈവത്തിന്റെ കൃപയും പ്രാർത്ഥനയും ആവ ശ്യമാണ്. മനുഷ്യൻ നന്നാവാൻ ഒരു നിമിഷം മതി. മോശ മാകാൻ ചിലപ്പോൾ സമയമെടുത്തെന്നു വരും. വി. കൊച്ചുത്രേസ്യ പാപികൾക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ 'ആ നിമിഷത്തിനു' വേണ്ടിയാണ് പ്രാർത്ഥിച്ചിരുന്നത്. ദൈവത്തിന്റെ സ്വഭാവത്തിന് ഒരിക്കലും മാറ്റമുണ്ടാവുക യില്ലല്ലോ?

ആത്മാക്കളുടെ രക്ഷ - ദൈവത്തിന്റെ ഏറ്റവും വിശി ഷ്ടമായ സൃഷ്ടിയിൽ ഏറ്റവും പ്രാധാന്യത്തോടെ സ്മരി ക്കുന്ന ഒരു സത്യം. വി. ഗ്രന്ഥത്തിൽ യേശു ഒരോ വ്യക്തിയുടേയും പ്രാധാന്യത്തെക്കുറിച്ച് പറയുന്നുണ്ട്. 'ഒരാത്മാവും ദൈവസന്നിധിയിൽ വിസ്മരിക്കപ്പെടുന്നി ല്ല, നിങ്ങളുടെ തലമുടിയിഴപോലും എണ്ണപ്പെട്ടിരിക്കുന്നു. ഭയപ്പെടേണ്ട, നിങ്ങൾ അനേകം കുരുവികളെക്കാൾ വില യുള്ളവരാണ്' (ലൂക്ക. 12:7). ക്രിസ്തുനാഥൻ വീണ്ടും കാണാതായ ആടിന്റെ ഉപമയിൽ പറയുന്നു: 'നിങ്ങളിൽ ആരാണ്, തനിക്ക് നൂറ് ആടുകൾ ഉണ്ടായിരിക്കെ അവ യിൽ ഒന്നു നഷ്ടപ്പെട്ടാൽ തൊണ്ണൂറ്റിയൊമ്പതിനേയും മരു ഭൂമിയിൽ വിട്ടിട്ട് നഷ്ടപ്പെട്ടതിനെ കണ്ടുകിട്ടുവോളം തേടി

പ്പോകാത്തത്?' (ലൂക്ക. 15:4). ധൂർത്തപുത്രന്റെ ഉപമയിലും കർത്താവ് സ്വന്തം പിതാവിൽനിന്നും കുടുംബത്തിൽനിന്നും അകന്നുപോയ പുത്രന്റെ കഥ പറയുന്നു. ഇവിടെയും ഓരോ ആത്മാക്കളുടേയും പ്രാധാന്യത്തെക്കുറിച്ചും അവരുടെ രക്ഷയെക്കുറിച്ചുമാണ് സംസാരിക്കുന്നത്. പടിവാതിൽക്കൽ കിടക്കുന്ന ലാസറിന്റെ കഥയിലും ഓരോ വ്യക്തിയുടേയും പ്രാധാന്യവും വിലയും എടുത്തുപറയുകയാണ്. ഞാൻ വന്നിരിക്കുന്നത് നീതിമാന്മാരെ അന്വേഷിച്ചല്ല, പ്രത്യുത പാപികളെ തേടിയാണെന്ന് ക്രിസ്തു പറഞ്ഞിട്ടുണ്ട്.

ഈ ക്രിസ്തീയവീക്ഷണത്തിൽനിന്നുകൊണ്ട് ചിന്തിക്കുമ്പോൾ, വി. കൊച്ചുത്രേസ്യാപുണ്യവതിയും ഡൺസ്റ്റണച്ചനും അവരുടെ കൊച്ചുജീവിതത്തിൽ ചെയ്തിരുന്നതും ഈ യേശുമനസ്സായിരുന്നു. തങ്ങളുടെ ജീവിതത്തിൽ സ്വന്തം മക്കളുടെ 'ആത്മീയരക്ഷ'യ്ക്കവർ കൂടുതൽ ശ്രദ്ധ കൊടുത്തിരുന്നു. തങ്ങളുടെ ജീവിതം മുഴുവൻ ഇതിനായി മാറ്റിവെച്ചുവെന്ന യാഥാർത്ഥ്യം നമുക്ക് മനസ്സിലാക്കാവുന്നതാണ്.

## സ്വയാവലോകനം

- അധഃപതിച്ച മനുഷ്യർ ദൈവത്തിങ്കലേക്ക് മടങ്ങിച്ചെല്ലുവാൻ നാം പ്രാർത്ഥിക്കാറുണ്ടോ?
- എന്റെ സ്ഥിതി എന്താണ്?
- ദൈവത്തിന്റെ കരവലയത്തിലേയ്ക്ക് എനിക്ക് മനുഷ്യരെ നയിക്കാനാകുമോ?
- അവരെ കാത്തിരിക്കുന്ന പിതാവായ ദൈവത്തെ നമ്മുടെ മനസ്സിൽ കാണാറുണ്ടോ?

# വചസ്സ്

## 45

“എന്റെ ദൗത്യം ആരംഭിക്കുവാൻ
പോകുന്നതായി എനിക്കനുഭവപ്പെടുന്നു.
നല്ല ദൈവത്തെ ഞാൻ
സ്നേഹിക്കുന്നതുപോലെ എല്ലാവരെയും
കൊണ്ടു സ്നേഹിപ്പിക്കുന്നതിനും
എന്റെ കൊച്ചുവഴി ആത്മാക്കളെ
പഠിപ്പിക്കുന്നതിനുമുള്ള ദൗത്യം.
നല്ല ദൈവം എന്റെ ആഗ്രഹങ്ങൾ
അനുവദിക്കുന്നപക്ഷം
എന്റെ സ്വർഗ്ഗജീവിതം
ഞാൻ ലോകാവസാനം വരെയും
ഭൂമിയിൽ ചെലവഴിക്കും.
അതെ എന്റെ സ്വർഗ്ഗജീവിതം
ഭൂമിയിൽ നന്മ ചെയ്യുന്നതിനുവേണ്ടി
വിനിയോഗിക്കാൻ ഞാൻ
ആഗ്രഹിക്കുന്നു.”

# വ്യാഖ്യാനം

മരിച്ചിട്ടും എന്നും മനുഷ്യമനസ്സിൽ തന്റെ നന്മപ്രവൃത്തിയാൽ ജീവിക്കുന്ന വി. കൊച്ചുത്രേസ്യാപുണ്യവതി 1897 സെപ്തംബർ 30-ന് ലിസ്യൂമഠത്തിൽവച്ച് ഇഹലോകവാസം വെടിഞ്ഞു. ഞാൻ സ്വർഗ്ഗത്തിലിരുന്ന് റോസാപ്പൂക്കൾ ഭൂമിയിലേക്ക് വർഷിക്കുമെന്ന് പറഞ്ഞ വിശുദ്ധ ഇന്നും ഈ ലോകത്തിലേക്ക് വിശുദ്ധിയുടെ, സ്നേഹത്തിന്റെ പ്രാർത്ഥനയുടെ റോസാപ്പൂക്കൾ വാരിവിതറുന്നുണ്ട്. ആശ്രമങ്ങളിലും മഠങ്ങളിലും യേശുവിനുവേണ്ടി ജീവിക്കുന്ന ധാരാളം സന്യസ്തർ ഇന്നും കൊച്ചുത്രേസ്യായെ മാതൃകയായി എടുത്തിട്ടുണ്ട്. കൊച്ചുത്രേസ്യയുടെ ആദ്ധ്യാത്മിക കുറുക്കുവഴികളിലൂടെ അനേകായിരങ്ങൾ യേശുവിന്റെ അടുത്തേയ്ക്ക് യാത്ര ചെയ്തുകൊണ്ടിരിക്കുന്നു. ഈ നൂറ്റാണ്ടിലും വി. കൊച്ചുത്രേസ്യ ജീവിക്കുന്നു.

ഡൺസ്റ്റണച്ചന്റെ പൗരോഹിത്യസന്യാസ ജീവിതത്തിൽ ഏറെക്കാലവും സന്യാസാർത്ഥികളുടെ പരിശീലനത്തിനായിട്ടാണ് സഭ അദ്ദേഹത്തെ നിയോഗിച്ചത്. ആ സഭാനിയോഗം വളരെ പരിപൂർണ്ണതയോടെ അദ്ദേഹം ചെയ്തിരുന്നുവെന്ന് ഏവർക്കും വ്യക്തമാണ്. ഓരോ അർത്ഥിയേയും ദൈവത്തിന്റെ അരുമ ശിഷ്യനാക്കാൻ അദ്ദേഹത്തിന്റെ ജീവിതം വ്യയംചെയ്തു.

ഓരോ അർത്ഥിയേയും ബഹുമാനിച്ചും അവനായിത്തീരുവാൻ പോകുന്ന അവസ്ഥയെക്കുറിച്ച് അവനെ ബോധ്യപ്പെടുത്തിയുമായിരുന്നു അദ്ദേഹത്തിന്റെ സന്യാസശിക്ഷ

ണം. അദ്ദേഹം ഒരിക്കൽപ്പോലും സന്യാസപരിശീലനഭവനം, സ്വന്തം കുടുംബത്തിൽനിന്നും വ്യത്യസ്തമാക്കാതെ, വേരുകളടക്കം പുതിയ മണ്ണിലേക്കു പറിച്ചുനട്ടപോലെ ഓരോ യോഗാർത്ഥിയേയും വളർത്തുകയും വലുതാക്കുകയും ചെയ്തിരുന്നു. അങ്ങനെ സന്യാസസഭയ്ക്ക് ഒരു 'കുടുംബാരൂപി' അദ്ദേഹം വളർത്തിക്കൊടുത്തു. ആ അരൂപി ഇന്നും സഭയിൽ നമുക്ക് വളരെ വ്യക്തമായി കാണാവുന്നതാണ്. ഓരോ അർത്ഥിയും അവനിൽത്തന്നെ വ്യത്യസ്തനാണെന്നും അവൻ അവനായിരിക്കുന്ന വിധത്തിൽ അവനെ മനസ്സിലാക്കി, ക്രിസ്തുശിഷ്യനാക്കുവാൻ രാപകൽ അദ്ദേഹം യത്നിച്ചിരുന്നു. സമയത്തിനും കാലത്തിനും അപ്പുറമായിരുന്നു അദ്ദേഹത്തിന്റെ ജീവിതയത്നം.


## സ്വയാവലോകനം

- എന്റെ ജീവിതത്തിന്റെ ലക്ഷ്യം എന്താണ്?
- എന്റെ ജീവിതം വി. കൊച്ചുത്രേസ്യായെ ഒരു മാതൃകയാക്കിയെടുക്കുന്നുണ്ടോ?
- വിശുദ്ധയുടെ കൊച്ചുകൊച്ചു ആദ്ധ്യാത്മികപ്രവർത്തികൾ ഞാൻ മനസ്സിലാക്കിയിട്ടുണ്ടോ?

# വചസ്സ്

## 46

"യേശുവേ, എന്റെ പ്രാർത്ഥനയുടെ അവഗാഹം അളക്കുവാൻ എനിക്കു ശേഷിയില്ല. ഞാൻ ഒരു ശിശുവാണല്ലോ എന്നതാണ് എന്റെ സമാധാനം. വാക്കുകളുടെ അർത്ഥവ്യാപ്തിയെക്കുറിച്ച് ശിശുക്കൾ ചിന്തിക്കാറില്ലല്ലോ. എന്നുവരികിലും മാതാപിതാക്കന്മാർ തങ്ങളുടെ സ്ഥാന ഔന്നിത്യത്തിനും സമ്പൽസമൃദ്ധിക്കും അനുസൃതമായി സ്വപ്രാണതുല്യം സ്നേഹിക്കുന്ന കുഞ്ഞുങ്ങളുടെ അഭിലാഷങ്ങൾ സാധിച്ചു കൊടുക്കുവാൻ വൈമനസ്യം പ്രദർശിപ്പിക്കുകയില്ലല്ലോ. ഞാൻ തിരുസഭയുടെ പുത്രിയാണ്. ശിശുഹൃദയം ആവശ്യപ്പെടുന്നത് ധനവും മഹിമയും ഒന്നുമല്ല. മഹിമ എന്നു പറയുന്നത് ജ്യേഷ്ഠസഹോദരന്മാരായ മാലാഖമാരുടെയും പുണ്യവാന്മാരുടേയും വകയാണെന്ന് ശിശുവിനറിയാം. അമ്മയുടെ മുഖത്ത് പ്രസരിക്കുന്ന മഹിമയുടെ പ്രതിബിംബമാണ് ശിശുവിന്റെ മഹിമ. സ്നേഹമാണ് ശിശു ആവശ്യപ്പെടുന്നത്. ഹാ, യേശുവേ, അങ്ങയെ സ്നേഹിക്കണം എന്ന ഏകകാര്യം മാത്രമേ ശിശുവിനറിഞ്ഞുകൂടൂ. സുവിശേഷം പ്രസംഗിക്കുവാനോ രക്തം ചിന്താനോ അതിനു സാധിക്കുകയില്ല... തന്റെ സ്നേഹത്തെ അതെങ്ങനെ പ്രകാശിപ്പിക്കും? അതിനുണ്ടു മാർഗ്ഗം. ആ ചെറിയ ശിശു പുഷ്പങ്ങൾ വിതറും. രാജകീയ സിംഹാസനത്തെ സുരഭിലപരിമളംകൊണ്ട് അഭിഷേകം ചെയ്യും. വെള്ളിക്കുഴൽനാദത്താൽ സ്നേഹഗാനം ആലപിക്കും. എന്റെ സ്നേഹം അങ്ങയെ ബോധ്യപ്പെടുത്താൻ പുഷ്പങ്ങളുടെ വിതറലല്ലാതെ മറ്റു മാർഗ്ഗമൊന്നും എനിക്കില്ല."



# വ്യാഖ്യാനം

സ്വർഗ്ഗത്തിൽനിന്നും പുഷ്പങ്ങൾ വിതറിക്കൊണ്ടിരിക്കുകയാണ്. വലിയ വലിയ കാര്യങ്ങൾ ആ കുഞ്ഞിന് ചെയ്യുവാൻ സാധിക്കില്ലെന്നറിയാം. വചനപ്രഘോഷണത്തിനോ രക്തസാക്ഷിത്വത്തിനോ അവസരമുണ്ടായില്ല. ആയതിനാൽ തനിയ്ക്ക് ചെയ്യാവുന്ന കൊച്ചുകൊച്ചു സ്നേഹപ്രവൃത്തികളും ത്യാഗങ്ങളും ആശയടക്കങ്ങളും സഹനപ്രവൃത്തികളും ദൈവതിരുമുമ്പിൽ അർപ്പിച്ച് ഒരു കുഞ്ഞിനെപ്പോലെ ജീവിച്ചു. ദൈവത്തിന്റെ മുഖം പ്രസാദിപ്പിയ്ക്കലായിരുന്നു ആ കുഞ്ഞിന്റെ പരമപ്രധാനമായ ദൗത്യം. ദൈവത്തിന്റെ കയ്യിലെ കുഞ്ഞികളിപ്പാട്ടമായിത്തീരുവാൻ ആഗ്രഹിച്ചതും ഈ മനസ്സുള്ളതുകൊണ്ടായിരുന്നു. ഒരു കുഞ്ഞുമഠത്തിൽ കുറച്ച് കന്യാസ്ത്രീകളുടെ കൂടെ കുറച്ചു കാലം ജീവിച്ച് മൺമറഞ്ഞുപോയ ഈ ചെറുപുഷ്പത്തിന്റെ ആദ്ധ്യാത്മികതയുടെ കുറുക്കുവഴികൾ ഏവർക്കും സുപരിചിതമാണ്. വലിയ വലിയ മനശാസ്ത്രങ്ങളോ, തത്വശാസ്ത്രങ്ങളോ ഇവിടെ വിലപോകില്ല. ഒരു കുഞ്ഞിന്റെ മനസ്സ് അറിയുന്നവർക്ക് കൊച്ചുത്രേസ്യാപുണ്യവതിയെ വളരെ എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. ആ മനസ്സിന്റെ നൈർമല്യതയും സുതാര്യതയും നിഷ്കളങ്കതയുമെല്ലാം ദൈവതിരുമുമ്പിൽ പരിമളം പരത്തി, സുഗന്ധം വീശി. അത് സഭയുടെ സുഗന്ധമായി, ഗാനമായിത്തീർന്നു. ആ കുഞ്ഞിന്റെ ചുടുനെടുവീർപ്പും കരച്ചിലും ദൈവസന്നിധിയിൽ മനോഹരഗാനങ്ങളായിത്തീർന്നു. ദൈവം എല്ലാം കണ്ടു, ശ്രവിച്ചു, ആശ്വസിപ്പിച്ചു, എല്ലാം ചെയ്തുകൊടുത്തു. 15–ാം വയസ്സിൽ കർമ്മലമഠത്തിൽ ചേരുവാൻ അനുവാദം ലഭിച്ചു

വെന്നു പറയുന്നതുതന്നെ ദൈവത്തിന്റെ പ്രത്യേക ഇട പെടൽ തന്നെയായിരുന്നു. ലോകത്തിന്റെ എല്ലാ ആകർഷ ണീയതകളും ബലഹീനതകളും തന്നെ മാടി വിളിച്ച പ്പോഴും അതെല്ലാം തിരസ്കരിച്ച് തന്റെ ദൈവത്തിനു വേണ്ടി അവൾ ജീവിതം മാറ്റിവച്ചു. കുഞ്ഞായിരിക്കു മ്പോൾ തന്നെ വിട്ടുപോയ അമ്മയും അതിനുശേഷം അപ്പ ച്ചനും തന്റെ സഹോദരിമാരും സ്നേഹിച്ച് പരിപാലിച്ച് വളർത്തിയതിനാൽത്തന്നെ ബാല്യത്തിന്റെ പുഴുക്കുത്തു കൾ ആ പുണ്യവതിക്ക് ഒരിക്കലും ഏൽക്കേണ്ടിവന്നില്ല. അമ്മയുടെ സ്നേഹം പൂർണ്ണമായും അനുഭവിക്കുവാൻ സാധിച്ചില്ലെങ്കിലും, തന്റെ ചേച്ചിയുടെ സ്നേഹം അനുഭ വിച്ച് വി. കൊച്ചുത്രേസ്യാ വളർന്നുവന്നു. ഒരിക്കലും വലിയ ആഗ്രഹങ്ങളോ വലിയ മോഹങ്ങളോ വലിയ തത്വ ചിന്തകളോ ജീവിതത്തിൽ ഉണ്ടായിട്ടില്ല. ആയതിനാൽ ജീവിതം ഒരു കുഞ്ഞുകുട്ടിയുടേതായിരുന്നു. ഒരു കുഞ്ഞു മനസ്സായിരുന്നു. തന്റെ ആത്മകഥയിൽ വി. കൊച്ചുത്രേസ്യ എഴുതിവെച്ചിരിക്കുന്നതും അതുതന്നെയാണ്.

## സ്വയാവലോകനം

- വി. കൊച്ചുത്രേസ്യായുടെ ശിശുസഹജമായ കാഴ്ച പ്പാടുകൾ എന്റെ ആദ്ധ്യാത്മികതയിൽ കൊണ്ടുവരു വാൻ സാധ്യമാണോ?
- ദൈവത്തെ പ്രസാദിപ്പിക്കുവാൻ എന്റെ ഈ കൊച്ചു ജീവിതത്തിന് സാധ്യമാണോ?
- എന്റെ ജീവിതത്തിന്റെ അർത്ഥവും വ്യാപ്തിയും സന്തോഷവും സമാധാനവുമെല്ലാം എന്തിലാണ് അട ങ്ങിയിരിക്കുന്നത്?

# വചസ്സ്

## 47

"ഞാൻ വന്നത്
ആത്മാക്കളെ രക്ഷിക്കാൻ വേണ്ടിയാണ്.
സർവ്വോപരി വൈദികർക്കുവേണ്ടി
പ്രാർത്ഥിക്കുന്നതിന്."

ലക്ഷ്യം പ്രാപിക്കണമെങ്കിൽ
മാർഗ്ഗം അവലംബിക്കണമല്ലോ.
കുരിശുവഴിയായിട്ടാണ് താൻ
ആത്മാക്കളെ എനിക്കു തരുവാൻ
നിശ്ചയിച്ചിരിക്കുന്നതെന്ന്
യേശു എന്നെ
ബോധ്യപ്പെടുത്തി.

## വ്യാഖ്യാനം

മനുഷ്യജീവനെ രക്ഷിയ്ക്കാൻവേണ്ടി എന്നതിൽ നിന്നും വ്യത്യസ്തമായി മനുഷ്യന്റെ ആത്മാവിന്റെ രക്ഷയ്ക്കായി, കുരിശുകളിലൂടെയുള്ള ഒരു പ്രയാണമാണ് കൊച്ചുത്രേസ്യ നടത്തിയത്. മനുഷ്യന്റെ ആത്മാവാണ് ഏറ്റവും പ്രധാനപ്പെട്ടതെന്ന് വി. കൊച്ചുത്രേസ്യ തന്റെ വാക്കുകളിൽ വ്യക്തമാക്കുന്നു. 'ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവ് നശിച്ചാലെന്തു ഫലം' എന്ന ഇഗ്നേഷ്യസ് ലയോളയുടെ ചോദ്യവും ഇവിടെ പ്രസക്തമാവുന്നു. വിശുദ്ധാത്മാക്കളുടെ പരമപ്രധാനമായ ദൗത്യം ഇതുതന്നെയാണ്. ഏതൊരു സന്യസ്തകൂട്ടായ്മയുടേയും ക്രിസ്ത്യാനിയുടേയും പ്രഥമമായ ജീവിതലക്ഷ്യവും ഈ ആത്മാവിന്റെ രക്ഷ തന്നെയാണ്.

ആയതിനാൽ ആത്മാവിന്റെ രക്ഷ ഉണ്ടാകണമെങ്കിൽ നാം എന്തു ചെയ്യണം? വിശുദ്ധ അവലംബിച്ച വഴിയാണ് ആദ്ധ്യാത്മിക കുറുക്കുവഴി - പ്രാർത്ഥനയും പ്രായശ്ചിത്തവും ജീവിതകുരിശുകളും പൂക്കളാക്കി യേശുവിന്റെ കുരിശിനോടു ചേർത്ത് സമർപ്പിക്കുക.

'ആത്മാവ്' എന്ന സത്യം ലോകത്തിൽ പല തരത്തിൽ വ്യാഖ്യാനിക്കപ്പെടുന്നുണ്ടെങ്കിലും അത് പരമമായ ഒരു സത്യമാണ്. ആത്മാവിന്റെ രക്ഷ ജീവിതത്തിന്റെ വിജയമാണ്. സത്യത്തെ സംരക്ഷിച്ചുകൊണ്ടുപോകുന്നതും പരിപോഷിപ്പിക്കുന്നതും ഏതൊരു മനുഷ്യന്റെയും കടമയാണ്. അതുപോലെത്തന്നെ അപരന്റെ ആത്മാവിന്റെ

രക്ഷയും നമ്മുടെ കടമയും, കർത്തവ്യവുമാണ്. ഡൺസ്റ്റണച്ചൻ തന്റെ ജീവിതത്തിലുടനീളം പരിശ്രമിച്ചിരുന്നതും ഇതുതന്നെയാണ്. അദ്ദേഹം ശുശ്രൂഷ ചെയ്തിരുന്ന ഇടങ്ങളിലെല്ലാം ഈ ആത്മാക്കളുടെ രക്ഷയ്ക്കായി അക്ഷീണം പരിശ്രമിച്ചു. ഈ ലോകത്തിൽ ജനിച്ചുവീഴുന്ന ഏതൊരു മനുഷ്യന്റെയും ആത്യന്തികമായ ഉത്തരവാദിത്വവും പരിശ്രമവും ഈ ആത്മരക്ഷ തന്നെയാണ്. തന്റെ വൈദികപരിശീലനകാലഘട്ടത്തിൽ ഡൺസ്റ്റണച്ചൻ ചെയ്തുകൊണ്ടിരുന്നതും ഈ മഹനീയ കർത്തവ്യമായിരുന്നു.

## സ്വയാവലോകനം

- 'ആത്മരക്ഷ' എന്ന സത്യത്തിൽ ഞാൻ എന്തുമാത്രം പ്രാധാന്യം കൊടുക്കുന്നു?
- എന്റെ ജീവിതലക്ഷ്യം എന്താണ്?
- ആത്മാവിന് എന്തെങ്കിലും സ്ഥാനം എന്റെ ജീവിതത്തിൽ കൊടുത്തിട്ടുണ്ടോ?
- ദൈവസന്നിധിയിൽ, ആത്മാവ് എത്തിച്ചേരുവാനും അവിടെ ദൈവത്തിന്റെ അടുത്തിരിക്കുവാനും എനിക്ക് കഴിയുമോ?

# വചസ്സ്

## 48

“മുഖങ്ങൾ തമ്മിലുള്ളതിൽ കൂടുതൽ
വ്യത്യാസമുണ്ട് ആത്മാക്കൾ തമ്മിൽ.
എല്ലാവരോടും ഒരേ വിധത്തിൽ
പെരുമാറുക സാധ്യമല്ല.
ചില ആത്മാക്കൾക്കുവേണ്ടി
ഞാൻ കുഞ്ഞാകേണ്ട ആവശ്യം
എനിക്കനുഭവപ്പെടാറുണ്ട്.
പലരും പറയുന്നതായി കേട്ടിട്ടുണ്ട് :
‘എന്നെക്കൊണ്ടെന്തെങ്കിലും
പ്രയോജനമുണ്ടാകണമെങ്കിൽ
എന്നോട് സൗമ്യമായി വർത്തിക്കണം’
ബലപ്രയോഗംകൊണ്ട് എന്നോടൊന്നും
അങ്ങ് നേടാൻ പോകുന്നില്ല.”

## വ്യാഖ്യാനം

'ഞാൻ ഇങ്ങനേ പോവുകയുള്ളൂ, എന്റെ പ്രകൃതം ഇങ്ങനെയാണ്' എന്ന് പറയുന്ന പലരേയും കണ്ടിട്ടുണ്ട്. മനുഷ്യരോരോരുത്തരും വ്യത്യസ്തരാണ്. ആ വ്യത്യാസം അവരുടെ മുഖത്തും സ്വഭാവത്തിലും പെരുമാറ്റത്തിലുമൊക്കെ പ്രകടമാണ്. അതുപോലെത്തന്നെ ആത്മാക്കൾ തമ്മിലും ഈ വ്യത്യാസമുണ്ടെന്ന് കൊച്ചുത്രേസ്യാപുണ്യവതി സ്വന്തം പുസ്തകത്തിൽ ആലേഖനം ചെയ്യുന്നു. ഈ ആത്മാക്കളുടെ വിജയത്തിനും രക്ഷയ്ക്കുംവേണ്ടിയാണ് ആ പുണ്യവതി തന്റെ ജീവിതം മുഴുവനും മാറ്റിവച്ചിരുന്നത്. ആത്മാക്കളുടെ രക്ഷയ്ക്കാണെങ്കിൽ ആദ്ധ്യാത്മിക ശിശുത്വത്തിൽ (കുഞ്ഞുങ്ങളാകുക) സൗമ്യമായി വർത്തിക്കണമെന്ന് പുണ്യവതി നിഷ്കർഷിക്കുന്നു. ബലപ്രയോഗംകൊണ്ട് ഒന്നും നേടാവുന്നതല്ല. വിശുദ്ധയുടെ ശ്രദ്ധ കേന്ദ്രീകൃതമായിരിക്കുന്നത് മനുഷ്യരുടെ ആത്മാവുകളിലാണ്. ശരീരത്തിനും മനസ്സിനുമപ്പുറമുള്ള ആത്മാവുകളെത്തേടിയുള്ള യാത്രയായിരുന്നു ആ പുണ്യവതിയുടേത്. ഡൺസ്റ്റണച്ചന്റെ ജീവിതത്തിൽ, പുഞ്ചിരിയിൽ ഈ നിഷ്കളങ്കത നിറഞ്ഞുനിന്നിരുന്നു. അദ്ദേഹത്തിന്റെ ജീവിതം ഈ ആത്മാക്കളെ തേടിയുള്ളതായിരുന്നു.

## സ്വയാവലോകനം

- എന്റെ ജീവിതത്തിൽ എന്റെ തന്നെ ആത്മാവിനെക്കുറിച്ച് ചിന്തിക്കാറുണ്ടോ?
- മനുഷ്യർ തമ്മിൽ ഏറ്റവും കൂടുതൽ വ്യത്യാസം കാണപ്പെടുന്നത് ആന്തരികതയിലാണോ, ബാഹ്യമായവയിലാണോ?

# വചസ്സ്

## 49

"നല്ല ദൈവത്തിനു
തീരെ ചെറിയ കാഴ്ചകൾ മാത്രം
സമർപ്പിക്കുവാൻ കഴിവുള്ള
ഒരു കുഞ്ഞാത്മാവാണു ഞാൻ.
മനഃസമാധാനത്തിന്
വളരെയധികം പ്രയോജനകരമായ
ചെറിയ ത്യാഗങ്ങൾ
നഷ്ടമാക്കിക്കളയുവാൻ പലപ്പോഴും
എനിക്കിടയാകുന്നുണ്ട്.
എങ്കിലും ഞാൻ അധൈര്യപ്പെടുന്നില്ല.
അല്പമായ അസ്വസ്ഥത
സമചിത്തതയോടെ
ഞാൻ സഹിക്കുന്നു."

## വ്യാഖ്യാനം

വി. കൊച്ചുത്രേസ്യ ചെറിയ കാര്യങ്ങളുടെ മദ്ധ്യസ്ഥയാണെന്ന് കേട്ടിട്ടുണ്ട്. കൊച്ചുകൊച്ചു കാര്യങ്ങൾ വലിയ വലിയ കാര്യങ്ങളായി, ദൈവത്തിന് സമർപ്പിക്കുന്ന വലിയ മനസ്സുള്ള ഒരു വിശുദ്ധയാണ് കൊച്ചുത്രേസ്യാപുണ്യവതി. ചെറിയ ചെറിയ ത്യാഗങ്ങൾ ചെയ്ത് ജീവിതത്തെ വലിയ സ്ഥിതിയിലാക്കുന്ന ദൈവത്തിന്റെ കരങ്ങൾ ആ വിശുദ്ധയിൽ ദർശിക്കാം. 'നവമാലിക' എന്ന തന്റെ ആത്മകഥയിലൂടെ വിശുദ്ധ തന്റെ ജീവിത വഴികൾ വെളിപ്പെടുത്തിത്തരുന്നു. ചെറിയ ചെറിയ ത്യാഗങ്ങൾ നഷ്ടപ്പെടുത്തിക്കളയുന്നതിനെ ഓർത്താണ് വിശുദ്ധ വിലപിക്കുന്നത്. കൊച്ചുത്രേസ്യാപുണ്യവതിയും ഡൺസ്റ്റണച്ചനും എപ്പോഴും പറയുന്ന ഒരു സത്യവും ഇതാണ്. ചെറിയ പുണ്യങ്ങൾ അഭ്യസിക്കുവാനാണ് ഞങ്ങൾ ഉദ്യമിച്ചത്. 'ചെറുതേ മനോഹരം' എന്നൊക്കെ കവികളും പാടിയിട്ടുണ്ട്.

## സ്വയാവലോകനം

- ജീവിതത്തിൽ ചെറിയ ചെറിയ  കാര്യങ്ങൾക്ക് ഞാൻ വില കൊടുക്കാറുണ്ടോ?
- മറ്റുള്ളവർ അറിയാതിരിക്കണമെന്നും ദൈവത്തിനുവേണ്ടി സമർപ്പിക്കുന്നവ ഇരുചെവിയുമറിയാതിരിക്കാനും ഞാൻ പരിശ്രമിച്ചിട്ടുണ്ടോ?

# വചസ്സ്

## 50

"ആത്മാക്കൾക്കുവേണ്ടി
നിയുക്തമായിരിക്കുന്ന 'ഉപ്പു'
സംരക്ഷിക്കുക എന്ന ലക്ഷ്യം
സ്വീകരിക്കുന്ന ദൈവവിളി
എത്രയോ മനോഹരം.
നമ്മുടെ പ്രാർത്ഥനകളുടേയും
ത്യാഗങ്ങളുടേയുമെല്ലാം ഏകലക്ഷ്യം
പ്രേഷിതരുടെ പ്രേഷിതയാവുക
എന്നതാണല്ലോ.
അവർ തങ്ങളുടെ വചനങ്ങളാലും
വിശിഷ്യാ മാതൃകകളാലും
ആത്മാക്കൾക്കു
സുവിശേഷമറിയിക്കുമ്പോൾ
നാം അവർക്കുവേണ്ടി
പ്രാർത്ഥിക്കുന്നു."

## വ്യാഖ്യാനം

ഉറ കെട്ടുപോകാതെ ഉപ്പിനെ സംരക്ഷിക്കുവാൻ യേശു നാഥൻ പറഞ്ഞതിന്റെ ആശയത്തിൽ നിന്നാണ് വി. കൊച്ചുത്രേസ്യ ആത്മാക്കൾക്കുവേണ്ടി നിയുക്തമായിരിക്കുന്ന ഉപ്പ് സംരക്ഷിക്കണമെന്ന് പറയുന്നത്. കൊച്ചുത്രേസ്യാപുണ്യവതി പ്രേഷിതരുടെ മദ്ധ്യസ്ഥതയാണെന്ന് സഭ അംഗീകരിക്കുന്നു. വളരെ ചെറുപ്പത്തിലേ മുതൽ ആ വിശുദ്ധ പ്രേഷിതരുടെ വചനപ്രഘോഷണത്തിനും ജീവിതത്തിനും വേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിച്ചിരുന്നു. ആ പ്രേഷിതർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ വിശുദ്ധ മഠത്തിൽ ചേരുന്നതിനുമുമ്പേ ആഗ്രഹിച്ചിരുന്നു. കാലഘട്ടത്തിന്റെ വലിയ ആവശ്യമാണ് ഇവിടെ വിശുദ്ധ വെളിപ്പെടുത്തിയിട്ടുള്ളത്. ഏതൊരു ക്രിസ്തുശിഷ്യന്റേയും ഉത്തരവാദിത്വംകൂടിയാണിത്. ഡൺസ്റ്റണച്ചൻ ഉപ്പ് എന്ന സംജ്ഞയ്ക്കു പകരം 'തീക്ഷ്ണത' എന്ന പദമാണ് എപ്പോഴും ഉപയോഗിച്ചിരുന്നത്. എപ്പോഴും തന്റെ ശിഷ്യരെക്കാണുമ്പോൾ അദ്ദേഹം ചോദിയ്ക്കുന്ന ഒരു ചോദ്യമുണ്ട്: "പണ്ടത്തെ തീക്ഷ്ണത ഇന്നും ഉണ്ടല്ലോ, അത് വളർത്തുവാൻ പരിശ്രമിക്കുന്നുണ്ടല്ലോ?"

## സ്വയാവലോകനം

- എന്റെ ജീവിതത്തിൽ യേശു പറഞ്ഞ ഉപ്പിന്റെ ഉറ കെട്ടുപോകാതിരിക്കുവാൻ എന്താണ് ചെയ്യുന്നത്?
- ഒരു പ്രേഷിതനുവേണ്ടി എനിക്ക് എന്തു ചെയ്യുവാൻ കഴിയും?
- ഞാൻ മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കാറുണ്ടോ?

# വചസ്സ്

## 51

"പ്രക്ഷുബ്ധമായ തിരമാലകൾക്കിട
യിലേക്ക് അമരക്കാരനില്ലാതെ
അഴിച്ചുവിടപ്പെട്ട ദുർബലമായ
ചെറുതോണി പോലെയായിരുന്നു
എന്റെ ആത്മാവ്... യേശു അതിനുള്ളിൽ
ഉറങ്ങിക്കിടപ്പുണ്ടെന്ന് എനിക്കറിയാ
മായിരുന്നു. പക്ഷെ കൂരിരുട്ടു നിമിത്തം
അവിടുത്തെ കാണാൻ എനിക്കു
കഴിഞ്ഞില്ല. കാർമേഘങ്ങളെ ഭേദിക്കുന്ന
ഒരു മിന്നൽപ്പിണരുപോലും
കാണാനില്ലായിരുന്നു. സാക്ഷാൽ
വിദ്യുത്‌ലതികയേക്കാൾ വളരെ മങ്ങിയ
വെളിച്ചം മാത്രമേ അതിനുള്ളൂവെങ്കിലും
കൊടുങ്കാറ്റു നേരേ പൊട്ടിപ്പുറപ്പെട്ടിരു
ന്നെങ്കിൽ നിമിഷനേരത്തേക്ക് യേശുവിനെ
എനിക്കൊന്നു കാണാമായിരുന്നു.
അതായിരുന്നു രാത്രി - ആത്മാവിന്റെ
ഇരുണ്ട രാത്രി. പൂങ്കാവനത്തിൽ
മരണവേദനയനുഭവിച്ച യേശുവെന്നോണം
ഞാനും ഏകാകിനിയായിത്തീർന്നെന്ന്
എനിക്കു തോന്നി."

## വ്യാഖ്യാനം

ഏതൊരു മനുഷ്യന്റേയും ഇരുണ്ട രാത്രികളുടെ അടയാളങ്ങളും അവസ്ഥകളുമാണ് വി. കൊച്ചുത്രേസ്യായിലൂടെ നാം കാണുന്നത്. ഏതൊരു മനുഷ്യന്റെയും അവസ്ഥ ഇതുതന്നെയാണ്. ഇവിടെ ഈ ഇരുണ്ട രാത്രിയിൽ നമ്മൾ വിജയിച്ചാൽ അത് നമ്മുടെ തന്നെ ജീവിത വിജയമാണ്. യേശുവിന്റെ ജീവിതത്തിലാണ് ഏറ്റവും ഭയാനകവും അവർണ്ണനീയവുമായ ഈ 'ഇരുണ്ട രാത്രിയനുഭവം' ഏറ്റവും വേദനാജനകവും ക്രൂരവുമായിത്തീർന്നത്. ഡൺസ്റ്റണച്ചൻ പലപ്പോഴും തന്റെ ശിഷ്യന്മാരോട് ഈ ആദ്ധ്യാത്മികതയുടെ 'ഇരുണ്ട രാത്രി'യെക്കുറിച്ച് സംസാരിക്കാറുണ്ട്. ആദ്ധ്യാത്മികജീവിതത്തിലും ഇരുണ്ട രാത്രികൾ ഉണ്ടാകാറുണ്ട്. ആ ഇരുണ്ട രാത്രികളിൽ ഈശോയെ കൈവിടാതെ കെട്ടിപ്പിടിച്ചിരിക്കണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിക്കാറുണ്ടായിരുന്നു.

## സ്വയാവലോകനം

- എന്റെ ജീവിതത്തിൽ ഇരുണ്ട രാത്രികൾ അനുഭവപ്പെട്ടിട്ടുണ്ടോ?
- അവിടെ ഞാൻ തളർന്നുവീണോ അതോ ഉയിർത്തെഴുന്നേറ്റോ?
- യേശുവിന്റെ ജീവിതം എനിക്ക് പ്രചോദനമേകിയോ?

# വചസ്സ്

52

പ്രൻസീനിയെന്ന
കൊടുംഘാതകന്റെ മാനസാന്തരത്തിനായി
വി. കൊച്ചുത്രേസ്യ എന്നും
പ്രാർത്ഥിച്ചിരുന്നു.
അവസാനം അയാൾ തൂക്കുമരത്തിന്റെ
തട്ടിലേക്ക് കയറി, മാരകകുരുക്കിലേയ്ക്ക്
തല കടത്തുവാൻ തുടങ്ങുകയായിരുന്നു.
പെട്ടെന്നുണ്ടായ ഒരു
നിവേശനത്തിനു വിധേയമായി,
ഉടൻതന്നെ പുറകോട്ടു തിരിഞ്ഞ്
വൈദികൻ നീട്ടിക്കൊടുത്ത
കുരിശുരൂപം പിടിച്ച് തിരുമുറിവുകളെ
മൂന്നു പ്രാവശ്യം ചുംബിച്ചു.
അനന്തരം അയാളുടെ ആത്മാവ്
ദൈവപുത്രന്റെ കരുണാവിധി
സ്വീകരിക്കുവാൻ യാത്രയായി.

## വ്യാഖ്യാനം

ദൈവവിളി സ്വീകരിക്കുന്നതിന് മുൻപേ തന്നെ കൊച്ചുത്രേസ്യാപുണ്യവതിക്ക് ആത്മാക്കളെക്കുറിച്ചുള്ള ഒരു ദാഹം യേശുനാഥൻ കൊടുത്തിരുന്നു. ആ ദാഹത്തിന് ഒരു ശമനമെന്നവണ്ണം പ്രൻസീനിയെന്ന കൊടുംഘാതകന്റെ മാനസാന്തരം ദൈവം കൊച്ചുത്രേസ്യക്ക് കാണിച്ചുകൊടുത്തു. തന്റെ ജീവിതംകൊണ്ട് മറ്റൊരുവന് ജീവിതവിജയം നേടണമെന്നാഗ്രഹിച്ച ഒരു ചെറിയ പെൺകുട്ടിയുടെ മനസ്സാണ് നാം ആത്മകഥയിലൂടെ കാണുന്നത്. കന്യകാമഠത്തിൽ പ്രവേശിച്ചതിനുശേഷവും തന്റെ ഈ ആഗ്രഹം വിശുദ്ധ ജീവിതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യമായി കണക്കാക്കി. അനേകം ആത്മാക്കൾക്കു വേണ്ടി പ്രാർത്ഥിക്കുകയും പ്രായശ്ചിത്തം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഡൺസ്റ്റണച്ചന്റെ ജീവിതം പരിശോധിച്ചു കഴിഞ്ഞാൽ അദ്ദേഹം അനുനിമിഷം 'ദൈവവിചാരത്തിൽ' ജീവിക്കുന്നവനായിരുന്നു. തന്റെ അനുദിനപ്രവൃത്തികളെയെല്ലാം ദൈവത്തിനും ദൈവത്തിനുവേണ്ടി പ്രവർത്തിക്കുന്നവരുടെ ഉന്നമനത്തിനുംവേണ്ടി സമർപ്പിച്ചിരുന്നു.

## സ്വയാവലോകനം

- എന്റെ ജീവിതത്തിൽ മറ്റ് മനുഷ്യാത്മാക്കളെ ഓർമ്മിക്കുവാനോ, അവർക്കുവേണ്ടി പ്രായശ്ചിത്തങ്ങൾ ചെയ്യുവാനോ ഞാൻ മുതിരാറുണ്ടോ?
- ആത്മാക്കളുടെ രക്ഷ എന്റെ ജീവിതത്തിന്റെ ഒരു ഭാഗമാണോ?

# വചസ്സ്

## 53

"അശുദ്ധഹൃദയങ്ങളിലാണ്
വാസ്തവത്തിൽ തിന്മയുള്ളത്.
അല്ലാതെ അചേതനവസ്തുക്കളിലല്ല.
ശുദ്ധിയുള്ളവർക്കു
സമസ്തവും ശുദ്ധമാകുന്നു.
എന്നും സരളവും ഋജുവുമായ
ഒരാത്മാവ് യാതൊന്നിലും
തിന്മ കാണുകയില്ലെന്നും
അനുഭവം കൊണ്ട് ഞാൻ
മനസ്സിലാക്കി."

## വ്യാഖ്യാനം

ലോകത്തെ നാം നോക്കിക്കാണുന്ന കണ്ണുകൾ എങ്ങനെയെന്ന് പരിശോധിക്കേണ്ടതാണ്. തിന്മ നിറഞ്ഞ ഹൃദയത്തിൽ നിന്നും തിന്മയായിരിക്കും പുറപ്പെടുക. നന്മയുള്ള ഹൃദയത്തിൽനിന്നും നന്മയും. പരിശുദ്ധവും നിർമ്മലവുമായ ഒരു ഹൃദയം നാം ഒരുക്കേണ്ടിയിരിക്കുന്നു. എവിടെയാണ് തിന്മ - അചേതനവസ്തുക്കളിലല്ല, അത് സചേതനവസ്തുക്കളിലാണ്. നമ്മുടെ ഹൃദയവും മനസ്സും സരളവും ഋജുവുമായ ഒരാത്മാവിനെ സൃഷ്ടിച്ചാൽ നമുക്ക് ഒരിക്കലും ആകുലപ്പെടേണ്ടതില്ല. പച്ച കണ്ണടയിലൂടെ നോക്കിയാൽ പച്ചയായും മഞ്ഞ കണ്ണടയിലൂടെ നോക്കിയാൽ മഞ്ഞയായും കാണാൻ സാധിക്കും. പക്ഷെ നോക്കുന്നവന്റെ മനസ്സ് ശുദ്ധമാണെങ്കിൽ വെണ്മയുള്ളതാണെങ്കിൽ എല്ലാം വെണ്മയുള്ളതായിരിക്കും. ഡൺസ്റ്റണച്ചന്റെ ജീവിതംതന്നെ യേശുവിന്റേതായിരുന്നു. ആയതിനാൽ ആ കണ്ണുകൾ സത്യത്തിലും നീതിയിലും കാരുണ്യത്തിലും തിളങ്ങിനിന്നിരുന്നു. ആ കണ്ണുകളിലൂടെയാണ് അദ്ദേഹം ലോകത്തെ മുഴുവനും നോക്കിക്കണ്ടിരുന്നത്. സത്യവും നീതിയും ഈ ലോകത്തിലും തന്റേയും മറ്റെല്ലാവരുടേയും ജീവിതത്തിലും തിളങ്ങി നിൽക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചതും അതുകൊണ്ടാണ്.

## സ്വയാവലോകനം

- എന്റെ ചിന്തകളിലും മനോഭാവങ്ങളിലും എന്താണ് മുന്നിട്ട് നിൽക്കുന്നത്?
- നന്മയെ നന്മയായി കാണുവാൻ സാധിക്കുന്നുണ്ടോ?
- എവിടെയാണ് എന്റെ ഹൃദയനിർമ്മലതയും നിഷ്കളങ്കതയും?

# വചസ്സ്
## 54

"പാപികളുടെ
മാനസാന്തരത്തിനുവേണ്ടി
അദ്ധ്വാനിക്കുന്നതിന് തീക്ഷ്ണമായ
ഒരാഗ്രഹം എനിക്കനുഭവപ്പെട്ടു.
അങ്ങനെയൊരഭിനിവേശം
അത്ര തീവ്രമായി മുമ്പെങ്ങും
എനിക്കു തോന്നിയിട്ടില്ല.
ചുരുക്കത്തിൽ, സ്നേഹം എന്നിൽ
പ്രവേശിച്ചു എന്നുപറയാം.
മറ്റുള്ളവരുടെ സുഖത്തിനുവേണ്ടി
തന്നെത്താൻ വിസ്മരിക്കേണ്ടതിന്റെ
ആവശ്യവും എനിക്കു ബോദ്ധ്യമായി.
അന്നുമുതൽ സന്തുഷ്ടി
എന്നിൽ നിറഞ്ഞു."

# വ്യാഖ്യാനം

സ്നേഹം എന്നിൽ പ്രവേശിച്ചു. മറ്റുള്ളവരുടെ സുഖത്തിനുവേണ്ടി സ്വയം വിസ്മരിച്ചു. ഡൺസ്റ്റണച്ചന്റേയും വി. കൊച്ചുത്രേസ്യായുടെയും ജീവിതം ഇതായിരുന്നു.

പാപികളുടെ മാനസാന്തരത്തിനുവേണ്ടി സ്വയം അദ്ധ്വാനിക്കുക. അതും ഒരഭിനിവേശമായിത്തീരുകയെന്നൊക്കെ പറയുന്നതിന്റെ ആന്തരികാർത്ഥങ്ങൾ വലിയതാണ്. മറ്റുള്ളവരുടെ സുഖത്തിനുവേണ്ടി, സ്വയം വിസ്മരിക്കപ്പെടുകയെന്നു പറയുന്നതും വളരെ വിചിത്രമാണ്. വി. കൊച്ചുത്രേസ്യ ഇത് ആഗ്രഹിക്കുന്നതും പ്രവർത്തിക്കുന്നതും ആ പുണ്യവതിയുടെ ചെറുപ്പകാലത്താണ് എന്നുള്ളതാണ് ഇതിന്റെ മറ്റൊരു വിശേഷത. ഈ ചെറുപ്രായത്തിൽ ഒരു അസാധാരണ ചിന്തയുമായി വി. കൊച്ചുത്രേസ്യ വളർന്നുവന്നു. വി. കൊച്ചുത്രേസ്യാക്ക് അതൊരു അഭിനിവേശമായിത്തീർന്നു. ഒരുപക്ഷെ പ്രേഷിതപ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥയായി വിശുദ്ധയെ തിരഞ്ഞെടുക്കുവാനുള്ള കാരണവും ഇതു തന്നെയാകാം. ഒരു ചെറിയ മഠത്തിലെ ചെറിയ മുറിയിലിരുന്ന് ലോകം മുഴുവനും കീഴടക്കിയ വിശുദ്ധയാണ് വി. കൊച്ചുത്രേസ്യ. ഇത് ഏവർക്കും ഒരു മാതൃകയാണ്. മറ്റുള്ളവർക്കുവേണ്ടി ജീവിച്ച്, സഹിച്ച്, മരിച്ചുപോയ ഒരു കൊച്ചു മാലാഖയുടെ മുൻപിൽ ഈ ലോകം വിസ്മയത്തോടെയിരിക്കുന്നു.

# സ്വയാവലോകനം

- എന്റെ ജീവിതത്തിൽ ഞാൻ ചെയ്യുന്ന നന്മകൾ ആർക്കെങ്കിലും വേണ്ടി, എന്തെങ്കിലും ലക്ഷ്യത്തിനു വേണ്ടി ചെയ്യാറുണ്ടോ?
- ഞാൻ എനിയ്ക്കുവേണ്ടിയാണോ ജീവിക്കുന്നത്?
- എന്റെ 'സ്നേഹ'ത്തെക്കുറിച്ചുള്ള തത്വശാസ്ത്രം എന്താണ്?

# വചസ്സ്

## 55

“കടുത്ത പാപികളെ
നിത്യാഗ്നിയിൽനിന്ന് രക്ഷിക്കാനുള്ള
ആഗ്രഹമാണ് എന്നിൽ
എരിഞ്ഞുകൊണ്ടിരുന്നത്.
പാപികൾക്കുവേണ്ടി
തുടർന്നു പ്രാർത്ഥിക്കുന്നതിൽ
കൂടുതൽ പ്രോത്സാഹനം
സിദ്ധിക്കുന്നതിനായി നല്ല ദൈവത്തോട്
ഞാൻ പറഞ്ഞു.”

## വ്യാഖ്യാനം

എല്ലാ മനുഷ്യരും രക്ഷപ്പെടണമെന്ന് ആഗ്രഹിക്കുന്ന വ്യക്തിത്വമായിരുന്നു വി. കൊച്ചുത്രേസ്യായുടേത്. പാപികളെ ദൈവത്തിന്റെ കരങ്ങളിലേയ്ക്ക് തിരിച്ചേൽപ്പിക്കുന്ന കൊച്ചുത്രേസ്യായുടെ ആഗ്രഹവും പരിശ്രമവും ഇവിടെ വ്യക്തമാകുന്നു. എന്നിൽനിന്നും മാറി, അപരനിലേക്ക് തന്റെ ശ്രദ്ധ ചെലുത്തുകയും അപരന്റെ രക്ഷയ്ക്കുവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്ന പരിപാവനമായ പ്രവൃത്തിയാണ് ഈ വിശുദ്ധയിലും ഡൺസ്റ്റണച്ചനിലും നിഴലിച്ചുകാണുന്നത്. മനുഷ്യമനസ്സിൽ എരിയുന്ന നിത്യാഗ്നിയിൽ കിടന്ന് മനുഷ്യർ വേദനിക്കുമ്പോൾ, അതിൽനിന്നും രക്ഷപ്പെടുത്തുവാനുള്ള ഒരു മാർഗ്ഗം പ്രാർത്ഥനയാണെന്ന് വി. കൊച്ചുത്രേസ്യ തന്റെ ജീവിതത്തിലൂടെ മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുന്നു. വിശുദ്ധയുടെ ഏതൊരു പ്രവൃത്തിയും വിലയുള്ളതായിത്തീരുന്നതായി ആ വിശുദ്ധയുടെ ജീവിതത്തിൽനിന്നും നമുക്ക് മനസ്സിലാക്കാം.

## സ്വയാവലോകനം

- ഞാൻ ചെയ്യുന്ന എല്ലാ പ്രവൃത്തികളും വൃഥാവിലാവാതെ ഉപയുക്തമാക്കുവാൻ എനിക്ക് കഴിയുന്നുണ്ടോ?
- എനിക്ക് എന്റെ സഹപൗരന്മാരെ രക്ഷിയ്ക്കണമെന്ന് തോന്നാറുണ്ടോ?
- എന്റെ പ്രവൃത്തികളുടെ അടിസ്ഥാന ലക്ഷ്യങ്ങൾ എന്തൊക്കെയാണ്?

# വചസ്സ്

## 56

നമ്മുടെ ദിവ്യമണവാളന്റെ
തിരുമുഖത്തിൽ ഒളിഞ്ഞുകിടക്കുന്ന
സ്നേഹത്തിന്റെ രഹസ്യങ്ങളിലേക്ക്
ആദ്യമായി അവഗാഢം പ്രവേശിച്ചു.
ഞാൻ മനസ്സിലാക്കി... സാക്ഷാത്തായ മഹിമ
എന്താണെന്ന് എനിക്കു ബോധ്യമായി.
“ഇഹത്തിൽ രാജ്യമില്ലാത്തവൻ”
(യോഹ. 18:36) എനിക്കു കാണിച്ചു തന്നു.
സാക്ഷാൽ ജ്ഞാനം അടങ്ങിയിരിക്കുന്നത്
“അറിയപ്പെടാതിരിക്കുവാനും ഒന്നും
കൊള്ളുകയില്ലാത്തതായി അവഗണിക്കപ്പെടു
വാനും ആഗ്രഹിക്കുന്നതിലും -
തന്നെത്താനുള്ള അവമതിപ്പിൽ
ആനന്ദം കണ്ടെത്തുന്നതിലും ആണെന്ന്
(ക്രിസ്ത. I 2: 3, III 49: 7).
ഹാ! ലോകത്തിൽ ആർക്കും
തിരിച്ചറിയാൻ കഴിയാത്തവിധം,
യേശുവിന്റെ തിരുമുഖംപോലെ,
എന്റെ മുഖവും തീർത്തും ഒളിവിലായിരിക്കു
വാൻ ഞാൻ ആഗ്രഹിച്ചു (ഐസ. 53:3).
സഹിക്കുന്നതിനും വിസ്മരിക്കപ്പെടുന്ന
തിനും ഞാൻ അഭിവാഞ്ചിച്ചു.

# വ്യാഖ്യാനം

ഇഹത്തിൽ രാജ്യമില്ലാത്തവൻ ആണ് ക്രിസ്തുവെന്നത് കുരിശിലുള്ള കിടപ്പിൽനിന്നും വിശുദ്ധയ്ക്ക് വളരെ വ്യക്തമായി. ആ 'ഒന്നുമില്ലായ്മ'യുടെ രഹസ്യം വളരെ ചെറുപ്പത്തിലെ കൊച്ചുത്രേസ്യ മനസ്സിലാക്കി. എല്ലാവരാലും നിന്ദിക്കപ്പെട്ട യേശുവിന്റെ കുരിശിൽ കിടക്കുന്ന ആ ചിത്രം വി. കൊച്ചുത്രേസ്യായെ വളരെക്കാര്യങ്ങൾ പഠിപ്പിച്ചു. ശരിയായ ജ്ഞാനം അടങ്ങിയിരിക്കുന്നത് ശൂന്യവൽക്കരണത്തിലൂടെയാണെന്ന് വിശുദ്ധ വളരെ ചെറുപ്പത്തിലേ മനസ്സിലാക്കി. വിരൂപനായി കുരിശിൽ മൂന്നാണികളിൽ അവഗണിക്കപ്പെട്ടവനായി അവശനായിക്കിടക്കുന്നതിൽനിന്നും, സ്വന്തം ജീവിതത്തിന്റെ നശ്വരതയും യേശുവിനേപ്പോലെയാകണമെന്നാഗ്രഹവും ആ വിശുദ്ധയിൽ ഉയിർക്കൊണ്ടു. ജീവിതത്തിൽ സിംഹാസനങ്ങളും പ്രശസ്തിയും പ്രൗഢിയും പിടിച്ചെടുക്കുവാൻ ആഗ്രഹിക്കുന്ന മനുഷ്യകുലത്തെ ഇരുത്തിചിന്തിപ്പിക്കുന്നതാണ് ഈ കൊച്ചു വിശുദ്ധയുടെ ചിന്താധാരകൾ.

മനസ്സുകൊണ്ട് ദൈവത്തിന്റെ ഇഷ്ടമുള്ള ഒരു രൂപം വരയ്ക്കുക. ആ ചിത്രത്തിൽ നോക്കി മണിക്കൂറുകൾ പലവിചാരം കൂടാതെ പ്രാർത്ഥിക്കുവാൻ കഴിയും. പ്രാർത്ഥന കഴിയുമ്പോൾ മനസ്സുകൊണ്ടു വരച്ച ചിത്രം കടലാസിൽ പകർത്തുവാൻ സാധ്യമാണ്. സക്രാരിയിൽ വിരൽ ചൂണ്ടി, ആ ചൂണ്ടുന്നത് ഏറ്റവും ശക്തിയുള്ളത്, വി. ഗ്രന്ഥം ചൂണ്ടിക്കാണിച്ചിട്ട് അത് 'രണ്ടാമത്തേത്', അവസാനം കുരിശുരൂപത്തിലേയ്ക്ക് നോക്കി അത് മൂന്നാ

മത് എന്നു ഡൺസ്റ്റണച്ചൻ പറയുമായിരുന്നു. അറിയപ്പെടാതിരിക്കുവാനും അവമതിയ്ക്കപ്പെടാനും ഡൺസ്റ്റണച്ചൻ ആഗ്രഹിച്ചിരുന്നു. സഹിക്കുന്നതിനും വിസ്മരിക്കപ്പെടുന്നതിനും അദ്ദേഹം ആഗ്രഹിച്ചിരുന്നു. അദ്ദേഹത്തിന്റെ ശാരീരിക രൂപത്തെ അദ്ദേഹം ഒരിക്കലും ഒരു കുറവായി കണ്ടില്ല. മറ്റുള്ളവരുടെ മുൻപാകെ തന്നെത്തന്നെ ശൂന്യവത്ക്കരിക്കാൻ ഇതെല്ലാം അദ്ദേഹം ഉപകാരപ്പെടുത്തി.

## സ്വയാവലോകനം

- എന്റെ ജീവിതരക്തത്തിൽ എന്നും ഓടിക്കൊണ്ടിരിക്കുന്ന വലിയ നശ്വരമായ ചിന്തകൾക്ക് ഒരു വിരാമമിടുവാൻ ഈ വിശുദ്ധയ്ക്ക് കഴിയുമോ?
- എവിടെയാണ് യഥാർത്ഥ സമാധാനവും സന്തോഷവും വിജയവുമെന്ന് എനിക്ക് കണ്ടെത്തുവാൻ കഴിയുന്നുണ്ടോ?
- കുരിശിൽ തൂങ്ങിക്കിടക്കുന്ന ക്രിസ്തുവിന്റെ ജീവിത സന്ദേശം ഇനിയും എനിക്ക് കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ടോ?
- ജീവിതത്തിൽ അവഹേളനങ്ങളും അപമാനങ്ങളുമുണ്ടാകുമ്പോൾ എന്റെ മനോഭാവം എന്താണ്?
- യേശുവിന്റെ കുരിശുരൂപം എന്നോട് എന്താണ് സംസാരിക്കുന്നത്?

# വചസ്സ്

57

"അപ്പച്ചൻ
ദൈവത്തിന് ഒരു ബലിപീഠം
സമർപ്പിക്കുകയുണ്ടായല്ലോ.
അതിന്മേൽ, കറയറ്റ കുഞ്ഞാടിനോടൊപ്പം
ബലിയർപ്പിക്കുവാൻവേണ്ടി
തെരഞ്ഞെടുത്ത യാഗവസ്തു
അദ്ദേഹം തന്നെയായിരുന്നു."

# വ്യാഖ്യാനം

വളരെ ചെറുപ്പത്തിലേ അമ്മ നഷ്ടപ്പെട്ട ഒരു കൊച്ചു പെൺകുട്ടിയുടെ ഹൃദയാന്തരാളങ്ങളിലൂടെ നമുക്കും കട ന്നുചെല്ലാം. സ്വന്തം ജീവിതാനുഭവങ്ങളെ ബലിപീഠങ്ങ ളും, ബലിവസ്തുവുമാക്കിത്തീർക്കാൻ കൊച്ചുത്രേസ്യ ക്കായി. സ്വന്തം അപ്പച്ചൻ അനുഭവിച്ച വ്യഥകൾ എന്തെ ല്ലാമാണെന്ന് വി. കൊച്ചുത്രേസ്യക്ക് യഥാർത്ഥമായ ഒരു കണക്കുണ്ടായിരുന്നു. ആയതിനാലാണ് സ്വന്തം അപ്പ ച്ചനെ ബലിവസ്തുവും ബലിപീഠവുമാക്കിത്തീർത്തത്.

വി. കൊച്ചുത്രേസ്യ ധൈര്യത്തോടുകൂടി ജീവിതം മുന്നോട്ടു നയിച്ചതിന്റെ ആവേശം തന്റെ പിതാവു തന്നെ യാണ്. സ്വന്തം അപ്പച്ചനോട് ദൈവവിളിയെക്കുറിച്ച് തുറ ന്നുപറയുവാൻ പോയപ്പോഴാണ്, അപ്പച്ചന് സ്വന്തം മോളോ ടുള്ള സ്നേഹവും ദൈവത്തിന്റെ ഉദ്ദേശവും ഒക്കെ ആ കുഞ്ഞുമാലാഖയ്ക്ക് മനസ്സിലായത്.

'അപ്പൻ മരിക്കുന്നതിനുമുൻപ് കടങ്ങൾ എല്ലാം വീട്ട ണമെ' എന്ന് ഡൺസ്റ്റണച്ചൻ പ്രാർത്ഥിച്ചിരുന്നു. 'ഉത്തരി പ്പുകടത്താൽ അപ്പൻ ശുദ്ധീകരണസ്ഥലത്ത് വേദനയനു ഭവിക്കാൻ ഇടവരുത്തരുതേ' എന്ന് അദ്ദേഹം പ്രാർത്ഥി ച്ചിരുന്നു. ദരിദ്രമായിരുന്ന തന്റെ കൊച്ചുനാളുകളിൽ സ്വന്തം അപ്പൻ കടങ്ങൾകൊണ്ട് പൊറുതി മുട്ടി. ചില പ്പോൾ ഒളിച്ചോടിപ്പോകുന്നതിനും ഇടയായ സന്ദർഭങ്ങൾ ഡൺസ്റ്റണച്ചൻ എന്നും ഓർക്കുകയും പ്രാർത്ഥിക്കു കയും ചെയ്തിരുന്നു. തങ്ങളുടെ പറമ്പിൽ പാർക്കുന്നവ രുടെ ഭൂമി അവർക്ക് സ്വന്തമാണ് - പക്ഷെ, തങ്ങൾക്കു

ള്ളത് ഞങ്ങളുടെ കടക്കാരുടേതാണ്. ചുരുക്കത്തിൽ ഡൺസ്റ്റണച്ചന്റെ പിതാവിന്റെ ദാരിദ്ര്യത്തിന്റെ ജീവിതം ദർശിച്ചാൽ തീർത്തും അദ്ദേഹത്തിനും പറയുവാൻ സാധിക്കും ബലിപീഠവും ബലിവസ്തുവും എന്റെ പിതാവാണെന്ന്.

## സ്വയാവലോകനം

- നമ്മുടെ ഭവനങ്ങളിൽ ഈ യാഗപീഠവും യാഗവസ്തുക്കളുമുണ്ടെന്ന് നാം ഈ വിശുദ്ധയിലൂടെ മനസ്സിലാക്കുന്നു. ഏത് വിളിയിലും ഇത്തരം അർപ്പണങ്ങളുണ്ടെന്ന് മനസ്സിലാക്കുമ്പോൾ പരസ്പരം ബഹുമാനിക്കുവാനും വിലമതിയ്ക്കുവാനും നാം പഠിയ്ക്കുന്നു. ബലിപീഠങ്ങളും ബലിവസ്തുക്കളുമാകാൻ നാം തയ്യാറാകേണ്ടവരല്ലേ?
- നമ്മുടെ മാതാപിതാക്കന്മാർ നമുക്കുവേണ്ടി ജീവിച്ചത് നാം സ്മരിക്കാറുണ്ടോ?
- കുടുംബജീവിതത്തിന്റെ, ഈ യാഗത്തിന്റെ, ത്യാഗത്തിന്റെ മുഖം നാം തിരിച്ചറിയാറുണ്ടോ?
- നമ്മുടെ കുടുംബങ്ങൾ യാഗപീഠങ്ങളും, കുടുംബാംഗങ്ങൾ യാഗവസ്തുക്കളുമാകേണ്ടവരാണെന്ന് നാം മനസ്സിലാക്കുന്നുണ്ടോ?



## സമാപനം

'നിങ്ങൾക്ക് സമാധാനം!' സുവിശേഷത്തിലെ ക്രിസ്തുവിന്റെ തുടർച്ചയായ അഭിവാദനവാക്യം ഇതാണ്. ഈ സമാധാനത്തിന്റെ ദൂതൻ ലോകത്തിൽ സ്നേഹത്തിന്റെ വിത്തു വിതക്കുവാൻ കാരണം എന്താണ്? ദൈവസ്നേഹവും പരസ്നേഹവും ജീവിതനിയമങ്ങളുടെ അടിസ്ഥാനമാക്കുവാനും കാരണം ഈ സമാധാനത്തിന്റെ വഴി സ്നേഹത്തിലൂടെ വെട്ടിപടുക്കുവാനായിരുന്നു. ദൈവസ്നേഹം - എല്ലാ പ്രവൃത്തികളും ചിന്തകളും ദൈവത്തോടുള്ള സ്നേഹത്തിലേക്ക് നയിക്കുമ്പോൾ, സന്തോഷവും സമാധാനവും ജീവിതത്തിൽ എന്നും കൈവരും. ഡൺസ്റ്റണച്ചന്റെ ആത്യന്തികമായ ജീവിതദൗത്യവും ഇതു തന്നെയായിരുന്നു. ഇതിനെല്ലാം കൊച്ചുത്രേസ്യാപുണ്യവതിയുടെ ആത്മകഥ 'നവമാലിക' പാരായണവും ധ്യാനവും പഠനവും അദ്ദേഹത്തെ വളരെയേറെ സഹായിച്ചിട്ടുണ്ടെന്ന് ഡൺസ്റ്റണച്ചന്റെ ചരിത്രം പറയുന്നു. എവിടെയൊക്കെയാണ് ഡൺസ്റ്റണച്ചനെ വി. കൊച്ചുത്രേസ്യാ കൂടുതൽ സന്നിവേശിപ്പിച്ചതെന്ന് നമുക്ക് ഇവരുടെ ചരിത്രത്തിൽനിന്നും മനസ്സിലാക്കാവുന്നതാണ്. ഡൺസ്റ്റണച്ചനെ ശരിയായി പഠിച്ചുകഴിഞ്ഞാൽ ഒരു കാര്യം മനസ്സിലാക്കാം, കൊച്ചുത്രേസ്യാപുണ്യവതിയുടെ ആദ്ധ്യാത്മികതയുടെ ഒരു പുതിയ പതിപ്പാണ് ഡൺസ്റ്റണച്ചൻ.

അദ്ദേഹം അനുഭവിച്ച ആത്മീയനിർവൃതി കൊച്ചുത്രേസ്യാപുണ്യവതിയുടേത് തന്നെയായിരുന്നു. അദ്ദേഹത്തിന്റെ ധീരത, കൊച്ചുത്രേസ്യാപുണ്യവതിയുടേതായി

രുന്നു. പ്രേഷിതത്വര കൊച്ചുത്രേസ്യാപുണ്യവതിയുടേതാ യിരുന്നു. അവസാനമായി ഡൺസ്റ്റണച്ചൻ ജീവിതത്തിൽ ഏറ്റെടുത്ത ശുശ്രൂഷ കൊച്ചുത്രേസ്യാപുണ്യവതിയുടെ ചുരുങ്ങിയ കാലഘട്ടത്തിന്റേതായിരുന്നു. ഇവിടെ താര തമ്യങ്ങൾക്കും വിലപേശലുകൾക്കും സ്ഥാനമില്ല. കാല ഘട്ടങ്ങൾക്ക് മാറ്റമുണ്ട്, ജീവിച്ച സാഹചര്യങ്ങൾക്ക് മാറ്റ മുണ്ട്, പ്രദേശങ്ങൾക്കും ജീവിച്ച സമൂഹങ്ങൾക്കും മാറ്റ മുണ്ട്. അതിന്റേതായ പ്രത്യേകതകളും മാറ്റങ്ങളും നമുക്ക് വീക്ഷിക്കാവുന്നതാണ്. ഇവിടെ നാം പഠനത്തിന് വിധേ യമാക്കിയത് രണ്ടുപേരുടേയും ജീവിതസാക്ഷ്യങ്ങളാണ്.

## ഡൺസ്റ്റണച്ചനെക്കുറിച്ചുള്ള ഇതരകൃതികൾ

**സുതാര്യം, സുന്ദരം**, പോളി പയ്യപ്പിള്ളി, 2-ാം പതിപ്പ്, ബെംഗളൂരു, ധർമ്മാരാം പബ്ലിക്കേഷൻസ്, 2020.

**ദീർഘദർശി ഡൺസ്റ്റണച്ചൻ**, ഡബ്ല്യൂ.ജെ. തറയിൽ, ബെംഗളൂരു, ധർമ്മാരാം പബ്ലിക്കേഷൻസ്, 2020.

**ഉള്ളഴക്: ഡൺസ്റ്റണച്ചനെക്കുറിച്ചുള്ള ഓർമ്മക്കുറിപ്പുകൾ,** എഡിറ്റേഴ്സ്: പോൾ തെക്കിനിയത്ത് & ജോൺസൻ വലിയകുളത്തിൽ, ബെംഗളൂരു, ധർമ്മാരാം പബ്ലിക്കേഷൻസ്, 2020.

**ഡൺസ്റ്റണച്ചനെക്കുറിച്ച്,** ജോർജ്ജ് നെരേപറമ്പിൽ, ബെംഗളൂരു, ധർമ്മാരാം പബ്ലിക്കേഷൻസ്, 2020.

**മറൈഞ്ജാനി** (തമിഴ്), കെ. എം. ചാക്കോ, ബെംഗളൂരു, ധർമ്മാരാം പബ്ലിക്കേഷൻസ്, 2020.

**Truth Blossoms in Love** (English Translation of **സുതാര്യം സുന്ദരം**), Translation: Francis Xavier Vellanikaran, Bangaluru, Dharmaram Publications, 2021.

**സത്യവഴിയിലെ നിത്യസഞ്ചാരി,** റാഫി നീലങ്കാവിൽ & സന്തോഷ് വെളിയന്നൂർ, ബെംഗളൂരു, ധർമ്മാരാം പബ്ലിക്കേഷൻസ്, 2022.

ഡൺസ്റ്റൻ ഒലക്കേങ്കലച്ചനെക്കുറിച്ച്
**കൂടുതൽ വിവരങ്ങൾ അറിയാൻ**:

പ്രേഷിത പ്രൊവിൻഷ്യൽ ഹൗസ്
ലിറ്റിൽ ഫ്ളവർ മിഷൻ സെന്റർ
ഭാരതിയാർ യൂണിവേഴ്സിറ്റി പി.ഒ.
കോയമ്പത്തൂർ 641 046, തമിഴ്നാട്
ഫോൺ: +91 63809 90713
www.dunston.in